VOL NO: 06 I ISSUE 08
www.nerpatham.com
mail@nerpatham.com
2022 FEBRUARY 19 I ₹10

# നേർപഥം

വാരിക



## സാഹസികതയുടെ ഇസ്‌ലാമികമാനങ്ങൾ

മനുഷ്യജീവിതത്തിന്റെ സർവതലങ്ങളെയും സ്പർശിക്കുന്ന നിയമങ്ങളാണ് ഇസ്‌ലാമിന്റേത് എന്നവകാശപ്പെടുമ്പോഴും ട്രാൻസ്ജെൻഡേഴ്സിനെ കുറിച്ച് എന്തുകൊണ്ട് മൗനം ഭജിക്കുന്നു എന്ന് വിമർശിക്കുന്നവരുണ്ട്. ഇസ്‌ലാം മൂന്നാം ലിംഗത്തെ കുറിച്ച് പറയുന്നുണ്ടോ, ഉണ്ടെങ്കിൽ എന്തെല്ലാമാണ് അവർക്കുള്ള വിധിവിലക്കുകൾ?

# ട്രാൻസ്ജെൻഡർ: ഇസ്‌ലാമിന് മൗനമോ?

|| ദയാവധം അനുവദിക്കാനാകുമോ?

|| 'ലിംഗസമത്വ'ത്തിലൂടെ ഒളിച്ചുകടത്തുന്നത്?

|| വർഗീയത; അധികാരത്തിലേക്കുള്ള കുറുക്കുവഴി




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

0265

നേർപഥം
വാരിക

2022 ഫെബ്രുവരി 19
1442 റജബ് 18
പുസ്തകം 06 / ലക്കം 08






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി
10
ട്രാൻസ്ജെൻഡർ:
ഇസ്‌ലാമിന് മൗനമോ?
സബീന സുനിൽ

05
മുഖമൊഴി
വർഗീയത; അധികാരത്തി
ലേക്കുള്ള കുറുക്കുവഴി

06
ലേഖനം
'ലിംഗസമത്വ'ത്തിലൂടെ
ഒളിച്ചുകടത്തുന്നത്?
ടി.കെ. അശ്റഫ്

18
ലേഖനം
ദയാവധം
അനുവദിക്കാനാകുമോ?
ഡോ.ടി.കെ.യൂസുഫ്

21
ആരോഗ്യപഥം
ഫാറ്റി ലിവർ
ഡോ.യാസ്മിൻ എം. അബ്ബാസ്

22
മധുരം ജീവിതം
കഴിഞ്ഞതോർത്ത്
ദുഃഖിച്ചിരിക്കരുത്
ഡോ.സി.മുഹമ്മദ്റാഫി,ചെമ്പ്ര

23
ക്വുർആൻ ദർശനം
അൽഹുജറാത്ത്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

26
ചരിത്രപഥം
ഹുനയ്നിലെ
ആദ്യഘട്ട
പരാജയ കാരണങ്ങൾ
ഹുസൈൻ സലഫി

31
ലേഖനം
സാഹസികതയുടെ
ഇസ്‌ലാമികമാനങ്ങൾ
സി.ടി. അഹ്മദ് കബീർ
ഒതായി

34
കവിത
അടിമയുടെ സാക്ഷ്യം
ഷാനവാസ് കുലുക്കല്ലൂർ
മിണ്ടരുത്
സുലൈമാൻ പെരുമുക്ക്

# വിദ്യാഭ്യാസ വിപണിയിൽ തോൽക്കുന്നവരും ജയിക്കുന്നവരും

പത്താംതരം വിജയിച്ച മുഴുവൻ വിദ്യാർഥികൾക്കും സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ലീവിങ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ eligible for higher studies എന്ന് എഴുതിയ ഒരു വരി അതിൽ കാണുമല്ലോ. ഈ വിദ്യാർഥികൾക്കെല്ലാം ഉന്നത പഠന സാധ്യത ഉറപ്പുവരുത്തുക കൂടി അധികൃതരുടെ ഉത്തരവാദിത്തമല്ലേ? ഒരു വിദ്യാർഥിക്ക് തുടർന്നുള്ള പഠനത്തിന് യോഗ്യനാണ് എന്ന് രേഖ നൽകുമ്പോൾ അവന്റെ ബൗദ്ധികനിലവാരത്തിന് അനുയോജ്യമായ തുടർപഠനത്തിനുള്ള സാഹചര്യം ഒരുക്കുക എന്നത് അനിവാര്യമാണ്.

ഉയർന്ന മാർക്ക് കരസ്ഥമാക്കി ജയിച്ചവർക്ക് അവരുദ്ദേശിക്കുന്ന സ്ഥാപനത്തിൽ അവരുദ്ദേശിക്കുന്ന കോഴ്സിനു പ്രവേശനം നൽകുന്ന അവസ്ഥയുണ്ടാകണം. അതോടൊപ്പം, വിജയിച്ചിട്ടും മാർക്കിൽ ചെറിയ കുറവുണ്ടെന്നതിന്റെ പേരിൽ ഇഷ്ടമേഖലയിൽ തുടർപഠനത്തിനുള്ള അവസരം പരിപൂർണമായി നിഷേധിക്കപ്പെടുകയും ചെയ്തുകൂടാ.

സർക്കാർ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാതെ വരുമ്പോൾ സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. അവിടങ്ങളിലെ ഭാരിച്ച ഫീസ് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നു. ഒടുവിൽ ലോണിനായി ബാങ്കിനെ ആശ്രയിക്കേണ്ടിവരുന്നു.

ഡിഗ്രി, പ്രൊഫഷണൽ തലങ്ങളിലെ പഠന കാലത്താണ് നിർധനരായ അധികവിദ്യാർഥികളും ബാങ്കിനെ സമീപിക്കുന്നത്. പഠിക്കാനുള്ള അതിയായ ആഗ്രഹവും ലക്ഷ്യബോധവുമൊക്കെയാണ് ഇത്തരക്കാരെ ഭീമമായ ബാങ്ക് ലോൺ ഇടപാടുകളിലേക്ക് തള്ളുന്നത്. ബാങ്ക് ലോൺ അല്ലാതെ മറ്റൊരു മാർഗം മുൻപിൽ തുറക്കപ്പെടാതിരുന്നാൽ അതോടെ പഠനമെന്ന ഉദാത്ത ലക്ഷ്യത്തിൽനിന്നു പിന്തിരിയുമെന്ന തീരുമാനത്തിലായിരുന്നു പ്രൊഫഷണൽ കോഴ്സിനു സ്വാശ്രയ കോളേജിൽ ചേരുന്നതിനു മുമ്പ് ഞാൻ എന്നത് ഈ അവസരത്തിൽ ഓർക്കുന്നു. 'പണമുള്ളവൻ പഠിക്കട്ടെ, അല്ലാത്തവർ പഠനം അവസാനിപ്പിക്കട്ടെ' എന്ന് പറയാതെ പറയുന്നുണ്ട് നമ്മുടെ നാട്.

മറ്റു രാജ്യങ്ങളിൽ, വിശിഷ്യാ ഗൾഫ് രാജ്യങ്ങളിൽ കിട്ടുന്ന ജോലി എന്താണോ അതിൽ ഏർപ്പെടുന്നവരിൽ നല്ലൊരു ശതമാനവും ബിരുദധാരികളായ മലയാളികളുണ്ടെന്നത് അർഹതപ്പെട്ടവർക്ക് അനുയോജ്യമായ തൊഴിൽ സ്വന്തം നാട് നൽകുന്നില്ല എന്നതിന്റെ തെളിവാണ്.

ഉന്നത പഠനത്തിനുള്ള സർക്കാർ സീറ്റുകൾ ലഭിക്കുന്നവരിൽ ചിലർ അതിന്റെ മൂല്യം അറിയാതെ ദുരുപയോഗം ചെയ്യുന്നതും കാഴ്ചയാണ്. 2 മുതൽ 5.5 വർഷം വരെ പഠിച്ചു പൂർത്തിയാക്കേണ്ട കോഴ്സ് പാതിവഴിയിൽ ഉപേക്ഷിച്ചു പോകുന്നവരുണ്ട്. മറ്റൊരുപാട് പേരുടെ അവസരങ്ങൾ നഷ്ടപ്പെടുത്തുമ്പോൾ അതിനു ഫൈൻ വാങ്ങുകയോ ശിക്ഷ നൽകുകയോ ചെയ്യുന്ന രീതിയും നിലവിലില്ല.

സ്വാശ്രയ കോളേജുകൾ തികച്ചും കച്ചവട സ്ഥാപനങ്ങളായി അധഃപതിച്ചിരിക്കുന്നു. അത് നടത്തുന്നത് ഏത് സമുദായമായാലും ശരി, ഏത് സംഘടനയായാലും ശരി. ഏറ്റവും കൂടുതൽ ഡൊണേഷൻ നൽകാൻ തയ്യാറുള്ള രക്ഷിതാവിന്റെ കുട്ടിക്ക് വർഷങ്ങൾക്ക് മുമ്പേ സീറ്റ് ബുക്ക് ചെയ്തു വെക്കുന്നു. രക്ഷിതാവിന്റെ പ്രൊഫഷന്റെ സ്റ്റാറ്റസും ഉന്നതങ്ങളിലെ പിടിപാടും വരെ നോക്കി സീറ്റ് നൽകുന്ന അവസ്ഥയാണുള്ളത്.

ഒരു മാറ്റം അനിവാര്യമാണ്. കാശില്ലാത്തതിനാൽ, ഉന്നതപഠനം ആഗ്രഹിക്കുന്ന ബുദ്ധിമാനായ ഒരു കുട്ടിയുടെയും പഠനം മുടങ്ങിക്കൂടാ. ലോണിന്റെ വലയിൽ അകപ്പെടാതെ അവന്-അവൾക്ക്- പഠിക്കാൻ കഴിയണം.

**-ത്വാഹിർ കോഴിക്കോട്**

# വർഗീയത; അധികാരത്തിലേക്കുള്ള കുറുക്കുവഴി

എല്ലാ മതവിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്ന കാര്യത്തിൽ കണിശതയുള്ളവരായിരുന്നു നമ്മുടെ ഭരണഘടനാശിൽപികൾ. ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള അനുച്ഛേദങ്ങൾ മതസ്വാതന്ത്ര്യത്തെ വളരെ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട്. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതും അത് പ്രബോധനം ചെയ്യുന്നതും അതിനുവേണ്ടി സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതുമെല്ലാം മൗലികാവകാശമായി ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോരുത്തർക്കും അവർ ഇഷ്ടപ്പെടുന്ന മതം സ്വീകരിക്കാനും മതമൊന്നും വേണ്ടെന്നു വിശ്വസിക്കുന്നവർക്ക് മതനിരാസത്തെ അംഗീകരിക്കാനും ദൈവവിശ്വാസികൾക്ക് അവരുടെ വിശ്വാസം പ്രചരിപ്പിക്കാനും നിരീശ്വരവാദികൾക്ക് നിരീശ്വരത്വ ചിന്തകൾ പ്രബോധനം ചെയ്യാനും 'മതത്തിന്റെ മതിൽകെട്ടുകളെ' ഉൾക്കൊള്ളാൻ സാധിക്കാത്തവർക്ക് നിർമതവാദത്തെ പ്രോത്സാഹിപ്പിക്കാനുമൊക്കെയുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുന്നുണ്ട്. ഈ വൈവിധ്യം രാജ്യത്ത് നിലനിന്നെങ്കിൽ മാത്രമെ നാനാത്വത്തിൽ ഏകത്വം എന്ന രാജ്യത്തിന്റെ പ്രഖ്യാപിത മുദ്രാവാക്യത്തിന് പ്രസക്തിയുണ്ടാവുകയുള്ളൂ.

ഈ അവകാശങ്ങൾ നിലനിൽക്കണമെങ്കിൽ മതപരിഗണനകൾ കൂടാതെ പൗരന്മാർക്ക് അവകാശവും സ്വാതന്ത്ര്യവും സംരക്ഷണവും നൽകുന്ന, മതനിരപേക്ഷത നിലനിൽക്കണമെന്ന കാര്യത്തിൽ നിർബന്ധബുദ്ധിയുള്ള, അതിൽ മായം ചേർക്കാൻ തയ്യാറില്ലാത്ത സർക്കാർ അധികാരത്തിലെത്തണം. അല്ലാത്തപക്ഷം മുകളിൽ പറഞ്ഞ മൗലികാവകാശങ്ങൾ ഹനിക്കപ്പെടുമെന്നതിൽ സംശയമില്ല.

ഏതെങ്കിലും മതത്തോട് പ്രത്യേകമായി ആഭിമുഖ്യം പുലർത്തുകയും ഇതര മതങ്ങളോടും മതവിശ്വാസികളോടും വെറുപ്പ് വച്ചുപുലർത്തുകയും ചെയ്യുന്ന ഭരണകൂടം ഒരു ജനാധിപത്യ മതനിരപേക്ഷ രാജ്യത്ത് അധികാരത്തിൽ വരിക എന്നത് വൻദുരന്തത്തിന്റെ കടന്നുവരവാണെന്നതിൽ സംശയമില്ല. ദൗർഭാഗ്യവശാൽ അതിന് നാം സാക്ഷികളായിക്കൊണ്ടിരിക്കുകയാണ്. കടുത്ത ന്യൂനപക്ഷ വിരുദ്ധത പല സംസ്ഥാന ഭരണകൂടങ്ങളും പ്രകടമാക്കിക്കൊണ്ടിരിക്കുകയാണ്.

പല കേന്ദ്ര മന്ത്രിമാരും സംസ്ഥാന മന്ത്രിമാരും ജനപ്രതിനിധികളും പലപ്പോഴും പരസ്യമായി കടുത്ത വർഗീയ പരാമർശങ്ങൾ നടത്തിയത് മാധ്യമങ്ങൾ വഴി നാം അറിഞ്ഞതാണ്. കർണാടകയിലെ ഒരു മന്ത്രി ഈയിടെ ഇന്ത്യ താമസിയാതെ ഒരു ഹിന്ദു രാഷ്ട്രമായി മാറുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേഹത്തെ തിരുത്താൻ ആരാണു തയ്യാറായത്? മുസ്‌ലിമായ, അല്ലെങ്കിൽ ക്രിസ്ത്യാനിയായ ഒരു സാധാരണക്കാരൻ ഇന്ത്യ ഇസ്‌ലാമിക രാഷ്ട്രമാകുമെന്നോ ക്രൈസ്തവരാഷ്ട്രമാകുമെന്നോ തമാശയായി പറഞ്ഞെന്നു കരുതുക. എന്തായിരിക്കും നമ്മുടെ നാടിന്റെ അവസ്ഥ? ആ പറഞ്ഞയാൾ കാരാഗൃഹത്തിൽ അടക്കപ്പെട്ടിട്ടുണ്ടാകില്ലേ? അയാളുടെ മതത്തെ കടന്നാക്രമിക്കാൻ കടന്നൽകൂട്ടം പോലെ ചിലർ പാഞ്ഞടുക്കില്ലേ? കടുത്ത രാജ്യദ്രോഹ കുറ്റമോ വർഗീയ ചേരിതിരിവുണ്ടാക്കാൻ ശ്രമിച്ചു എന്ന കുറ്റമോ അയാളിൽ ചാർത്തിയിട്ടുണ്ടാകില്ലേ? അയാളുടെ 'ശത്രുരാജ്യങ്ങളുമായുള്ള ബന്ധം' ഇഴകീറി പരിശോധിക്കപ്പെടില്ലേ?

ഇപ്പോൾ രാജ്യാന്തര തലത്തിൽ ചർച്ചയായിട്ടുള്ള ഹിജാബ് വിഷയമെടുക്കുക. കർണാടകയിലെ കലാലയങ്ങളിൽ പെട്ടെന്നൊരു നാൾ മുസ്‌ലിം പെൺകുട്ടികൾ തലമറച്ച് പ്രത്യക്ഷപ്പെട്ടതല്ല. കേരളത്തിലും കർണാടകയിലും ഇതര സംസ്ഥാനങ്ങളിലുമൊക്കെ പണ്ടുമുതലേ മുസ്‌ലിം പെൺകുട്ടികൾ തലമറച്ച് വരുന്നുണ്ട്. പെട്ടെന്നൊരു നാൾ അത് എങ്ങനെ അനഭിമതമായി? ഇതുവരെയില്ലാത്ത പ്രതിഷേധം അതിനെതിരെ ഉയരാൻ കാരണമെന്ത്? ഒരു കാര്യം വ്യക്തമാണ്. നമ്മുടെ രാജ്യത്ത ജനങ്ങളെ വർഗീയമായി വേർതിച്ച് രാഷ്ട്രീയ ലാഭം കൊയ്യാൻ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിന്റെ ഭാഗം മാത്രമാണിത്. ഇത് മുസ്‌ലിംകളുടെ പ്രശ്നമല്ല, രാജ്യത്തിന്റെ നാനാത്വത്തിൽ ഏകത്വമെന്ന മുഖത്തെ വികൃതമാക്കുന്നതും മതനിരപേക്ഷതയെ തകർക്കുന്നതുമാണ്. അതുകൊണ്ട് ഈ നീക്കത്തെ ഒരുമിച്ചെതിർക്കാൻ രാജ്യസ്നേഹികൾ തയ്യാറാകേണ്ടതുണ്ട്. ■



ലേഖനം

# 'ലിംഗസമത്വ'ത്തിലൂടെ ഒളിച്ചുകടത്തുന്നത്?

ടി.കെ അശ്‌റഫ്
: 81118 07199

ചില പദങ്ങൾ അതിന്റെ അർഥവും ആശയവും ശരിയായി വിലയിരുത്താതെ വിശ്വാസികൾ ഏറ്റെടുത്ത് പ്രചരിപ്പിക്കാറുണ്ട്. അത് ഒരുപക്ഷേ, നമ്മുടെ വിശ്വാസത്തിനും സംസ്‌കാരത്തിനും യോജിച്ചതാവണമെന്നില്ല. നാം ജീവിക്കുന്നത് ഒരു ബഹുമത സമൂഹത്തിലായതിനാൽ വ്യത്യസ്ത ആശയധാരകളിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന പദാവലികളും ആശയങ്ങളും ഉണ്ടാവാം. അതെല്ലാം അപ്പടി ഏറ്റെടുക്കുകയും അതിന്റെ വക്താക്കളായി വിശ്വാസികൾ മാറുകയും ചെയ്യുന്നത് അനുഗുണമല്ല.

സൂക്ഷ്മ വിശകലനത്തിൽ വിശ്വാസികൾക്ക് അംഗീകരിക്കാനാവാത്ത ഒരു പദവും ആശയവും ചിലർ ബോധപൂർവം ഉപയോഗിച്ച് പൊതുസ്വീകാര്യത ഉണ്ടാക്കിയെടുക്കാൻ ഈയിടെ വ്യാപകമായി ശ്രമിക്കുന്നുണ്ട് എന്ന് കാണാനാവും. ആ പദം കേൾക്കുമ്പോൾ അതിൽ എന്താണ് തെറ്റ് എന്ന് തോന്നിയേക്കാം. ലിംഗസമത്വം (Gender Equality) അഥവാ സ്ത്രീപുരുഷ സമത്വം എന്ന പദമാണ് വ്യാപകമായി ഇപ്രകാരം കാമ്പയിൻ ചെയ്തുകൊണ്ടിരിക്കപ്പെടുന്നത്.

സ്ത്രീപുരുഷ സമത്വം ആവശ്യമല്ലേ, അതിലെന്താണ് കുഴപ്പം എന്ന് ചിലരെല്ലാം ചോദിച്ചേക്കാം. അങ്ങനെ ചോദിക്കാൻ ചില കാരണങ്ങളുമുണ്ട്. സ്ത്രീകൾ അങ്ങേയറ്റത്തെ വിവേചനം നേരിട്ട ഒരു നാടാണ് നമ്മുടേത്. സതി, ശൈശവ വിവാഹം, ജാതി വ്യവസ്ഥയിൽ അധിഷ്ഠിതമായ നിരവധി വിവേചനങ്ങൾ എന്നിവ അതിന്റെ ഉദാഹരണങ്ങളാണ്. അതുകൊണ്ട് സ്ത്രീക്കും പുരുഷനെ പോലെ അവകാശങ്ങളും അഭിമാനവും വകവെച്ചുകൊടുക്കണം എന്ന ചിന്ത ബോധവൽക്കരണ ശ്രമഫലമായി നമ്മുടെ രാജ്യത്ത് ഉയർന്നുവന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് 'സ്ത്രീപുരുഷ സമത്വം' എന്ന പ്രയോഗം നിരാക്ഷേപം അംഗീകരിക്കപ്പെടുന്നത്.

എന്നാൽ ഈ വിവേചനം ഇല്ലാതാക്കി എല്ലാവർക്കും നീതി ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തിനപ്പുറം ലിംഗസമത്വം എന്ന ആശയത്തെ സ്ത്രീയെയും പുരുഷനേയും ഒന്നാക്കുക എന്ന അജണ്ടയിലേക്ക് പ്രയോഗതലത്തിൽ കൊണ്ടുവരികയെന്നതാണ് ഫെമിനിസ്റ്റ് സംഘടനകളും ഭൗതിക വാദികളും സ്വതന്ത്ര വാദികളും ഇന്ന് നടപ്പിൽ വരുത്താൻ ശ്രമിക്കുന്നത്. സ്ത്രീകൾക്ക് നേരെയുള്ള വിവേചനം അവസാനിക്കണമെങ്കിൽ പുരുഷൻ ചെയ്യുന്നതെല്ലാം സ്ത്രീയും, സ്ത്രീകൾ ചെയ്യുന്നതെല്ലാം പുരുഷനും ചെയ്യണമെന്നതാണ് ഇവർ പ്രചരിപ്പിക്കുന്ന ലിംഗസമത്വം!

ഇന്ന് അവിടെനിന്നും ഒരു പടികൂടി കടന്ന് സ്ത്രീയെ പുരുഷനാക്കാനും പുരുഷനെ സ്ത്രീയാക്കാനുമുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്! പാശ്ചാത്യ നാടുകളിൽ ലിംഗമാറ്റ ശസ്ത്രക്രിയ വ്യാപകമായി വരികയാണ്. LGBTQ എന്ന സ്‌പെക്ട്രത്തിലേക്ക് ആളെക്കൂട്ടുന്ന ശ്രമം വർധിക്കുന്നു. ലിംഗസമത്വം അഥവാ Gender Equality എന്നത് 'ലിംഗ നിഷ്പക്ഷത' (Gender Neutral) എന്നിടത്താണ് ഇപ്പോൾ എത്തിയിരിക്കുന്നത്. പുരുഷൻ, സ്ത്രീ എന്നീ രണ്ട് സ്വത്വങ്ങൾ തന്നെ ഇല്ലാതാക്കലാണ് ഇതിലൂടെ നടക്കുന്നത്. 'അവൻ,' 'അവൾ' എന്നല്ല

'അവർ' എന്നാണ് ഇനി മുതൽ പ്രയോഗിക്കേണ്ടതെന്നും വാദിക്കുന്നു. ജന്മനായുള്ള ആൺ, പെൺ എന്ന വേർതിരിവിനെ അംഗീകരിക്കുന്നതിന് പകരം ഓരോരുത്തരും സ്വയം തീരുമാനിക്കുന്ന ജെൻഡറാണ് സ്വീകരിക്കേണ്ടതെന്ന വിചിത്ര വാദമാണ് മുന്നോട്ട് വെക്കുന്നത്.

ഈ ആശയം ഭരണകർത്താക്കളെ മാത്രമല്ല; നീതിപീഠങ്ങളെവരെയും സ്വാധീനിച്ച് കഴിഞ്ഞു. അതിനനുസരിച്ച് നിയമഭേദഗതികളും നിയമനിർമാണങ്ങളും നടന്നുവരികയാണ്. സ്വവർഗരതി അനുവദിച്ചു കൊണ്ട് കോടതി വിധി വന്നത് ഇതിന്റെ ഭാഗമാണ്. ചില പാശ്ചാത്യനാടുകളിൽ മാതാപിതാക്കളുടെ സമ്മതമില്ലാതെ ലിംഗമാറ്റ ശസ്ത്രക്രിയക്ക് നിയമം നിർമിച്ചു കഴിഞ്ഞു!

സ്ത്രീപുരുഷ സ്വത്വം തച്ചുടക്കുന്നതിന്റെ തുടക്കം മാത്രമാണ് സ്ത്രീപുരുഷ വേഷങ്ങൾ ഒന്നാക്കാനുള്ള ശ്രമം. ബാലുശ്ശേരി ഗവ. ഹൈസ്കൂളിൽ 2021 ഡിസംബറിൽ നടപ്പാക്കിയ ജെൻഡർ ന്യൂട്രൽ യൂണിഫോം ഇതിലേക്കുള്ള ചുവടുവയ്പാണ്. ഇതിനെതിരെ വിമർശനമുയർന്നപ്പോൾ പെൺകുട്ടികൾ പാന്റ്സ് ധരിക്കുന്നത് മറ്റു പല കോളേജുകളിലും ഇല്ലേ എന്ന ചോദ്യം കൊണ്ടാണ് ചിലർ അതിനെ നേരിട്ടത്. ഈ ചോദ്യം തന്നെ അപ്രസക്തവും വിഷയത്തെ മാറ്റിമറിക്കലുമാണ്. ജെൻഡർ ന്യൂട്രൽ എന്ന പേരിൽ ഈ യൂണിഫോം നടപ്പാക്കുന്നതാണ് അടിസ്ഥാന പ്രശ്നം. ഒരു വേഷത്തിനപ്പുറം ഒരാശയത്തേയാണ് ഇതിലൂടെ കാമ്പസിലേക്ക് കടത്തിക്കൊണ്ടുവരുന്നത്.

അൽപനാളുകൾക്കു മുമ്പ് മലപ്പുറം ജില്ലാ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ മുപ്പതിലധികം കോളേജുകളിലെ വിദ്യാർഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ശാസ്ത്രസാഹിത്യ പരിഷത്ത് നേതൃത്വം നൽകിയ ചർച്ചകൾ വിദ്യാർഥികളെ ഇതിനനുകൂലമായി ചിന്തിപ്പിക്കാനുദ്ദേശിച്ചാണ്.

മാത്രവുമല്ല; കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ചുകൊണ്ട് ജെൻഡർ ന്യൂട്രൽ ക്ലബ്ബുകൾ ആരംഭിക്കാൻ നൽകിയ നിർദേശവും ഇതുതന്നെയാണ് ലക്ഷ്യം വയ്ക്കുന്നത് എന്നു തിരിച്ചറിയാൻ പ്രയാസമില്ല.

സ്ത്രീപുരുഷ വേഷങ്ങൾ പരസ്പരം വച്ചുമാറുന്നത് മതപരമായി വിലക്കിയിട്ടുള്ള മുസ്‌ലിം സമുദായത്തിന്റെ എതിർപ്പുകൾ ഈ നീക്കത്തിനെതിരെ ഉയരുമെന്ന് മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ട് മുസ്‌ലിം പെൺകുട്ടികളെ ഇത്തരം ആശയങ്ങളിൽ ആകൃഷ്ടരാക്കാനായി ബോധപൂർവമായുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സമുദായത്തിൽനിന്ന് എതിർപ്പുകൾ വരുമ്പോൾ സമുദായത്തിലെ തന്നെ പെൺകുട്ടികളെക്കൊണ്ട് ഇതെല്ലാം ന്യായീകരിപ്പിക്കാനുള്ള ആസൂത്രിത നീക്കമാണ് നടക്കുന്നത്. വിവാദങ്ങൾ ഉണ്ടാകുമ്പോൾ ചാനലുകളിൽ ഇതെല്ലാം ന്യായീകരിക്കാൻ മുസ്‌ലിം പെൺകുട്ടികളെ പ്രത്യേകം തെരഞ്ഞുപിടിച്ച് പ്രദർശിപ്പിക്കുന്നത് ഈ ആസൂത്രണത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ലിംഗസമത്വം എന്ന വാക്കിലും അതിന്റെ ആശയത്തിലും ഒളിഞ്ഞിരിക്കുന്ന അപകടം എന്തെന്ന് സമുദായത്തെ ബോധവൽക്കരിക്കൽ കാലഘട്ടത്തിന്റെ ആവശ്യമാണ്. ലിംഗനീതിയാണ് നമുക്ക് വേണ്ടത്; ലിംഗസമത്വമല്ല.

എന്തുകൊണ്ട് ലിംഗസമത്വം എന്ന ആശയത്തെ വിശ്വാസികൾ നിരാകരിക്കുന്നുവെന്ന് അറിയേണ്ടതുണ്ട്. അതിന്റെ കാരണങ്ങൾ പലതാണ്. മനുഷ്യ സൃഷ്ടിപ്പിൽ സ്ത്രീ, പുരുഷൻ എന്നീ രണ്ട് അസ്തിത്വമാണ് വിശുദ്ധ ക്വുർആൻ എടുത്തുകാട്ടുന്നത്. ആണിനെയും പെണ്ണിനെയും ഒന്നാക്കാനുള്ള ശ്രമം അല്ലാഹുവിന്റെ സൃഷ്ടിപ്പിന് നേരെയുള്ള കടന്നുകയറ്റമാണ്. ആണും പെണ്ണും അല്ലാഹുവിന്റെ

**സ്ത്രീപുരുഷ സമത്വം ആവശ്യമല്ലേ, അതിലെന്താണ് കുഴപ്പം എന്ന് ചിലരെല്ലാം ചോദിച്ചേക്കാം. അങ്ങനെ ചോദിക്കാൻ ചില കാരണങ്ങളുമുണ്ട്. സ്ത്രീകൾ അങ്ങേയറ്റത്തെ വിവേചനം നേരിട്ട ഒരു നാടാണ് നമ്മുടേത്. സതി, ശൈശവ വിവാഹം, ജാതി വ്യവസ്ഥയിൽ അധിഷ്ഠിതമായ നിരവധി വിവേചനങ്ങൾ എന്നിവ അതിന്റെ ഉദാഹരണങ്ങളാണ്. അതുകൊണ്ട് സ്ത്രീക്കും പുരുഷനെ പോലെ അവകാശങ്ങളും അഭിമാനവും വകവെച്ചുകൊടുക്കണം എന്ന ചിന്ത ബോധവൽക്കരണ ശ്രമ ഫലമായി നമ്മുടെ രാജ്യത്ത് ഉയർന്നുവന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് 'സ്ത്രീപുരുഷ സമത്വം' എന്ന പ്രയോഗം നിരാക്ഷേപം അംഗീകരിക്കപ്പെടുന്നത്.**

സവിശേഷ സൃഷ്ടിയാണെന്നാണ് ക്വുർആൻ പറയുന്നത്.

"ഹേ, മനുഷ്യരേ! ഒരേ ആത്മാവിൽ (ആളിൽ) നിന്നു നിങ്ങളെ സൃഷ്ടിച്ചവനായ നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിക്കുവിൻ; അതിൽനിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും, ആ രണ്ടാളിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത (റബ്ബിനെ). യാതൊരുവന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ ആ അല്ലാഹുവിനെയും കുടുംബ ബന്ധങ്ങളെയും നിങ്ങൾ സൂക്ഷിക്കുവിൻ. നിശ്ചയമായും, അല്ലാഹു നിങ്ങളിൽ മേൽനോട്ടം ചെയ്യുന്നവനാകുന്നു" (ക്വുർആൻ 4:1).

അല്ലാഹുവിന്റെ ഈ സൃഷ്ടിപ്പിൽ കൈകടത്തി വികൃതമാക്കുകയെന്നത് പൈശാചിക പ്രേരണ മൂലം സംഭവിക്കുന്നതാണ്. പിശാച് മനുഷ്യരോട് അതിനായി കൽപിക്കുന്ന കാര്യം അവൻ തന്നെ വ്യക്തമാക്കിയ വിവരം അല്ലാഹു ക്വുർആനിൽ അറിയിച്ചിട്ടുണ്ട്.



**സ്ത്രീപുരുഷ സ്വത്വം തച്ചുടക്കുന്നതിന്റെ തുടക്കം മാത്രമാണ് സ്ത്രീപുരുഷ വേഷങ്ങൾ ഒന്നാക്കാനുള്ള ശ്രമം. ബാലുശ്ശേരി ഗവ.ഹൈസ്കൂളിൽ 2021 ഡിസംബറിൽ നടപ്പാക്കിയ ജെൻഡർ ന്യൂട്രൽ യൂണിഫോം ഇതിലേക്കുള്ള ചുവടുവയ്പാണ്. ഇതിനെതിരെ വിമർശനമുയർന്നപ്പോൾ പെൺകുട്ടികൾ പാന്റ്സ് ധരിക്കുന്നത് മറ്റു പല കോളേജുകളിലും ഇല്ലേ എന്ന ചോദ്യം കൊണ്ടാണ് ചിലർ അതിനെ നേരിട്ടത്. ഈ ചോദ്യം തന്നെ അപ്രസക്തവും വിഷയത്തെ മാറ്റിമറിക്കലുമാണ്. ജെൻഡർ ന്യൂട്രൽ എന്ന പേരിൽ ഈ യൂണിഫോം നടപ്പാക്കുന്നതാണ് അടിസ്ഥാന പ്രശ്നം. ഒരു വേഷത്തിനപ്പുറം ഒരാശയത്തേയാണ് ഇതിലൂടെ കാമ്പസിലേക്ക് കടത്തിക്കൊണ്ടുവരുന്നത്.**

‘ഞാനവരെ വഴിപിഴപ്പിക്കുകയും അവരെ വ്യാമോഹിപ്പിക്കുകയും തന്നെ ചെയ്യും. ഞാൻ അവരോട് കൽപിക്കുകയും അങ്ങനെ അവർ കാലികളുടെ (ആടുമാടൊട്ടകങ്ങളുടെ) കാതുകൾ (കീറി) മുറിക്കുകയും തന്നെ ചെയ്യും; ഞാനവരോട് കൽപിക്കുകയും, അങ്ങനെ അവർ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ (വികൃതമാക്കി) ഭേദഗതി വരുത്തുകയും തന്നെ ചെയ്യും. ആർ അല്ലാഹുവിന് പുറമെ പിശാചിനെ കാര്യകർത്താവാക്കി വെക്കുന്നുവോ, തീർച്ചയായും അവന് സ്പഷ്ടമായ നഷ്ടം സംഭവിച്ചുപോയി!’’(ക്വുർആൻ 4:119).

സ്ത്രീപുരുഷ പാരസ്പര്യത്തിലാണ് സ്നേഹവും കരുണയും കുടികൊള്ളുന്നത്. അത് നാം കൃത്രിമമായി സ്ത്രീയെയും പുരുഷനെയും ഒന്നാക്കുന്നതിലൂടെ ലഭിക്കുന്നതല്ല. ദമ്പതികൾക്കിടയിൽ സ്നേഹവും കരുണയും ഇട്ടുതരുന്നത് അല്ലാഹുവിന്റെ ദൃഷ്ടാന്തമാണ്.

വിശുദ്ധ ക്വുർആൻ പറയുന്നു: ‘‘അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതുതന്നെയാണ്, നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ (ഭാര്യമാരെ) അവൻ സൃഷ്ടിച്ചുതന്നിട്ടുള്ളതും. നിങ്ങൾ അവരുടെ അടുക്കൽ സമാധാനമടയുവാൻ വേണ്ടി. നിങ്ങൾക്കിടയിൽ അവൻ സ്നേഹബന്ധവും കാരുണ്യവും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്’’ (30: 21).

ലിംഗസമത്വത്തിന്റെ പേരിൽ ആണിനെയും പെണ്ണിനെയും ഒന്നാക്കുക എന്നത് പ്രായോഗികമല്ലന്ന കാര്യം കൂടി നാം തിരിച്ചറിയണം. ഗർഭധാരണം, പ്രസവം, മുലയൂട്ടൽ എന്നിവ സ്ത്രീകൾക്ക് മാത്രം നിർവഹിക്കാൻ കഴിയുന്ന ഒന്നാണ്. ലിംഗസമത്വത്തിന്റെ പേരിൽ ഇക്കാര്യങ്ങൾ ഭർത്താവ് ചെയ്യണമെന്ന് നിർബന്ധിച്ചാൽ അത് നടക്കുന്ന കാര്യമല്ലല്ലോ.

മാതൃത്വം മാതാവിന് മാത്രം അവകാശപ്പെട്ടതാണ്. മാനസിക, ശാരീരിക വ്യത്യാസങ്ങളും ഹോർമോണുകളുടെ വ്യതിരിക്തതയുമെല്ലാം പരിഗണിക്കുമ്പോൾ സ്ത്രീക്ക് മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങളും പുരുഷന് മാത്രം ചെയ്യാൻ കഴിയുന്നതും രണ്ടു പേർക്കും ചെയ്യാൻ സാധിക്കുന്നതുമെല്ലാം നമുക്ക് കാണാനാകും. ഇതൊന്നും കണ്ടില്ലന്ന് നടിച്ചുകൊണ്ട് ലിംഗസമത്വമെന്ന ആശയത്തിനായി സമയവും പണവും ചെലവഴിക്കുന്നത് വിഡ്ഢിത്തമാണ്.

സ്ത്രീയുടെ അസ്തിത്വത്തെതന്നെ വിലകുറച്ച് കാണലാണ് ലിംഗസമത്വം എന്ന കാഴ്ചപ്പാട്. പ്രകൃത്യാ തന്നെ സ്ത്രീക്ക് മഹത്ത്വം ഉണ്ട്. പുരുഷൻ ചെയ്യുന്നത് സ്ത്രീയും ചെയ്യുമ്പോഴേ മഹത്ത്വം കൈവരുന്നുള്ളൂ എന്ന നിലപാടുതന്നെ സ്ത്രീവിരുദ്ധമാണ്.

ഇസ്ലാമിൽ സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമായ നിയമങ്ങൾ ഉള്ളപ്പോൾതന്നെ വെവ്വേറെ പാലിക്കേണ്ട നിർദേശങ്ങളും ധാരാളം കാണാം. പുരുഷന് പൊക്കിൾ മുതൽ മുട്ടുൾപ്പെടെയുള്ള ഭാഗങ്ങളാണ് നിർബന്ധമായും മറക്കേണ്ടതെങ്കിൽ, സ്ത്രീക്ക് മുഖവും മുൻകയ്യും ഒഴിച്ചുള്ളത് മറക്കൽ നിർബന്ധമാണ്. പട്ടുവസ്ത്രവും സ്വർണാഭരണവും സ്ത്രീക്ക് അനുവദനീയമാകുമ്പോൾ പുരുഷനാകട്ടെ അവ നിഷിദ്ധമാണ്. പുരുഷൻ വസ്ത്രം ഞെരിയാണിക്ക് മുകളിൽ ഉടുക്കണമെന്ന് നിർദേശിക്കുമ്പോൾ സ്ത്രീയുടേത് ഞെരിയാണിക്ക് താഴെ ഇറക്കിയിടണമെന്നാണ് കൽപന. സ്ത്രീ പുരുഷവേഷം കെട്ടുന്നതും പുരുഷൻ സ്ത്രീവേഷം കെട്ടുന്നതും ഇസ്ലാമിൽ നിഷിദ്ധമാണ്.

പരലോകത്ത് അല്ലാഹു കരുണയോടെ നോക്കാത്ത മൂന്നു വിഭാഗങ്ങളിൽ ഒരു വിഭാഗം പുരുഷന്മാരോട് സദൃശ്യരായി ആൺകോലം കെട്ടുന്ന സ്ത്രീകളാണെന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്.

ആർത്തവ സമയത്ത് സ്ത്രീയുടെ സുരക്ഷയും സൗകര്യവും

പരിഗണിച്ച് പ്രത്യേക നിയമങ്ങൾ അവൾക്ക് ഇസ്‌ലാമിലുണ്ട്.

'ഞാൻ ആരോടാണ് ഏറ്റവും നന്നായി സഹവസിക്കേണ്ടത്' എന്ന ഒരു സ്വഹാബിയുടെ ആവർത്തിച്ചുള്ള ചോദ്യത്തിന് നബി (സ്വ) നൽകിയ ഉത്തരം 'നിന്റെ മാതാവിനോട്' എന്നായിരുന്നു. വിവാഹ സമയത്ത് പുരുഷൻ സ്ത്രീക്ക് മഹ്റ് നൽകണം. അവളോട് ഇങ്ങോട്ട് സ്ത്രീധനം ആവശ്യപ്പെടാൻ പാടില്ല. ഭാര്യക്ക് ചെലവിനു നൽകുക എന്നത് ഭർത്താവിനോടുള്ള നിർബന്ധമായ കൽപനയാണ്. എന്നാൽ സ്ത്രീ,പുരുഷന് ചെലവിന് നൽകണമെന്ന കൽപനയില്ല. അന്യസ്ത്രീപുരുഷന്മാർ പരസ്പരം കൂടിക്കലരുന്നത് ഇസ്‌ലാം വിലക്കിയതാണ്.

മേൽ വിശദീകരിച്ചതിൽനിന്ന് സ്ത്രീ, പുരുഷൻ എന്നീ രണ്ട് അസ്തിത്വങ്ങളെ പരിഗണിച്ചുകൊണ്ടുള്ള നിർദേശങ്ങളാണ് ഇസ്‌ലാമിലുള്ളതെന്ന് വ്യക്തമാണ്. അതിനാൽതന്നെ ലിംഗ നിഷ്പക്ഷത (gender netural) എന്ന ആശയത്തെ വിശ്വാസികൾക്ക് അംഗീകരിക്കാനാവില്ല.

ഇതിനെല്ലാമുപരി, 'ജെൻഡർ ഡിസ്ഫോറിയ' എന്ന അപകടകരമായ മനോഭാവത്തിലേക്കാണ് ലിംഗസമത്വം എന്ന വാദം പൊതുസമൂഹത്തെ തള്ളിവിടുന്നത്. ഞാൻ ആണാണോ, പെണ്ണാണോ എന്ന ആശയക്കുഴപ്പം ഓരോരുത്തരിലും ജനിപ്പിക്കലാണ് 'ജെൻഡർ ഡിസ്ഫോറിയ.' ആശയക്കുഴപ്പം തീർക്കാൻ കാനഡയിൽ 13 വയസ്സുള്ള കുട്ടി ശസ്ത്രക്രിയക്ക് വിധേയനായത് തടഞ്ഞതിന് രക്ഷിതാവിനെതിരിൽ കേസെടുത്ത വാർത്തയും നാം ഇതിനോട് ചേർത്ത് വായിക്കണം.

ലിംഗസമത്വം എന്ന ആശയം കൊണ്ട് സ്ത്രീകൾക്ക് നേരെയുള്ള വിവേചനം അവസാനിപ്പിക്കലാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിൽ ലിംഗനീതിയെന്ന പദം ഉപയോഗിക്കലാണ് ഏറ്റവും ഉചിതം.

**സ്ത്രീപുരുഷ വേഷങ്ങൾ പരസ്പരം വച്ചുമാറുന്നത് മതപരമായി വിലക്കിയിട്ടുള്ള മുസ്‌ലിം സമുദായത്തിന്റെ എതിർപ്പുകൾ ഈ നീക്കത്തിനെതിരെ ഉയരുമെന്ന് മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ട് മുസ്‌ലിം പെൺകുട്ടികളെ ഇത്തരം ആശയങ്ങളിൽ ആകൃഷ്ടരാക്കാനായി ബോധപൂർവമായുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സമുദായത്തിൽനിന്ന് എതിർപ്പുകൾ വരുമ്പോൾ സമുദായത്തിലെ തന്നെ പെൺകുട്ടികളെക്കൊണ്ട് ഇതെല്ലാം ന്യായീകരിപ്പിക്കാനുള്ള ആസൂത്രിത നീക്കമാണ് നടക്കുന്നത്. വിവാദങ്ങൾ ഉണ്ടാകുമ്പോൾ ചാനലുകളിൽ ഇതെല്ലാം ന്യായീകരിക്കാൻ മുസ്‌ലിം പെൺകുട്ടികളെ പ്രത്യേകം തെരഞ്ഞുപിടിച്ച് പ്രദർശിപ്പിക്കുന്നത് ഈ ആസൂത്രണത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ലിംഗസമത്വം എന്ന വാക്കിലും അതിന്റെ ആശയത്തിലും ഒളിഞ്ഞിരിക്കുന്ന അപകടം എന്തെന്ന് സമുദായത്തെ ബോധവൽക്കരിക്കൽ കാലഘട്ടത്തിന്റെ ആവശ്യമാണ്. ലിംഗനീതിയാണ് നമുക്ക് വേണ്ടത്; ലിംഗസമത്വമല്ല.**

ഇസ്‌ലാമാകട്ടെ ലിംഗനീതി എല്ലാ അർഥത്തിലും ഉറപ്പുവരുത്തുന്ന മതമാണ്.

സ്ത്രീക്ക് ഇസ്‌ലാം നേടിക്കൊടുത്ത അവകാശങ്ങളുടെ മഹത്ത്വം അറിയണമെങ്കിൽ അതിന്റെ അവതരണ കാലത്തുണ്ടായിരുന്ന പെണ്ണിന്റെ പദവി എന്തായിരുന്നുവെന്ന് മനസ്സിലാക്കണം.

യവനന്മാർ പിശാചിന്റെ പ്രതിരൂപമായിട്ടാണ് പെണ്ണിനെ കണ്ടിരുന്നത്. പത്നിയെ അറുകൊല നടത്താൻ പോലും പുരുഷന് സ്വാതന്ത്ര്യം നൽകുന്നതായിരുന്നു റോമൻ നിയമവ്യവസ്ഥ. ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കണമെന്നതായിരുന്നല്ലൊ ഭാരതീയ സ്ത്രീയോടുള്ള മതോപദേശം. പാപം കടന്നുവരാൻ കാരണക്കാരി സ്ത്രീയാണന്നാക്ഷേപിച്ച് ക്രൂരമായ പെരുമാറ്റമാണ് യഹൂദന്മാർ സ്ത്രീക്ക് നേരെ അഴിച്ചുവിട്ടത്. സ്ത്രീക്ക് ആത്മാവുണ്ടോ എന്നുവരെ ചില പുരോഹിതന്മാർ ചർച്ച ചെയ്തിരുന്നു. പ്രവാചകൻ(സ്വ) വരുന്നതിനു മുമ്പ് അറേബ്യയിൽ പെൺകുട്ടി ജനിച്ചാൽ അപമാന ചിന്തയാൽ അവളെ ജീവനോടെ കുഴിച്ചുമൂടുന്ന അവസ്ഥയുണ്ടായിരുന്നു. അവൾക്ക് ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ട ഈ സാഹചര്യത്തിലാണ് സ്ത്രീകളുടെ അവകാശത്തെക്കുറിച്ച് വിശുദ്ധ ക്വുർആൻ വാചാലമാകുന്നത്.

പെൺകുട്ടികൾക്ക് ജീവിക്കാനുള്ള അവകാശം ഇസ്‌ലാം നേടിക്കൊടുത്തു. ഭ്രൂണഹത്യയെ കണിശമായി എതിർക്കുന്നത് ഇസ്‌ലാം മാത്രമാണ്. സ്കാനിങ്ങിലൂടെ കുട്ടി പെണ്ണാണ് എന്ന് ബോധ്യപ്പെട്ടാൽ അവളെ പല കാരണങ്ങൾ നിരത്തി, കൊല്ലുന്നത് തെറ്റല്ല എന്നാണ് സ്ത്രീപക്ഷ വാദികൾ പോലും ഇന്ന് പറയുന്നത്.

സ്ത്രീക്ക് ഇസ്‌ലാം സ്വത്തവകാശം, അനന്തരാവകാശം, ഇണയെ തിരഞ്ഞെടുക്കാനുള്ള അവകാശം, പഠിക്കാനും ചിന്തിക്കാനുമുള്ള അവകാശം, വിവാഹമൂല്യത്തിനുള്ള അവകാശം, വിവാഹമോചനത്തിനുള്ള അവകാശം എന്നിവയെല്ലാം ഉറപ്പുവരുത്തുന്നുണ്ട്.

അതിനാൽ നമുക്ക് വേണ്ടത് ലിംഗനീതിയാണ്; ലിംഗസമത്വമല്ലെന്ന തിരിച്ചറിവ് വിശ്വാസികൾക്ക് ഉണ്ടാകണം. വിശ്വാസികളല്ലാത്തവർക്ക് അവരുടെ 'ശരി'കളിൽ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയുമാവാം. അതിനെ ആരും തടയുന്നില്ല. എന്നാൽ വിശ്വാസികൾക്ക് മതപരമായി അംഗീകരിക്കാനാവാത്ത ഒരാശയം അധികാരവും ഔദ്യോഗിക സംവിധാനങ്ങളും ഉപയോഗിച്ച് അടിച്ചേൽപിക്കുന്നത് നീതീകരിക്കാനാവില്ല. ■



കവർ സ്റ്റോറി

> മനുഷ്യജീവിതത്തിന്റെ സർവതലങ്ങളെയും സ്പർശിക്കുന്ന നിയമങ്ങളാണ് ഇസ്‌ലാമിന്റേത് എന്നവകാശപ്പെടുമ്പോഴും ട്രാൻസ്ജെൻഡേഴ്സിനെ കുറിച്ച് എന്തുകൊണ്ട് മൗനം ഭജിക്കുന്നു എന്ന് വിമർശിക്കുന്നവരുണ്ട്. ഇസ്‌ലാം മൂന്നാം ലിംഗത്തെ കുറിച്ച് പറയുന്നുണ്ടോ, ഉണ്ടെങ്കിൽ എന്തെല്ലാമാണ് അവർക്കുള്ള വിധിവിലക്കുകൾ?

# ട്രാൻസ്ജെൻഡർ: ഇസ്‌ലാമിന് മൗനമോ?

സബീന സുനിൽ
: 97466 87530

ഒരു സന്താനമുണ്ടാകുന്നത് വിവാഹമെന്ന പരിപാവനമായ മാർഗത്തിലൂടെ ഇണകളായി മാറിയതിനു ശേഷമായിരിക്കണം എന്നാണ് ഇസ്‌ലാം അനുശാസിക്കുന്ന നിയമം. എന്നാൽ ഒരു സന്താനം ജനിക്കുമ്പോൾ അതിന്റെ ലിംഗം തീരുമാനിക്കുന്നത് അല്ലാഹുവാണ്. അല്ലാഹുവിന്റെ തീരുമാനം എന്താണോ അതുമാത്രമാണ് നടക്കുന്നത്. ദമ്പതികൾ ആഗ്രഹിക്കുന്നതു പോലെ ഒരുപക്ഷേ, കിട്ടിയെന്നു വരാം, കിട്ടിയില്ലെന്നും വരാം. തീരെ സന്താനങ്ങൾ ഉണ്ടായില്ലെന്നും വരാം. അതിലൊന്നും ഈ ദമ്പതികൾക്ക് പങ്കില്ല. അഥവാ അവരുടെ തീരുമാനമോ ആഗ്രഹമോ ഒന്നുമല്ല അതിന്റെയൊന്നും പിന്നിൽ പ്രവർത്തിക്കുന്നത്.

അല്ലാഹു പറഞ്ഞു: ‘‘അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു’’ (ക്വുർആൻ 42:49,50).

കുട്ടി ആണായതിനും പെണ്ണായതിനുമൊക്കെ ഭാര്യമാരെ ആക്ഷേപിക്കുന്നവരുണ്ട്. ജനിക്കുന്ന സന്താനങ്ങളെല്ലാം പെൺകുട്ടികളാണെങ്കിൽ പലപ്പോഴും കുടുംബത്തിൽനിന്നും, ഒരുവേള ഭർത്താവിന്റെ ഭാഗത്തുനിന്നുമൊക്കെ

സ്ത്രീക്കെതിരെ ആക്ഷേപങ്ങൾ ഉയരാറുണ്ട്. 'ഇവളെ കല്യാണം കഴിച്ചതു കൊണ്ട് കുടുങ്ങി, പ്രസവിക്കുന്നത് മുഴുവൻ പെൺമക്കളാണല്ലോ' എന്ന് കുറ്റപ്പെടുത്തുന്നവരുണ്ട്. ജാഹിലിയ്യ കാലഘട്ടത്തിൽ പെൺകുഞ്ഞാണ് പിറന്നതെങ്കിൽ അപമാനഭാരത്താൽ അതിനെ ജീവനോടുകൂടി കുഴിച്ചുമൂടിയിരുന്ന സമ്പ്രദായം നിലനിന്നിരുന്നതായി വിശുദ്ധ ക്വുർആൻ പറഞ്ഞു തരുന്നുണ്ട്.

പെൺകുഞ്ഞിനെ മാത്രം പ്രസവിക്കുന്ന ഭാര്യയുമായുള്ള സഹവാസം അക്കാരണത്താൽ വെടിഞ്ഞ് വീട്ടിലേക്ക് വരാതായ ഭർത്താവിനെ സംബന്ധിച്ച് ആ കാലഘട്ടത്തിൽ ഒരു സ്ത്രീ കവിത ആലപിച്ചത് ചരിത്രത്തിൽ നമുക്ക് കാണുവാൻ സാധിക്കും. ആ സ്ത്രീ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

'അബു ഹംസ എന്ന് പറയുന്ന എന്റെ ഭർത്താവിന് എന്ത് സംഭവിച്ചു? അയാൾ ഇപ്പോൾ എന്റെ അടുക്കൽ വരുന്നില്ലല്ലോ! എന്റെ കൂടെ പൊറുക്കാൻ അദ്ദേഹം വീട്ടിലേക്ക് ഇപ്പോൾ വരാതായല്ലോ. ഞാൻ ആൺകുട്ടികളെ പ്രസവിക്കുന്നില്ല എന്നതിന്റെ പേരിൽ അദ്ദേഹം ദേഷ്യം പിടിച്ചിരിക്കുകയാണ്. നമ്മുടെ കാര്യത്തിൽ നമ്മൾ ഉദ്ദേശിക്കുന്നതുപോലെയൊക്കെ നടക്കുമോ?'

ഇന്നും ഈ സ്വഭാവമുള്ള ആളുകളില്ലേ? തന്റെ ഭാര്യ പ്രസവിച്ചത് മുഴുവൻ പെൺകുട്ടികളാണെങ്കിൽ നീരസം പ്രകടിപ്പിക്കുന്ന, 'അയ്യേ ഇവളെന്തേ ഇങ്ങനെ, ഇവളെ കെട്ടിയത് അബദ്ധമായല്ലോ' എന്ന് മനസ്സിൽ പറയുകയെങ്കിലും ചെയ്യുന്നവരില്ലേ? ഭാര്യയെ കുത്തുവാക്കുകൾകൊണ്ട് വേദനിപ്പിക്കുന്നവരില്ലേ? ആക്ഷേപിക്കുന്നവരില്ലേ?

ഇത് കുറ്റപ്പെടുത്തേണ്ട ഒരു കാര്യമാണെങ്കിൽ വാസ്തവത്തിൽ ശാസ്ത്രമനുസരിച്ച് നോക്കുമ്പോൾ ഭാര്യയെയല്ല ഭർത്താവിനെയാണ് അതിന്റെ പേരിൽ കുറ്റപ്പെടുത്തേണ്ടിവരിക. കാരണം പുരുഷന്റെ ബീജത്തിൽ അടങ്ങിയിട്ടുള്ള X Yക്രോമസോമുകളുടെ ഘടനയുടെ കാരണത്താലാണ് ഒരു കുഞ്ഞ് പെൺകുഞ്ഞാകുന്നതിന്റെയും ആൺകുഞ്ഞാകുന്നതിന്റെയും അവസ്ഥകൾ മാറിമാറി വരുന്നത്.

മനുഷ്യശരീരം സൂക്ഷ്മമായ കോശങ്ങളാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഒരു കോശത്തിന്റെ കേന്ദ്രഭാഗത്തെ ന്യൂക്ളിയസ് (Nucleus) എന്ന് പറയുന്നു. അതിനകത്ത് ക്രോമസോം (chromosome) തന്തുക്കക്കൾ ജോഡികളായി കാണപ്പെടുന്നു. എല്ലാ ജീവജാലങ്ങളുടെയും ശരീരകോശങ്ങളിലെ ജീവൽ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ഡി.എൻ.എ ഉൾപ്പെട്ടിരിക്കുന്ന ന്യൂക്ലിയോ പ്രോട്ടീൻ തന്മാത്രാ സങ്കലനമാണ് ക്രോമസോമുകൾ. ഇവയുടെ ഇഴപിരിയലും വേർപെടലും കോശവിഭജനത്തിന് അത്യന്താപേക്ഷിതമാണ്. ജീവജാലങ്ങളിലോരോന്നിലും കോശങ്ങളിൽ ക്രോമസോമുകളുടെ സംഖ്യ സ്ഥിരമാണ്. മനുഷ്യനിൽ ഓരോ കോശത്തിലും 23 ജോഡി അഥവാ 46 ക്രോമസോമുകളുണ്ട്. ക്രോമസോം നോക്കിയാണ് ആൺകുട്ടിയാണോ പെൺകുട്ടിയാണോ എന്ന് നിശ്ചയിക്കുന്നത്.

അതായത്, ഒരു സ്ത്രീയുടെ അണ്ഡത്തിൽ XX ക്രോമസോമുകൾ മാത്രമാണുള്ളത്. എന്നാൽ പുരുഷന്റെ ബീജത്തിൽ XY ക്രോമസോമുകൾ ഉണ്ട്. പുരുഷ ബീജത്തിലെ X ക്രോമസോം സ്ത്രീയുടെ അണ്ഡത്തിലെ Xഉം ആയിട്ടാണ് യോജിക്കുന്നതെങ്കിൽ കുട്ടി പെണ്ണായിരിക്കും. പുരുഷ ബീജത്തിലെ Y ക്രോമസോം ആണ് സ്ത്രീയുടെ അണ്ഡത്തിലെ X ക്രോമസോമുമായി സംഗമിക്കുന്നതെങ്കിൽ കുട്ടി ആണായിരിക്കും. വസ്തുത ഇതായിരിക്കെ എങ്ങനെ സ്ത്രീയെ കുറ്റപ്പെടുത്തും? അവൾ എന്ത് പിഴച്ചു? സ്ത്രീയുടെ അണ്ഡത്തിലെ X ക്രോമസോം പുരുഷബീജത്തിലെ X Y ക്രോമസോമുകളിൽ ഏതുമായി ചേരണമെന്ന് തീരുമാനിക്കുന്നതിൽ പുരുഷനോ സ്ത്രീക്കോ

**തന്റെ ഭാര്യ പ്രസവിച്ചത് മുഴുവൻ പെൺകുട്ടികളാണെങ്കിൽ നീരസം പ്രകടിപ്പിക്കുന്ന, 'അയ്യേ ഇവളെന്തേ ഇങ്ങനെ, ഇവളെ കെട്ടിയത് അബദ്ധമായല്ലോ' എന്ന് മനസ്സിൽ പറയുകയെങ്കിലും ചെയ്യുന്നവരില്ലേ? ഭാര്യയെ കുത്തുവാക്കുകൾകൊണ്ട് വേദനിപ്പിക്കുന്നവരില്ലേ? ആക്ഷേപിക്കുന്നവരില്ലേ? ഇത് കുറ്റപ്പെടുത്തേണ്ട ഒരു കാര്യമാണെങ്കിൽ വാസ്തവത്തിൽ ശാസ്ത്രമനുസരിച്ച് നോക്കുമ്പോൾ ഭാര്യയെയല്ല ഭർത്താവിനെയാണ് അതിന്റെ പേരിൽ കുറ്റപ്പെടുത്തേണ്ടിവരിക. കാരണം പുരുഷന്റെ ബീജത്തിൽ അടങ്ങിയിട്ടുള്ള X Y ക്രോമസോമുകളുടെ ഘടനയുടെ കാരണത്താലാണ് ഒരു കുഞ്ഞ് പെൺകുഞ്ഞാകുന്നതിന്റെയും ആൺകുഞ്ഞാകുന്നതിന്റെയും അവസ്ഥകൾ മാറിമാറി വരുന്നത്.**

യാതൊരു പങ്കുമില്ല എന്നതല്ലേ യാഥാർഥ്യം? ആരും കുറ്റക്കാരല്ല. പക്ഷേ, സമൂഹത്തിലെ പൊതുധാരണ പെൺകുഞ്ഞുങ്ങൾ മാത്രം ജനിക്കുന്നത് പെണ്ണിന്റെ 'കുഴപ്പ'മാണ് എന്നാണ്.

ഈ രണ്ട് ക്രോമസോമുകളുടെ തോതിൽ ചില ഏറ്റക്കുറച്ചിലുകൾ സംഭവിക്കുമ്പോൾ പലപ്പോഴും ജന്മനാ ചില വൈകല്യങ്ങൾ കുട്ടികളിൽ കണ്ടുവരുന്നു; ജനിതക തകരാറുകൾ മുഖേനയുള്ള ചില വൈകല്യങ്ങൾ. അഥവാ പൂർണമായ അർഥത്തിൽ ആണോ പൂർണമായ അർഥത്തിൽ പെണ്ണോ അല്ലാത്ത കുഞ്ഞുങ്ങൾ ജനിക്കുന്നു. അത്തരം വ്യക്തികൾ 'ഹിജഡകൾ' എന്നോ 'നപുംസകങ്ങൾ' എന്നോ വിളിക്കപ്പെടുന്നു. 'ട്രാൻസ്ജെൻഡർ' എന്ന് അറിയപ്പെടുന്ന അത്തരത്തിലുള്ള ആളുകളുടെ വിഷയത്തിലും ഇസ്‌ലാമിന് ചിലത് പറയാനുണ്ട്.

ഇതിന്റെ പേരിൽ സോഷ്യൽ മീഡിയയിലൂടെയും മറ്റും ചിലർ ഇസ്‌ലാമിനെ ആക്ഷേപിക്കുന്നതായി കണ്ടുവരുന്നുണ്ട്. 'ട്രാൻസ്ജെൻഡർ' വ്യക്തികളെ ഇസ്‌ലാം അസ്പൃശ്യരായി കാണുന്നു, അവരെ അവഗണിക്കുന്നു, അവർക്ക് അവകാശങ്ങൾ നൽകുന്നില്ല, അവരോട് അനീതി കാണിക്കുന്നു എന്നൊക്കെയാണ് ആരോപണങ്ങൾ.

മനുഷ്യത്വത്തിന്റെയും മാനവികതയുടെയും മതമാണെന്ന് ഉദ്ഘോഷിക്കുന്ന ഇസ്‌ലാമിൽ അനീതിയുണ്ട്, ഇസ്‌ലാമിക നിയമങ്ങൾ സമ്പൂർണമല്ല, അതിൽ പൊളിച്ചെഴുത്തും നവീകരണവും ആവശ്യമുണ്ട് എന്നൊക്കെ ഇക്കൂട്ടർ മുറവിളികൂട്ടുന്നു.

സത്യത്തിൽ ഇതിലൊക്കെ വല്ല കഴമ്പുമുണ്ടോ? ട്രാൻസ്ജെൻഡർ ദമ്പതികളെ മഹല്ലിൽനിന്നും വിലക്കിയിരിക്കുന്നു, അവരെ മനുഷ്യരായി അംഗീകരിക്കുവാൻ സാധ്യമാകാത്ത നിലയ്ക്കാണ് പള്ളി മഹല്ലുകാർ ഇടപെടുന്നത് എന്ന് ചാനലുകളിൽ വന്ന് സംസാരിക്കുന്നവർ തിരിച്ചറിയേണ്ട ചില കാര്യങ്ങളുണ്ട്. ആരെങ്കിലും അറിവില്ലായ്മ കാരണം അങ്ങനെ ചെയ്തിട്ടുണ്ടോ എന്നറിയില്ല.

ഇസ്‌ലാം ആരെയും അവരുടെ ജന്മനാലുള്ളതോ അല്ലാത്തതോ ആയ തകരാറുകൾ കാരണം മാറ്റി നിർത്തുന്നില്ല. ഒരാളെയും അവഗണിക്കുകയോ പുച്ഛിക്കുകയോ പരിഹസിക്കുകയോ നിസ്സാരമായി കാണുകയോ ചെയ്യുന്നില്ല. അങ്ങനെ ചെയ്യുവാൻ പഠിപ്പിക്കുന്നുമില്ല. മറിച്ച് അതിനെതിരാണ് ഇസ്‌ലാമിന്റെ അധ്യാപനങ്ങളുള്ളത്.

മനുഷ്യൻ സുന്ദരനായ ഒരു സൃഷ്ടിയാണ്. അവന്റെ /അവളുടെ/ശരീരത്തിന്റെ ഘടന അതിമനോഹരമാണ്. എന്നാൽ ചില ന്യൂനതകളോടെ ജനിക്കുന്നവരുണ്ട്. കാഴ്ചയില്ലാത്തവർ, കേൾവിയില്ലാത്തവർ, കൈയില്ലാത്തവർ... ഇങ്ങനെ പലവിധത്തിലുള്ള

**ഈ രണ്ട് ക്രോമസോമുകളുടെ തോതിൽ ചില ഏറ്റക്കുറച്ചിലുകൾ സംഭവിക്കുമ്പോൾ പലപ്പോഴും ജന്മനാ ചില വൈകല്യങ്ങൾ കുട്ടികളിൽ കണ്ടുവരുന്നു; ജനിതക തകരാറുകൾ മുഖേനയുള്ള ചില വൈകല്യങ്ങൾ. അഥവാ പൂർണമായ അർഥത്തിൽ ആണോ പൂർണമായ അർഥത്തിൽ പെണ്ണോ അല്ലാത്ത കുഞ്ഞുങ്ങൾ ജനിക്കുന്നു. അത്തരം വ്യക്തികൾ 'ഹിജഡകൾ' എന്നോ 'നപുംസകങ്ങൾ' എന്നോ വിളിക്കപ്പെടുന്നു. 'ട്രാൻസ്ജെൻഡർ' എന്ന് അറിയപ്പെടുന്ന അത്തരത്തിലുള്ള ആളുകളുടെ വിഷയത്തിലും ഇസ്‌ലാമിന് ചിലത് പറയാനുണ്ട്.**

ന്യൂനതകൾ. ഇത് അല്ലാഹുവിന്റെ തീരുമാനത്തിന്റെ ഭാഗമാണ്. അവർക്കും രക്ഷിതാക്കൾക്കുമൊക്കെയുള്ള പരീക്ഷണവുമാണ്.

ഇതിന്റെയൊന്നും പേരിൽ ആരെയെങ്കിലും നിന്ദിക്കുവാനോ അപഹസിക്കുവാനോ പരിഹാസപ്പേരുകൾ വിളിക്കുവാനോ കളിയാക്കുവാനോ ഇസ്‌ലാം അനുവാദം നൽകുന്നില്ല. എന്നു മാത്രമല്ല അത് വിലക്കുകയാണ് ചെയ്തിട്ടുള്ളത്. ഉയരക്കുറവുള്ളവൻ ഭാഷയിൽ കുള്ളനാണ്. എന്നാൽ അവനെ 'കുള്ളൻ' എന്ന് വിളിക്കുവാൻ പാടില്ല.

ഇതുപോലെ ലൈംഗികാവയവങ്ങളുടെ കാര്യത്തിലും ചില വൈകല്യങ്ങൾ കാണപ്പെടുന്നു. അവരാണ് ഈ സമൂഹത്തിൽ ട്രാൻസ്ജെൻഡറുകൾ എന്ന് അറിയപ്പെടുന്നത്. പൂർണാർഥത്തിൽ പുരുഷനോ സ്ത്രീയോ അല്ലാത്തവർ. പുരുഷനല്ല, സ്ത്രീയുമല്ല. അവരെ എല്ലായിടത്തുനിന്നും മാറ്റി നിർത്തണം, അവഗണിക്കണം എന്നല്ല ഇസ്‌ലാം പറയുന്നത്. ഇവരെ ഇസ്‌ലാം കാണാതെ പോയിട്ടില്ല. പുരുഷന് ഇസ്‌ലാമിൽ ചില നിയമങ്ങ



**ഇസ്‌ലാം ആരെയും അവരുടെ ജന്മനാലുള്ളതോ അല്ലാത്തതോ ആയ തകരാറുകൾ കാരണം മാറ്റി നിർത്തുന്നില്ല. ഒരാളെയും അവഗണിക്കുകയോ പുച്ഛിക്കുകയോ പരിഹസിക്കുകയോ നിസ്സാരമായി കാണുകയോ ചെയ്യുന്നില്ല. അങ്ങനെ ചെയ്യുവാൻ പഠിപ്പിക്കുന്നുമില്ല. മറിച്ച് അതിനെതിരാണ് ഇസ്‌ലാമിന്റെ അധ്യാപനങ്ങളുള്ളത്. മനുഷ്യൻ സുന്ദരനായ ഒരു സൃഷ്ടിയാണ്. അവന്റെ /അവളുടെ/ശരീരത്തിന്റെ ഘടന അതിമനോഹരമാണ്. എന്നാൽ ചില ന്യൂനതകളോടെ ജനിക്കുന്നവരുണ്ട്. കാഴ്ചയില്ലാത്തവർ, കേൾവിയില്ലാത്തവർ, കൈയില്ലാത്തവർ... ഇങ്ങനെ പലവിധത്തിലുള്ള ന്യൂനതകൾ. ഇത് അല്ലാഹുവിന്റെ തീരുമാനത്തിന്റെ ഭാഗമാണ്. അവർക്കും രക്ഷിതാക്കൾക്കുമൊക്കെയുള്ള പരീക്ഷണവുമാണ്.**

ളുണ്ട്, സ്ത്രീക്ക് നിയമങ്ങളുണ്ട്, അതുപോലെ ലിംഗം ഏതെന്ന് തിരിച്ചറിയപ്പെടാത്ത ഒരവസ്ഥയിലുള്ള ആളുകളുടെ കാര്യത്തിലും ഇസ്‌ലാമിന് പറയാനുണ്ട്. അത്യപൂർവമാണെങ്കിലും ചിലരിൽ ജന്മനാ പുരുഷലിംഗവും സ്ത്രീയുടെ ലൈംഗിക അവയവവും ഉണ്ടാകും. രണ്ടും ഇല്ലാതെ മൂത്രവിസർജനത്തിനുവേണ്ടി ഒരു ചെറുദ്വാരം മാത്രം ഉള്ളവരും ഉണ്ട്.

ഇവർ ആണാണോ പെണ്ണാണോ എന്ന് എങ്ങനെ തിരിച്ചറിയപ്പെടും? ഇവരുടെ വിഷയത്തിൽ, ഇവരുമായുള്ള വിവാഹത്തിന്റെ കാര്യത്തിൽ, ഇവരുടെ അനന്തരാവകാശത്തിന്റെ നിയമത്തിൽ, ആരാധനാവിഷയങ്ങളിൽ ഇസ്‌ലാം എന്ത് പറയുന്നു?

സ്ത്രീയുടെയും പുരുഷന്റെയും ലൈംഗികാവയവമുള്ളവർ ഏതു ഗണത്തിൽ പെടും? ആധുനിക ശാസ്ത്രം ഈ വിഷയത്തിൽ അഭിപ്രായം പറയുന്നതിനുമുമ്പേ ആദ്യകാല പണ്ഡിതന്മാർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ചെറുപ്രായത്തിൽ തന്നെ ഇത് പുരുഷനാണോ സ്ത്രീയാണോ എന്ന് മനസ്സിലാക്കപ്പെടാൻ അവർ ഒരു മാനദണ്ഡം പറഞ്ഞത് മൂത്ര വിസർജനം നടക്കുന്നത് ഏതിലൂടെയാണ് എന്ന് നോക്കണം എന്നാണ്. മൂത്ര വിസർജനം നടക്കുന്നത് പുരുഷലിംഗത്തിലൂടെയാണെങ്കിൽ അയാൾ പുരുഷനാണെന്ന് കണക്കാക്കപ്പെടണം. സ്ത്രീലൈംഗികാവയവത്തിലൂടെയാണ് മൂത്രവിസർജനം നടക്കുന്നത് എങ്കിൽ പെണ്ണായും കണക്കാക്കപ്പെടണം.

പ്രായപൂർത്തി ആയതിനുശേഷം പരിശോധിക്കപ്പെടേണ്ടുന്ന പല മാനദണ്ഡങ്ങളും പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. താടിരോമങ്ങളും മീശയും മുളയ്ക്കുകയോ പുരുഷലിംഗത്തിലൂടെ ശുക്ലസ്രാവം നടക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അയാൾ പുരുഷനാണ്. പുരുഷന്റെ വിധികളാണ് അവന് ബാധകം. ഇനി, അയാളിൽ സ്ത്രീകൾക്കുണ്ടാകുന്നത് പോലെയുള്ള സ്തനവളർച്ചയുണ്ട്, അല്ലെങ്കിൽ അവൾ ഋതുമതിയാകുന്നുണ്ട് എങ്കിൽ ആ വ്യക്തി ഒരു പെണ്ണാണ്. ഒരു സ്ത്രീയുടെ വിധിയാണ് അവൾക്കുള്ളത്. പ്രസവിക്കുന്നു എങ്കിൽ ഇതിലൊക്കെ അപ്പുറമുള്ള തെളിവായി. എന്തായിരുന്നാലും അത് സ്ത്രീ തന്നെ. അതിൽ യാതൊരു സംശയവുമില്ല.

ഇനി ഒരാളിൽ ഇതൊന്നും പ്രകടമല്ല എങ്കിൽ അവർക്ക് ആരോടാണ് അഭിനിവേശം എന്ന് നോക്കി തീരുമാനിക്കാം എന്നാണ് പണ്ഡിതപക്ഷം. പൊതുവെ എതിർലിംഗത്തോടാണല്ലോ ലൈംഗിക അഭിനിവേശം തോന്നുക. ഇങ്ങനെയുള്ള ഒരാൾക്ക് സ്ത്രീയോടാണ് ലൈംഗികമായ അഭിനിവേശം തോന്നുന്നത് എങ്കിൽ അയാൾ പുരുഷനാണ്. പുരുഷനോടാണ് അഭിനിവേശം തോന്നുന്നതെങ്കിൽ സ്ത്രീയാണ്.

പൗരുഷത്തിന്റെ അടയാളങ്ങളോ സ്ത്രൈണതയുടെ അടയാളങ്ങളോ ഒന്നും വ്യക്തമാകാത്ത

അവസ്ഥയിലുള്ളവരുമുണ്ടാകും എന്ന് സൂചിപ്പിച്ചു വല്ലോ. അവരെ ആണായിട്ടാണോ കാണേണ്ടത്, അതോ പെണ്ണായിട്ടോ? ചില പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത് അയാളുടെ വാക്കാണ് സ്വീകരിക്കപ്പെടേണ്ടത് എന്നാണ്. അഥവാ അയാൾ 'ഞാൻ പുരുഷനാണ്, എനിക്കു സ്ത്രീകളോടാണ് അഭിനിവേശം' എന്നു പറഞ്ഞാൽ അയാൾ പുരുഷനാണ്. 'ഞാൻ സ്ത്രീയാണ്, എനിക്ക് പുരുഷന്മാരോടാണ് അഭിനിവേശം' എന്നു പറഞ്ഞാൽ അത് സ്ത്രീയാണ്.

ഒരു സ്ത്രീ ഞാൻ ഋതുമതിയാണ് എന്ന് പറയുമ്പോൾ വേറെ പരിശോധനയ്ക്ക് ഒന്നും പോകാറില്ലല്ലോ. അവളുടെ ഋതുമതിയാണ് എന്ന വാക്കാണ് സ്വീകരിക്കാറുള്ളത്. ഒരു സ്ത്രീയുടെ ഇദ്ദ കാലം കഴിയാൻ അവളുടെ ശുദ്ധി കാലമാണല്ലോ പരിഗണിക്കപ്പെടുന്നത്. അവിടെയും ഇസ്‌ലാമിക കർമശാസ്ത്രത്തിൽ അവൾ പറയുന്ന വാക്കാണല്ലോ നമ്മൾ മുഖവിലയ്ക്ക് എടുക്കാറുള്ളത്. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള ഘട്ടങ്ങളിൽ ഇസ്‌ലാം എന്താണോ അവരുടെ വാക്കായി മികച്ചുനിൽക്കുന്നത് ആ വാക്കിനു തന്നെ പ്രാധാന്യം നൽകണം എന്നാണ് പല പണ്ഡിതന്മാരും ഈ വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്.

ആധുനിക കാലഘട്ടത്തിൽ പഴയകാലത്തെ ഒരുപാട് സംവിധാനങ്ങൾ വൈദ്യശാസ്ത്രരംഗത്ത് ലഭ്യമാണ്. അതുകൊണ്ട് ഈ പരിശോധനയെക്കാളൊക്കെ അപ്പുറം പരിശോധിക്കപ്പെടാൻ സാധിക്കും. ഒരാളിലുള്ള സ്‌ത്രൈണത എത്രത്തോളമുണ്ട്, അയാൾ പുരുഷനാണോ സ്ത്രീയാണോ, പുറമേക്ക് ഒരാളിൽ പ്രകടമാകുന്ന ലക്ഷണങ്ങൾക്കപ്പുറം അയാളിലുള്ളത് പൗരുഷമാണോ സ്‌ത്രൈണതയാണോ എന്നൊക്കെ മനസ്സിലാക്കുവാൻ ഇന്ന് സംവിധാനങ്ങളുണ്ട്, പരിശോധനകളുണ്ട്. ആ പരിശോധനയുടെ അടിസ്ഥാനത്തിൽ ഒരാളെ പുരുഷനായിട്ടാണ് മനസ്സിലാക്കുന്നതെങ്കിൽ അയാൾക്ക് പുരുഷന്റെ നിയമമാണ് ബാധകം. സ്ത്രീയായിട്ടാണ് മനസ്സിലാക്കപ്പെടുന്നതെങ്കിൽ സ്ത്രീയുടെ നിയമങ്ങളും. ഈ വിഷയങ്ങളിൽ പൂർവകാലത്തും ആധുനിക കാലത്തും ധാരാളം ചർച്ചകൾ ഇസ്‌ലാമിക കർമശാസ്ത്ര പണ്ഡിത ലോകത്ത് നടന്നിട്ടുണ്ട്.

ഇന്ന് ചില പുരുഷന്മാർ പെണ്ണായി മാറാൻ വല്ലാതെ കൊതിക്കുന്നു. ചില സ്ത്രീകൾ ആണായി മാറാൻ കൊതിക്കുന്നു. അതിനായി ശസ്ത്രക്രിയകൾ നടത്തുന്നു. ഇത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. സ്ത്രീകളോട് സാദൃശ്യപ്പെടുന്ന പുരുഷന്മാരെയും പുരുഷന്മാരോട് സാദൃശ്യപ്പെടുന്ന സ്ത്രീകളെയും അല്ലാഹുവിന്റെ റസൂൽ ശപിച്ചിരിക്കുന്നു എന്ന് ഹദീഥിൽ കാണാം. അപ്പോൾ പിന്നെ അക്ഷരാർഥത്തിൽ ലിംഗമാറ്റം നടത്തുന്നവരുടെ അവസ്ഥയെന്തായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അല്ലാഹുവിന്റെ റസൂൽ ശപിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ അത് അല്ലാഹുവിന്റെ ശാപമാണ്. അല്ലാഹുവിന്റെ വഹിയ്‌ന്റെ വെളിച്ചത്തിൽ നബി(സ) നമുക്ക് പഠിപ്പിച്ചുതന്ന കാര്യമാണ്.

ഇവിടെ നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. ചിലർ പുരുഷന്മാർ ആയിരിക്കും. പക്ഷേ, അവരിൽ സ്‌ത്രൈണതയുടെ കുറേ സ്വഭാവങ്ങൾ ഉണ്ടാകും. അത് അയാൾ ഉണ്ടാക്കിയിട്ട് ഉണ്ടാകുന്നതല്ല; അയാളുടെ പ്രകൃതമാണ്. സ്ത്രീകളുടെത് പോലെയുള്ള ലജ്ജ, നടത്തം, ഭാവങ്ങൾ, ശബ്ദം തുടങ്ങിയ ഒരു പെണ്ണാണെന്ന് തോന്നിപ്പിക്കുന്ന രൂപത്തിലുള്ള ചില സ്വഭാവങ്ങൾ

ഇന്ന് ചില പുരുഷന്മാർ പെണ്ണായി മാറാൻ വല്ലാതെ കൊതിക്കുന്നു. ചില സ്ത്രീകൾ ആണായി മാറാൻ കൊതിക്കുന്നു. അതിനായി ശസ്ത്രക്രിയകൾ നടത്തുന്നു. ഇത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. സ്ത്രീകളോട് സാദൃശ്യപ്പെടുന്ന പുരുഷന്മാരെയും പുരുഷന്മാരോട് സാദൃശ്യപ്പെടുന്ന സ്ത്രീകളെയും അല്ലാഹുവിന്റെ റസൂൽ ശപിച്ചിരിക്കുന്നു എന്ന് ഹദീഥിൽ കാണാം. അപ്പോൾ പിന്നെ അക്ഷരാർഥത്തിൽ ലിംഗമാറ്റം നടത്തുന്നവരുടെ അവസ്ഥയെന്തായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അല്ലാഹുവിന്റെ റസൂൽ ശപിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ അത് അല്ലാഹുവിന്റെ ശാപമാണ്. അല്ലാഹുവിന്റെ വഹിയ്‌ന്റെ വെളിച്ചത്തിൽ നബി(സ) നമുക്ക് പഠിപ്പിച്ചുതന്ന കാര്യമാണ്.



**ഇന്ന് വ്യക്തിസ്വാതന്ത്ര്യം എന്നു പറഞ്ഞ് സ്വവർഗരതി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ആണും ആണും പെണ്ണും പെണ്ണും തമ്മിൽ വിവാഹം നടക്കുന്നു. ഇവർക്ക് നിയമപരിരക്ഷ ലഭിക്കുന്നു. എന്താണ് വിവാഹത്തിന്റെ ലക്ഷ്യം? മനുഷ്യ പ്രകൃതിയും ഇസ്‌ലാമും പറയുന്നത് ഒരു പുരുഷന് ഇണയാകേണ്ടത് സ്ത്രീയും സ്ത്രീക്ക് ഇണയാകേണ്ടതും പുരുഷനുമാണ് എന്നാണ്. സ്വവർഗാനുരാഗത്തെയും സ്വവർഗ ലൈംഗിക ബന്ധങ്ങളെയും കടുത്ത ഭാഷയിൽ ഇസ്‌ലാം വിരോധിക്കുന്നു. കാരണം അത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്നതാണ്. എല്ലാവരും ആ വഴി സ്വീകരിച്ചാൽ എന്തായിരിക്കും അവസ്ഥ? ഭാവിതലമുറകൾ എങ്ങനെ സൃഷ്ടിക്കപ്പെടും?**

കാണാം. തിരിച്ചുമുണ്ട്; സ്ത്രീയാണ്, പക്ഷേ, അവരിൽ പൗരുഷത്തിന്റെ കുറെ അടയാളങ്ങൾ കാണാം. രോമവളർച്ച, കരുത്തുറ്റ ശരീരപ്രകൃതം, പുരുഷശബ്ദം, മറ്റു ചില പൗരുഷത്തിന്റെ ലക്ഷണങ്ങൾ ഒക്കെ അവരിലും കാണാം. ഇതൊന്നും കൃത്രിമമല്ല, പ്രകൃത്യാ ഉള്ളതാണ്. അതിനാൽതന്നെ ഇവർ ആക്ഷേപിക്കപ്പെടേണ്ടവരല്ല. ഇവർ പ്രവാചകൻ ശപിച്ചവരുടെ കൂട്ടത്തിൽ പെടുന്നവരല്ല.

ഇന്ന് സമൂഹത്തിൽ ഫാഷന്റെ പേരിൽ പെണ്ണിനെപ്പോലെ നടക്കുന്ന ചിലരുണ്ട്. ദിവസവും താടിയും മീശയും വടിച്ച്, സ്ത്രീകളെ പോലെ മുടി നീട്ടിവളർത്തി മെടഞ്ഞിട്ട്, കൈകളിൽ വളകളും കഴുത്തിൽ മാലയും കാതിൽ കടുക്കനിട്ടും മൂക്കുത്തി ധരിച്ചുമൊക്കെ പെണ്ണായി ചമയുന്ന ആണുങ്ങളാണ് അഭിശപ്തർ.

ഇനി വിവാഹത്തിന്റെ കാര്യമെടുക്കുക. ഇന്ന് വ്യക്തിസ്വാതന്ത്ര്യം എന്നു പറഞ്ഞ് സ്വവർഗരതി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ആണും ആണും പെണ്ണും പെണ്ണും തമ്മിൽ വിവാഹം നടക്കുന്നു. ഇവർക്ക് നിയമപരിരക്ഷ ലഭിക്കുന്നു. എന്താണ് വിവാഹത്തിന്റെ ലക്ഷ്യം? മനുഷ്യപ്രകൃതിയും ഇസ്‌ലാമും പറയുന്നത് ഒരു പുരുഷന് ഇണയാകേണ്ടത് സ്ത്രീയും സ്ത്രീക്ക് ഇണയാകേണ്ടതും പുരുഷനുമാണ് എന്നാണ്. സ്വവർഗാനുരാഗത്തെയും സ്വവർഗ ലൈംഗിക ബന്ധങ്ങളെയും കടുത്ത ഭാഷയിൽ ഇസ്‌ലാം വിരോധിക്കുന്നു. കാരണം അത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്നതാണ്. എല്ലാവരും ആ വഴി സ്വീകരിച്ചാൽ എന്തായിരിക്കും അവസ്ഥ? ഭാവിതലമുറകൾ എങ്ങനെ സൃഷ്ടിക്കപ്പെടും?

ലൂത്വ് നബി(അ)യുടെ ജനത കീഴ്മേൽ മറിച്ചിടപ്പെട്ടത് സ്വവർഗ ലൈംഗികത കൊണ്ടായിരുന്നു. സ്ത്രീകളെ കൂടാതെ അവർ പുരുഷന്മാരെയും അവരുടെ ലൈംഗികദാഹശമനത്തിനു വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു.

തലതിരിഞ്ഞ പുരോഗമന ചിന്ത ഈ ദുഷ്കർമത്തെ ഇന്ന് വാരിപ്പുണരുന്നതിലേക്ക് നയിക്കുകയാണ്. 'ഇതിൽ എന്താണ് തകരാറ്? ഞങ്ങൾക്ക് രണ്ടാൾക്കും ഇഷ്ടമാണ്, ഞങ്ങളുടെ കാര്യം ഞങ്ങൾ തീരുമാനിക്കും, ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല' എന്ന് ഇവർ പറയുന്നു.

അങ്ങനെ ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതാവാം. എന്നാൽ ഒരു മുസ്‌ലിമിന് അതിന് സ്വാതന്ത്ര്യമില്ല. അവൻ ഇസ്‌ലാമിന്റെ നിയമനിർദേശങ്ങൾ അനുസരിക്കേണ്ടതുണ്ട്. അത് പാലിക്കൽ അവന്റെ വിശ്വാസത്തിന്റെ ഭാഗമാണ്. അവന്റെ ധാർമികതയുടെ ഭാഗമാണ്.

ഇസ്‌ലാം മാനവികതയുടെ മതമാണ്. മനുഷ്യപ്രകൃതത്തെ നന്നായിട്ടറിയുന്ന സ്രഷ്ടാവിന്റെ മതമാണ്. അതിൽ മൃഗീയതക്ക് സ്ഥാനമില്ല. മനുഷ്യന്റെ നിലനിൽപിനെ പ്രതികൂലമായി ബാധിക്കുന്ന നിയമങ്ങൾ അതിൽകാണുവാൻ സാധ്യമല്ല. അതാണ് ഇസ്‌ലാമിന്റെ സവിശേഷത.

ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന ഗേ (Gay) കമ്യൂണിറ്റി എന്ന വാക്കിനുപകരം 1980കളിലാണ്

**ലൈംഗിക സ്വാതന്ത്ര്യത്തിന്റെ പേരു പറഞ്ഞ് LGBT എന്ന പേരിൽ പുതിയ ഒരു കമ്യൂണിറ്റി തന്നെ ഉയർന്നുവരികയാണ്. Lesbian ൻെറ Lഉം GAYയുടെ Gയും Bisexualന്റെ Bയും Transgenderന്റെ Tയും ചേർന്നതാണ് ഈ LGBT. ലൈംഗികദാഹം തീർക്കാൻ ലിംഗവ്യത്യാസം നോക്കേണ്ടതില്ല എന്ന ഈ ചിന്താഗതിയെ മൃഗീയം എന്നു പോലും വിശേഷിപ്പിക്കാൻ സാധ്യമല്ല. കാരണം മൃഗങ്ങളൊന്നും എതിർലിംഗത്തിലുള്ളവയോടല്ലാതെ ഇണചേരാറില്ല.**

LGB എന്ന പദം ഉപയോഗിച്ച്തുടങ്ങിയത്. പിന്നീട് 1990ൽ LGB പരിഷ്കരിച്ചു LGBT എന്നാക്കി. അമേരിക്കയിലും മറ്റും ലിംഗഭേദം/ലൈംഗികത എന്നിവ അടിസ്ഥാനമാക്കിയുള്ള സംഘടനകൾക്കിടയിൽ ഈചുരുക്കപ്പേര് വളരെവേഗം പ്രചാരം നേടുകയും അത് ഈ സമൂഹങ്ങളെ അഭിസംബോധന ചെയ്യുവാനുള്ള മുഖ്യധാരാപദമായി മാറുകയും ചെയ്തു. ചിലപ്പോൾ intersex ആയുള്ള സമൂഹങ്ങളെകൂടി ഉൾകൊള്ളിച്ചുകൊണ്ട് LGBTI എന്നും വിളിക്കാറുണ്ട്.

ലൈംഗിക സ്വാതന്ത്ര്യത്തിന്റെ പേരു പറഞ്ഞ് LGBT എന്ന പേരിൽ പുതിയ ഒരു കമ്യൂണിറ്റി തന്നെ ഉയർന്നുവരികയാണ്. Lesbianൻെറ Lഉം GAYയുടെ Gയും Bisexualന്റെ Bയും Transgenderന്റെ Tയും ചേർന്നതാണ് ഈ LGBT. ലൈംഗികദാഹം തീർക്കാൻ ലിംഗവ്യത്യാസം നോക്കേണ്ടതില്ല എന്ന ഈ ചിന്താഗതിയെ മൃഗീയം എന്നു പോലും വിശേഷിപ്പിക്കാൻ സാധ്യമല്ല. കാരണം മൃഗങ്ങളൊന്നും എതിർലിംഗത്തിലുള്ളവയോടല്ലാതെ ഇണചേരാറില്ല.

ചിലരിൽ പുരുഷത്വം അപൂർണരൂപത്തിലുണ്ടാകും. ചിലരിൽ സ്ത്രീത്വം അപൂർണ രൂപത്തിലുണ്ടാകും. മതവിധികളുടെ കാര്യത്തിൽ, പുരുഷഭാവം മുന്നിട്ടു നിൽക്കുന്നവരെ പുരുഷന്മാരായും സ്ത്രൈണ ഭാവം മുന്നിട്ടു നില്ക്കുന്നവരെ സ്ത്രീകളായും പരിഗണിക്കണമെന്ന് കർമശാസ്ത്ര പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സ്വവർഗരതി പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ നിഷിദ്ധമായതിനാൽ നപുംസകങ്ങൾക്കും അത് നിഷിദ്ധം തന്നെയാണ്.

സദാചാര, ധാർമിക വിരുദ്ധമായ ഈ ചെയ്തിയെ ഇസ്‌ലാം നഖശിഖാന്തം എതിർക്കുന്നു എന്നതിനാൽ തന്നെ ഇസ്‌ലാം ഇവരുടെ കണ്ണിലെ കരടാണ്. അവർ ഇസ്‌ലാമിനെ കരിവാരിത്തേക്കാനായി ദുരാരോപണങ്ങൾ ഉയർത്തിക്കൊണ്ടേയിരിക്കുന്നു. ട്രാൻസ്ജെൻഡർ പോലുള്ള വിഷയങ്ങളിൽ മൗനം പാലിക്കുന്ന ഇസ്‌ലാമിക നിയമങ്ങൾ നവീകരിക്കണമെന്ന്



**സദാചാര, ധാർമിക വിരുദ്ധമായ ഈ ചെയ്തിയെ ഇസ്‌ലാം നഖശിഖാന്തം എതിർക്കുന്നു എന്നതിനാൽ തന്നെ ഇസ്‌ലാം ഇവരുടെ കണ്ണിലെ കരടാണ്. അവർ ഇസ്‌ലാമിനെ കരിവാരിത്തേക്കാനായി ദുരാരോപണങ്ങൾ ഉയർത്തിക്കൊണ്ടേയിരിക്കുന്നു. ട്രാൻസ്ജെൻഡർ പോലുള്ള വിഷയങ്ങളിൽ മൗനം പാലിക്കുന്ന ഇസ്‌ലാമിക നിയമങ്ങൾ നവീകരിക്കണമെന്ന് വാദിക്കുന്നു. കഥയറിയാതെ ആട്ടം കാണുന്ന ചില മുസ്‌ലം നാമധാരികളെങ്കിലും അതിനെ പിന്താങ്ങുകയും ചെയ്യുന്നു. പൊതുവായ അറിവെങ്കിലും നമുക്ക് ഈ വിഷയത്തിലും ഉണ്ടായിത്തീരേണ്ടതുണ്ട്.**

**ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ചുള്ള അജ്ഞതക്ക് മാറ്റം വരണം**



വാദിക്കുന്നു. കഥയറിയാതെ ആട്ടം കാണുന്ന ചില മുസ്‌ലിം നാമധാരികളെങ്കിലും അതിനെ പിന്താങ്ങുകയും ചെയ്യുന്നു. പൊതുവായ അറിവെങ്കിലും നമുക്ക് ഈ വിഷയത്തിലും ഉണ്ടായിത്തീരേണ്ടതുണ്ട്. ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ചുള്ള അജ്ഞതക്ക് മാറ്റം വരണം.

ഇസ്‌ലാമിന്റെ മേന്മ മനസ്സിലാക്കിയ ചില വിമർശകരുണ്ട്. അവരുടെ ശ്രമം ഈ മേന്മ ജനങ്ങൾ അറിയാതിരിക്കുവാനാണ്. ഇസ്‌ലാമോഫോബിയ വ്യാപിപ്പിക്കുക എന്നതാണ് അതിനായി അവർ ചെയ്യുകൊണ്ടിരിക്കുന്നത്. വേറൊരു വിഭാഗം ഇസ്‌ലാമിനെ തെറ്റായി മനസ്സിലാക്കിയവരാണ്. അവർക്ക് ഇസ്‌ലാമിനെക്കുറിച്ചുള്ള ചില കേട്ടുകേൾവിയേ ഉള്ളൂ. അതുപോലെ വിമർശകരിൽനിന്നുള്ള തെറ്റായ അറിവേ അവർക്ക് ലഭിച്ചിട്ടുള്ളൂ. അടിസ്ഥാനപരമായിട്ട് അവർ മനസ്സിലാക്കിയിട്ടില്ല. അവരോടാണ് നമുക്ക് സംസാരിക്കുവാനുള്ളത്. ഉറങ്ങുന്നവരെയാണ്, ഉറക്കം നടിക്കുന്നവരെയല്ല വിളിച്ചുണർത്താനാവുക. സമൂഹത്തിൽ ഭൂരിപക്ഷവും ഉറങ്ങുന്നവരാണ്. അഥവാ ഇസ്‌ലാം എന്താണെന്നറിയാത്തവരാണ്.

ഓരോ വിഷയങ്ങളും ഉയർന്നുവരുമ്പോൾ അതിന്റെ ഇസ്‌ലാമിക വശം കൃത്യമായി പഠിക്കുകയും ജനങ്ങൾക്ക് അത് പകർന്നുകൊടുക്കുകയും ചെയ്യേണ്ടതുണ്ട്.

ഇസ്‌ലാം നപുംസകങ്ങളെ അവഗണിച്ചു എന്നു പറയുന്നത് ശുദ്ധ അജ്ഞതയാണ്. നൂറ്റാണ്ടുകളായി മുസ്‌ലിം സമൂഹം കൈകാര്യം ചെയ്യുപോരുന്ന കർമശാസ്ത്ര ഗ്രന്ഥങ്ങളിലെല്ലാം 'കിതാബുൽ ഖുൻസാ' (നപുംസകങ്ങൾ) എന്ന ഒരു ഭാഗം തന്നെയുണ്ട്. ചിലർ തദ്‌വിഷയകമായ സ്വതന്ത്രരചനകൾ തന്നെ നിർവഹിച്ചിട്ടുണ്ട്. ശാഫിഈ കർമശാസ്ത്ര വിശാരദനായിരുന്ന ജമാലുദ്ദീൻ ഇസ്‌നവി(റ)യുടെ 'കിതാബു ഈളാഹിൽ മുശ്‌കിൽ ഫീ അഹ്‌കാമിൽ ഖുൻസൽ മുശ്‌കിൽ' ഒരു ഉദാഹരണം.

കൂടുതൽ കൂടുതൽ പഠിക്കുക, ചിന്തിക്കുക, അന്വേഷിക്കുക, അറിയുക എന്ന് മാത്രമാണ് ഈ അവസരത്തിൽ ഓർമപ്പെടുത്താനുള്ളത്. അല്ലാഹുവിന്റെ മതം സാർവകാലികമാണ്. അതിൽ പോരായ്മകളോ വൈരുധ്യങ്ങളോ മാനവവിരുദ്ധമായ കാര്യങ്ങളോ ഇല്ല. കാരണം അത് മനുഷ്യ മസ്തിഷ്കങ്ങളിൽനിന്ന് ഉത്ഭൂതമായ നിയമങ്ങളുടെയോ തത്ത്വങ്ങളുടെയോ സമാഹാരമല്ല. മറിച്ച് എല്ലാം അറിയുന്നവനും യുക്തിമാനും സർവശക്തനുമായവന്റെ നിയമങ്ങളാണ്. ■





# ദയാവധം അനുവദിക്കാനാകുമോ?

ഡോ. ടി. കെ യൂസുഫ്
:9349798262

ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി നാളിതുവരെ നിരവധി പേർ നിയമയുദ്ധം നടത്തിയിട്ടുണ്ട്. എന്നാൽ മരിക്കാനുള്ള അവകാശത്തിനുവേണ്ടി പലരും കോടതി കയറുന്നതും ഇന്ന് പത്രങ്ങളിൽ വാർത്തയായി മാറിക്കൊണ്ടിരിക്കുകയാണ്. രോഗത്തിന്റെയും വാർധക്യത്തിന്റെയും വിഷമതകൾ അനുഭവിച്ച് ഏകാന്തതയുടെ തടവറയിൽ കഴിയുന്ന തങ്ങൾക്ക് മരിക്കാൻ അനുമതി നൽകണം എന്നാണ് പ്രസ്തുത വ്യക്തികൾ കോടതിയോട് ആവശ്യപ്പെടുന്നത്.

അസഹനീയമായ വേദനയും ദുരിതവും അനുഭവിക്കുന്ന മാറാരോഗികൾക്ക് അവയിൽനിന്നും മോചനം ലഭിക്കാനുതകുന്ന വിധത്തിൽ ജീവിതം അവസാനിപ്പിക്കാൻ അവസരം നൽകുന്നതിനാണല്ലോ ദയാവധം എന്ന് പറയുന്നത്. രോഗശമനം അസാധ്യമായ രോഗികളുടെ കഥകഴിക്കുന്നത് അവരോടുള്ള ദയയായി പരിഗണിക്കുന്നത് കൊണ്ടാകാം ഈ കൊലപാതകത്തിന് 'ദയാവധം' എന്ന പേര് ലഭിച്ചത്.

ഒരു വ്യക്തി അവന്റെ മരണത്തിന് മൗനാനുവാദം നൽകുന്നതിനെ ആത്മഹത്യക്ക് തുല്യമായിട്ടാണ് ഇസ്‌ലാം കാണുന്നത്. ദൈവത്തിന്റെ വരദാനമായ ജീവനെ വകവരുത്താൻ മനുഷ്യന് അധികാരമില്ല എന്ന വിശ്വാസം തന്നെയാണ്

**അസഹനീയമായ വേദനയും ദുരിതവും അനുഭവിക്കുന്ന മാറാരോഗികൾക്ക് അവയിൽനിന്നും മോചനം ലഭിക്കാനുതകുന്ന വിധത്തിൽ ജീവിതം അവസാനിപ്പിക്കാൻ അവസരം നൽകുന്നതിനാണല്ലോ ദയാവധം എന്ന് പറയുന്നത്. രോഗശമനം അസാധ്യമായ രോഗികളുടെ കഥകഴിക്കുന്നത് അവരോടുള്ള ദയയായി പരിഗണിക്കുന്നത് കൊണ്ടാകാം ഈ കൊലപാതകത്തിന് 'ദയാവധം' എന്ന പേര് ലഭിച്ചത്. ഒരു വ്യക്തി അവന്റെ മരണത്തിന് മൗനാനുവാദം നൽകുന്നതിനെ ആത്മഹത്യക്ക് തുല്യമായിട്ടാണ് ഇസ്‌ലാം കാണുന്നത്. ദൈവത്തിന്റെ വരദാനമായ ജീവനെ വകവരുത്താൻ മനുഷ്യന് അധികാരമില്ല എന്ന വിശ്വാസം തന്നെയാണ് ഭൂരിഭാഗം മതങ്ങൾക്കുമുള്ളത്. അതുകൊണ്ടാണ് ലോകത്തുള്ള മതാധിഷ്ഠിത നിയമസംഹിതകളെല്ലാം ആത്മഹത്യയും ദയാവധവും നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളത്.**



ഭൂരിഭാഗം മതങ്ങൾക്കുമുള്ളത്. അതുകൊണ്ടാണ് ലോകത്തുള്ള മതാധിഷ്ഠിത നിയമസംഹിതകളെല്ലാം ആത്മഹത്യയും ദയാവധവും നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളത്.

1920 ലാണ് ലോകത്തിലാധ്യമായി ദയാവധം എന്ന പ്രശ്നം കോടതിയുടെ മുമ്പിലെത്തിയത്. ഒരു അമേരിക്കൻ പൗരൻ തന്റെ നിത്യരോഗിയായ ഭാര്യക്ക് അവളുടെ ആവശ്യപ്രകാരം വിഷം നൽകി വധിച്ചു എന്നതായിരുന്നു കേസിനാസ്പദമായ സംഭവം. ഇതിനെ തുടർന്ന് ലോകരാജ്യങ്ങളിലെ നീതിപീഠങ്ങളിലെല്ലാം ഈ പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിലും ദയാവധം നടത്തുന്നവൻ കുറ്റവാളിയാണോ എന്ന പ്രശ്നം ഇന്നും തീർപ്പുകൽപിക്കപ്പെടാതെ തുടരുകയാണ്.

ഇസ്‌ലാമിക വിധി പ്രകാരം വധവും ദയാവധവും തമ്മിൽ യാതൊരു അന്തരവുമില്ല. മരണത്തിന് മുമ്പ് രോഗികൾക്ക് നൽകപ്പെട്ടുകൊണ്ടിരിക്കുന്ന ഓക്സിജൻ വിതരണം നിർത്തിവെക്കുന്നത് പോലും ഇസ്‌ലാമിക നാടുകളിൽ നിയമവിരുദ്ധമാണ്. രോഗിയുടെ ജീവൻ രക്ഷിക്കുന്നതിനും അത് നിലനിർത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളല്ലാതെ അവന്റെ മരണത്തിന് വഴിവെക്കുന്ന യാതൊന്നും ചെയ്യാൻ അവിടങ്ങളിലെ ഡോക്ടർമാർക്ക് അനുമതിയില്ല.

ദയാവധം സാധാരണഗതിയിൽ രണ്ട് രൂപത്തിലാണ് നടത്താറുള്ളത്. ഡോക്ടർ രോഗിക്ക് മാരകമായ വല്ലതും നൽകുകയോ കുത്തിവെക്കുകയോ ചെയ്യുക; അല്ലെങ്കിൽ രോഗിക്ക് യാതൊരു വിധ ചികിത്സയും നൽകാതെ അവന്റെ മരണം ധ്രുതഗതിയിലാക്കുക.

ദയാവധത്തിന്റെ ഈ രണ്ട് രൂപവും നിയമവിധേയമാക്കുന്ന യാതൊരു പ്രാമാണിക രേഖകളും കാണാൻ കഴിയാത്തതുകൊണ്ട് ഇസ്‌ലാമിക വീക്ഷണപ്രകാരം ദയാവധം ഒന്നുകിൽ ആത്മഹത്യയോ അല്ലെങ്കിൽ കൊലപാതകമോ ആയിട്ടാണ് പരിഗണിക്കപ്പെടുന്നത്.

ഒരു മനുഷ്യൻ തന്റെ ജീവൻ സ്വയം നശിപ്പിക്കുന്നതിനെ കൊടിയ പാതകമായിട്ടാണ് ക്വുർആൻ കാണുന്നത്: 'നിങ്ങൾ സ്വയം ഹത്യ നടത്തരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാണ്. ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങനെ ചെയ്യുന്നപക്ഷം നാം അവനെ നരകത്തീയിലിട്ട് കരിക്കുന്നതാണ്' (4:29,30).

ആരെങ്കിലും സ്വന്തത്തെ വധിച്ചാൻ അവൻ നരകാവകാശിയായി മാറും എന്നാണ് പ്രവാചകൻ(സ്വ) പഠിപ്പിച്ചത്. അവൻ അതിന് ഏത് മാർഗമാണോ ഉപയോഗിച്ചത് അതേ രൂപത്തിലാണ് അവന് ശിക്ഷയും നൽകപ്പെടുക.

നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും ഒരു ഇരുമ്പ് കൊണ്ട് സ്വയം ഹത്യ നടത്തിയാൽ നരകത്തിൽ വെച്ച് അവൻ ആ ദണ്ഡ് നിരന്തരമായി അവന്റെ വയറ്റിൽ കുത്തിക്കൊണ്ടിരിക്കും. ആരെങ്കിലും വിഷം കഴിച്ച് മരിച്ചാൽ അവൻ അത് കയ്യിലേന്തി നരകത്തിൽ വരികയും അത് അവിടെ വെച്ച് കുടിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ആരെങ്കിലും പർവതത്തിൽനിന്ന് താഴോട്ട് ചാടി ആത്മഹത്യ ചെയ്താൽ അവൻ നരകത്തിൽ ശാശ്വതമായി എടുത്തെറിയപ്പെട്ടുകൊണ്ടിരിക്കും'(ബുഖാരി).

പ്രവാചകന്റെ കാലത്ത് യുദ്ധക്കളത്തിൽ ആവേശത്തോടെ അടരാടി അംഗഭംഗം സംഭവിച്ച ഒരു മനുഷ്യൻ തന്റെ മുറിവുകളുടെ വേദനയുടെ അസഹനീയത കാരണം സ്വന്തം വാൾമുനയിൽ അമർന്ന് കിടന്ന് ആത്മഹത്യനടത്തിയപ്പോൾ അദ്ദേഹം നരകത്തിലാണ് എന്നാണ് പ്രവാചകൻ(സ്വ) പറഞ്ഞത്. ദയാവധത്തിനും ആത്മഹത്യക്കും ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ലെന്നാണല്ലോ ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്.

ഒരു വിശ്വാസിക്ക് അനിഷ്ടകരമായ ആപത്തുകൾ സംഭവിച്ചാൽ പോലും അവൻ മരണത്തെ ആഗ്രഹിക്കരുതെന്നാണ് ഹദീസുകളിലുള്ളത്. ഗത്യന്തരമില്ലെങ്കിൽ അവൻ 'അല്ലാഹുവേ, മരണമാണ് എനിക്ക് നല്ലതെങ്കിൽ എന്നെ മരിപ്പിക്കുകയും ജീവിതമാണ് എനിക്ക് ഗുണമെങ്കിൽ എന്നെ ജീവിപ്പിക്കുകയും ചെയ്യേണമെ' എന്ന് പ്രാർഥിക്കുവാനാണ് നബി(സ്വ) നിർദേശിച്ചിട്ടുള്ളത്. ഒരു രോഗിക്കും അയാൾ തീവ്രമായ വേദന അനുഭവിക്കുന്നു എന്നതുകൊണ്ട് മാത്രം ആത്മഹത്യ അനുവദനീയമാകുകയില്ല. അതു കൊണ്ട് തന്നെ ദയാവധം ആവശ്യപ്പെടുന്ന രോഗിയും അത് നടപ്പിലാക്കുന്ന ഡോക്ടറും ഇസ്‌ലാം മതദൃഷ്ട്യാ കുറ്റക്കാർ തന്നെയാണ്.

'അല്ലാഹു ഏത് രോഗമിറക്കിയിട്ടുണ്ടെങ്കിലും അതിന് ഔഷധവും ഇറക്കിയിട്ടുണ്ട്' എന്ന നബി വചനം മാറാരോഗങ്ങൾക്ക് പോലും ചികിത്സ കണ്ടെത്താൻ മനുഷ്യന് സാധ്യമാകും എന്ന പ്രതീക്ഷയാണ് നൽകുന്നത്. 'നിങ്ങൾ ചികിത്സിക്കുക, നിഷിദ്ധമായത് കൊണ്ട് ചികിത്സിക്കരുത്' എന്ന് പറഞ്ഞ പ്രവാചകൻ(സ്വ) രോഗചികിത്സയെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. ഇന്ന് ലോകത്ത് ഒട്ടനവധി ചികിത്സാ രീതികളുണ്ടെങ്കിലും ചികിത്സ നടത്തുന്ന ഭിഷഗ്വരന്മാർ തങ്ങളാണ് രോഗം സുഖപ്പെടുത്തുന്നത് എന്ന് അവകാശപ്പെടാറില്ല. രോഗശമനം നൽകാൻ കഴിയാത്ത ഇവർക്ക് മാറാരോഗമുള്ളവരെ മരണത്തിലേക്ക് തള്ളിവിടാൻ എന്ത് അധികാരമാണുള്ളത്?




**ഒരു വിശ്വാസിക്ക് അനിഷ്ടകരമായ ആപത്തുകൾ സംഭവിച്ചാൽ പോലും അവൻ മരണത്തെ ആഗ്രഹിക്കരുതെന്നാണ് ഹദീസുകളിലുള്ളത്. ഗത്യന്തരമില്ലെങ്കിൽ അവൻ 'അല്ലാഹുവേ, മരണമാണ് എനിക്ക് നല്ലതെങ്കിൽ എന്നെ മരിപ്പിക്കുകയും ജീവിതമാണ് എനിക്ക് ഗുണമെങ്കിൽ എന്നെ ജീവിപ്പിക്കുകയും ചെയ്യേണമെ' എന്ന് പ്രാർഥിക്കുവാനാണ് നബി(സ്വ) നിർദേശിച്ചിട്ടുള്ളത്. ഒരു രോഗിക്കും അയാൾ തീവ്രമായ വേദന അനുഭവിക്കുന്നു എന്നതുകൊണ്ട് മാത്രം ആത്മഹത്യ അനുവദനീയമാകുകയില്ല. അതു കൊണ്ട് തന്നെ ദയാവധം ആവശ്യപ്പെടുന്ന രോഗിയും അത് നടപ്പിലാക്കുന്ന ഡോക്ടറും ഇസ്‌ലാം മതദൃഷ്ട്യാ കുറ്റക്കാർ തന്നെയാണ്.**

രോഗിക്ക് ആത്മവിശ്വാസവും സംതൃപ്തിയും പ്രദാനം ചെയ്യുന്ന അവസരമുണ്ടാക്കിയാൽ അത് രോഗശമനത്തിന് ആക്കം കൂട്ടുമെന്ന് വൈദ്യശാസ്ത്രം അംഗീകരിച്ചിട്ടുണ്ട്. രോഗിയെ സന്ദർശിക്കൽ ഒരു ബാധ്യതയായി ഇസ്‌ലാം പഠിപ്പിച്ചത് അതുകൊണ്ടാണ്. രോഗസന്ദർശനവേളയിൽ രോഗിക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്ന രീതിയിൽ പെരുമാറണമെന്ന് നിർദേശിച്ച പ്രവാചകൻ(സ്വ) രോഗത്തെ ശപിക്കുന്നത് പോലും വിലക്കിയിട്ടുണ്ട്. കാരണം ഒരു വിശ്വാസിക്ക് ബാധിക്കുന്ന രോഗവും വേദനയും കഷ്ടപ്പാടും ദുഃഖവും സങ്കടവുമെല്ലാം അവന് പരലോകത്ത് പാപമോചനത്തിനും പ്രതിഫലത്തിനും വഴിയൊരുക്കുന്നതാണ്. ആ സ്ഥിതിക്ക് മാറാവ്യാധികൾ ബാധിച്ചവർ അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ച് ജീവിതം തള്ളിനീക്കുന്നതാണ് ആത്യന്തികമായി അവന് അനശ്വരവും ആനന്ദപൂർണവുമായ സ്വർഗീയ സുഖം നേടാൻ അർഹതയുണ്ടാക്കുന്നത്.



# ഫാറ്റി ലിവർ

ഡോ.യാസ്മിൻ എം.അബ്ബാസ്
ആമയൂർ
:9400288772

ശരീരത്തിലെ രാസ പരീക്ഷണശാലയായി ആണ് കരൾ അറിയപ്പെടുന്നത്. അതായത് ദഹന ശേഷം വിവിധ ഘടകങ്ങളായി വിഭജിക്കപ്പെടുന്ന ഭക്ഷണ പദാർഥങ്ങളെ സംസ്കരിച്ച് മാലിന്യങ്ങൾ പുറന്തള്ളുകയും ശരീരത്തിന് ആവശ്യമായ പോഷകങ്ങളെ സൂക്ഷിച്ചു വെക്കുകയും ചെയ്യുന്നത് കരളാണ്. കൂടാതെ പിത്തരസം, പ്രോട്ടീൻ തുടങ്ങിയവ ഉത്പാദിപ്പിക്കുക തുടങ്ങി മറ്റനേകം പ്രധാന കർമങ്ങൾ നിർവഹിക്കുകയും ചെയ്യുന്ന, ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയാണ് കരൾ.

## എന്താണ് ഫാറ്റി ലിവർ?

കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രധാനമായും രണ്ടു വിധം ഫാറ്റിലിവറാണ് ഉള്ളത്. ഒന്ന്, ആൽക്കഹോളിക് ഫാറ്റിലിവർ. രണ്ട്, നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ.

ധാരാളമായി മദ്യപിക്കുന്നവരിലാണ് ഒന്നാമത്തെ ഇനം കണ്ടുവരുന്നത്. എന്നാൽ മദ്യപിക്കാത്തവരിലും ജീവിതശൈലിയുടെയുടെ ഭാഗമായി ഫാറ്റിലിവർ കണ്ടുവരുന്നു. ഇതാണ് നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ.

## നോൺ ആൽക്കഹോളിക് ഫാറ്റിലിവർ

ശരീരത്തിന് ആവശ്യമായതിലും കൂടുതൽ കലോറി ഭക്ഷണം കഴിക്കുമ്പോൾ കരളിന്റെ സംഭരണ ശേഷിക്ക് താങ്ങാവുന്നതിലും കൂടുതൽ പോഷക ഘടകങ്ങൾ കരളിൽ എത്തുകയും കരൾ കോശങ്ങൾക്ക് അവയെ വേണ്ട വിധം കൈകാര്യം ചെയ്യാൻ കഴിയാതെ വരികയും കരൾ കോശങ്ങളിൽ കൊഴുപ്പ് രൂപപ്പെടുകയും ചെയ്യുന്നു. ഇതാണ് നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ.

## ഫാറ്റിലിവർ, ആശങ്ക വേണോ?

പ്രാരംഭ ഘട്ടത്തിൽ മിക്ക ആളുകളിലും ലക്ഷണങ്ങളൊന്നും കാണിക്കാതെ ഫാറ്റി ലിവർ കണ്ടുവരുന്നു. മറ്റെന്തെങ്കിലും ആവശ്യത്തിനായി സ്കാൻ ചെയ്യുമ്പോഴാണ് ഇവരിൽ ഫാറ്റി ലിവർ കണ്ടുപിടിക്കപ്പെടുന്നത്. എന്നാൽ സെക്കന്റ് ഡിഗ്രി സ്റ്റേജിൽ എത്തുമ്പോൾ ചിലരിൽ വയറുവേദന, ക്ഷീണം, തലകറക്കം തുടങ്ങിയ ലക്ഷണങ്ങൾ കണ്ടുവരുന്നു.

ഇന്ത്യയിൽ പത്തിൽ ഒരാൾക്ക് ഫാറ്റിലിവർ ഉണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഫാറ്റി ലിവർ കണ്ടുപിടിക്കപ്പെട്ടു കഴിഞ്ഞാൽ കരളിന്റെ പ്രവർത്തനക്ഷമത അറിയാനുള്ള രക്തപരിശോധന (LFT) കൂടി പരിശോധിച്ച് രോഗത്തിന്റെ തീവ്രത കണക്കാക്കാം. കൊഴുപ്പ് അടിഞ്ഞുകൂടി കരൾകോശങ്ങൾ പൂർണമായി നശിച്ചുപോകുന്ന അവസ്ഥയെയാണ് 'ലിവർ സിറോസിസ്' എന്ന് പറയുന്നത്. ഈ ഘട്ടത്തിൽ എത്തുന്നതിന് മുൻപ് തന്നെ ഫാറ്റിലിവർ കണ്ടുപിടിക്കുകയും വേണ്ട പ്രതിവിധികൾ ചെയ്യുകയും ചെയ്താൽ ആശങ്കയൊഴിവാക്കാം.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ആവശ്യത്തിന് മാത്രം ഭക്ഷണം കഴിക്കുക. ഭക്ഷണത്തിൽ ദഹനം എളുപ്പമാക്കാൻ സഹായിക്കുന്ന നാരുകൾ അടങ്ങിയവ ആവശ്യത്തിന് ഉൾപ്പെടുത്തുക. മധുരം, കൊഴുപ്പ് മുതലായവ പരമാവധി ഒഴിവാക്കുക. ആവശ്യത്തിന് വെള്ളം കുടിക്കുക; ശരീരത്തിലെ വിഷാംശം പുറന്തള്ളാൻ ഇത് സഹായകമാകുന്നു. ദിവസേന ഒരു മണിക്കൂറെങ്കിലും വ്യായാമം ശീലമാക്കുക. ഇത്തരം ജീവിതക്രമങ്ങളിലൂടെ ഫാറ്റി ലിവറിനെ പൂർണമായി നിയന്ത്രണ വിധേയമാക്കാൻ സാധിക്കുന്നതാണ്.



മധുരം ജീവിതം

# കഴിഞ്ഞതോർത്ത് ദുഃഖിച്ചിരിക്കരുത്

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

ജീവിതം മുന്നോട്ടൊഴുകുന്ന നദിപോലെയാണ്. നദി ചിലപ്പോൾ സ്വച്ഛമായൊഴുകും. മറ്റു ചിലപ്പോൾ ഹുങ്കാരഭാവം കൈവരിക്കും. ജീവിതവും അതുപോലെയൊക്കെ തന്നെയാണ്. കരകവിഞ്ഞൊഴുകിയപ്പോഴുണ്ടായ കെടുതികളോർത്ത് ഒരു പുഴയും ഇന്നേവരെ ഒഴുകാതിരുന്നിട്ടില്ല. കൂടെയൊഴുകിയ ചണ്ടികളും മുൾപടർപ്പുകളും കാരണം തിരിച്ചൊഴുകിയിട്ടുമില്ല. ജീവിതവും അതുപോലെതന്നെ; മുന്നോട്ടൊഴുകിക്കൊണ്ടേയിരിക്കേണ്ടത്, ചണ്ടികളെയും മുൾപ്പടർപ്പുകളെയും വകഞ്ഞു മാറ്റി, കൂടെയൊഴുകുന്നവരെ ചേർത്തുപിടിച്ച് ലക്ഷ്യസ്ഥാനത്തെത്തിക്കേണ്ടത്...

ജീവിതത്തിൽ എവിടെയെങ്കിലും പിഴവുകൾ പറ്റിയതോർത്ത് കരഞ്ഞിരിക്കേണ്ടവനല്ല വിശ്വാസി. അവന്റെ അരുതായ്മകൾ പൊറുത്തുകൊടുക്കാൻ മാത്രം അതിവിശാല മനസ്സുള്ള റബ്ബിന്റെ കാരുണ്യം പ്രതീക്ഷിച്ച് പാപമോചനം അർഥിച്ചുകൊണ്ടേയിരിക്കുകയും തനിക്ക് ചെയ്തുതീർക്കാനുള്ള വലിയ ഉത്തരവാദിത്തങ്ങളിലേക്ക് ഊളിയിട്ടിറങ്ങുകയും ചെയ്യേണ്ടവനാണ് വിശ്വാസി. ഇടയ്ക്ക് തൂങ്ങിക്കിടക്കുന്ന ചെറുതും വലുതുമായ പ്രതിബന്ധങ്ങളെ മറികടന്ന് മുന്നോട്ട് കുതിക്കണം. അഥവാ ജീവിതവഴിയിലെ പ്രതിസന്ധികളെയും വൈതരണികളെയും വകഞ്ഞുമാറ്റാൻ നമുക്കാവണം.

പുഴ എപ്പോഴും കൂടെയൊഴുകുന്ന പാറക്കല്ലുകളുടെ പരുക്കൻ രൂപം മാറ്റി അവയെ മിനുസമുള്ളതും ആകർഷകമായ ആകൃതിയുള്ളതുമാക്കി മാറ്റാറുണ്ട്. നമ്മുടെ ജീവിതംകൊണ്ട് അതുപോലെ കൂടെയുള്ളവരെ - അവർ ഏതു തരത്തിലുള്ളവരാണെങ്കിലും - മിനുക്കിയെടുത്ത് സൗകുമാര്യമുള്ളവരാക്കി മാറ്റിയെടുക്കാനാവണം.

ഉത്തമസ്വഭാവവും സംസ്കാരവുമാണല്ലോ ഒരു മനുഷ്യൻ മനുഷ്യനാവുന്നതിന്റെ അടിസ്ഥാനം. നബി(സ്വ) പറഞ്ഞത് നോക്കൂ: 'ഞാൻ നിയോഗിക്കപ്പെട്ടത് സൽസ്വഭാവങ്ങളുടെ പൂർത്തീകരണത്തിനായാണ്.'

പുഴ പലപ്പോഴും ചെയ്യുന്നതുപോലെ, അടിയൊഴുക്കിനൊപ്പം പാറകളെ ചേർത്തൊഴുക്കിക്കൊണ്ടു വന്ന് മണൽത്തരികളും ചിലപ്പോഴൊക്കെ പൊൻതരികളും നൽകുന്ന മാസ്മരികത കാണിക്കേണ്ടത് കൂടിയാണ് ജീവിതം.

വൻതടികളെ പോലും ഭാരമില്ലാതെയൊഴുക്കി ലക്ഷ്യസ്ഥാനത്തെത്തിക്കാനുള്ള മിടുക്ക് കാണിക്കാറുമുണ്ട് പുഴ. അത് ഇരുകരകളിലുമുള്ള അനേകായിരങ്ങൾക്ക് കുടിവെള്ളം നൽകും, മറ്റു ജീവജാലങ്ങൾക്കാവശ്യമായ ആവാസവ്യവസ്ഥയൊരുക്കും, സസ്യങ്ങൾക്കാവശ്യമായ ജലം നൽകും. ഇതേപോലെ, ജീവിത പ്രയാസങ്ങളിൽ പെട്ട് മുന്നോട്ട് ഒഴുകാനാവാതെ നിൽക്കുന്ന പലരും നമുക്ക് ചുറ്റുമുണ്ടാകും. അവരിലേക്ക് കണ്ണയക്കാനാകണം. നമ്മുടെ കണ്ണുകളെ മൊബൈൽ സ്ക്രീനിന്റെ ഇത്തിരിവട്ടത്തിൽനിന്നുയർത്തി ചുറ്റുപാടുകളിലേക്ക് ആഴത്തിൽ പരതാനയച്ചാൽ മാത്രമെ നാം ചെയ്തു തീർക്കേണ്ട, നമുക്ക് മാത്രം ഇടപെടാനാവുന്ന ഒട്ടേറെ കാര്യങ്ങൾ ചുറ്റുപാടുമുണ്ട് എന്ന ബോധ്യം നമുക്കുണ്ടാവുകയുള്ളൂ. അവ തിരിച്ചറിയാനും മുന്നിൽ നിന്ന് ഏറ്റെടുക്കാനും വിശ്വാസിക്കാവേണ്ടതുണ്ട്. ഈ നബിവചനം നമ്മുടെ ചിന്തകളെ തൊട്ടുണർത്തട്ടെ: 'അല്ലാഹു അവന്റെ അടിമയെ സഹായിച്ചുകൊണ്ടേയിരിക്കും; ആ അടിമ സഹജീവികളുടെ കാര്യത്തിൽ ശ്രദ്ധപുലർത്തുന്ന കാലത്തോളം.'

ഒരോ സൂര്യോദയത്തിന്റെയും കൂടെ ഇളം പല്ലു കാട്ടി ചിരിക്കുന്ന ആ വെള്ളി തെളിച്ചം. ഓരോ അസ്തമയത്തിന്റെയും കൂടെ ഭൂമിയോട് വിടപറയുന്നതിന്റെ സർവ ദുഃഖവും പ്രകടിപ്പിക്കുന്ന ആ സുവർണ നിറമണിഞ്ഞ കണ്ണീർത്തുള്ളികൾ. അപ്പോഴും നാളെ രാവിലെ ഞാൻ പൂർവാധികം ശക്തിയോടെ ഒഴുകുമെന്ന പ്രതിജ്ഞ... ഇങ്ങനെ എന്തെല്ലാം ഒരു പുഴ നമ്മെ പഠിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഇതുപോലെ തികഞ്ഞ ആത്മവിശ്വാസത്തോടെ ഓരോ പ്രഭാതത്തെയും സ്വീകരിക്കുകയും അവ തനിക്കനുകൂലമാക്കി മാറ്റാൻ പരിശ്രമിക്കുകയും ചെയേണ്ടവനാണ് വിശ്വാസി.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 49

# അൽ ഹുജറാത്ത്

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُقَدِّمُواْ بَيۡنَ يَدَيِ ٱللَّهِ
وَرَسُولِهِۦۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٞ ١
يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَرۡفَعُوٓاْ أَصۡوَٰتَكُمۡ فَوۡقَ
صَوۡتِ ٱلنَّبِيِّ وَلَا تَجۡهَرُواْ لَهُۥ بِٱلۡقَوۡلِ كَجَهۡرِ
بَعۡضِكُمۡ لِبَعۡضٍ أَن تَحۡبَطَ أَعۡمَٰلُكُمۡ وَأَنتُمۡ
لَا تَشۡعُرُونَ ٢
إِنَّ ٱلَّذِينَ يَغُضُّونَ أَصۡوَٰتَهُمۡ عِندَ رَسُولِ ٱللَّهِ
أُوْلَٰٓئِكَ ٱلَّذِينَ ٱمۡتَحَنَ ٱللَّهُ قُلُوبَهُمۡ لِلتَّقۡوَىٰۚ لَهُم
مَّغۡفِرَةٞ وَأَجۡرٌ عَظِيمٌ ٣
إِنَّ ٱلَّذِينَ يُنَادُونَكَ مِن وَرَآءِ ٱلۡحُجُرَٰتِ
أَكۡثَرُهُمۡ لَا يَعۡقِلُونَ ٤
وَلَوۡ أَنَّهُمۡ صَبَرُواْ حَتَّىٰ تَخۡرُجَ إِلَيۡهِمۡ لَكَانَ خَيۡرٗا
لَّهُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ ٥
يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن جَآءَكُمۡ فَاسِقُۢ بِنَبَإٖ
فَتَبَيَّنُوٓاْ أَن تُصِيبُواْ قَوۡمَۢا بِجَهَٰلَةٖ فَتُصۡبِحُواْ
عَلَىٰ مَا فَعَلۡتُمۡ نَٰدِمِينَ ٦
وَٱعۡلَمُوٓاْ أَنَّ فِيكُمۡ رَسُولَ ٱللَّهِۚ لَوۡ يُطِيعُكُمۡ فِي
كَثِيرٖ مِّنَ ٱلۡأَمۡرِ لَعَنِتُّمۡ وَلَٰكِنَّ ٱللَّهَ حَبَّبَ إِلَيۡكُمُ
ٱلۡإِيمَٰنَ وَزَيَّنَهُۥ فِي قُلُوبِكُمۡ وَكَرَّهَ إِلَيۡكُمُ ٱلۡكُفۡرَ
وَٱلۡفُسُوقَ وَٱلۡعِصۡيَانَۚ أُوْلَٰٓئِكَ هُمُ
ٱلرَّٰشِدُونَ ٧

1. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ(യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.
2. സത്യവിശ്വാസികളേ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന് മീതെ ഉയർത്തരുത്. അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നിങ്ങൾ അന്യോന്യം ഒച്ചയിടുന്നതുപോലെ ഒച്ചയിടുകയും ചെയ്യരുത്. നിങ്ങളറിയാതെതന്നെ നിങ്ങളുടെ കർമങ്ങൾ നിഷ്ഫലമായി പോകാതിരിക്കാൻ വേണ്ടി.
3. തീർച്ചയായും തങ്ങളുടെ ശബ്ദങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ അടുത്ത് താഴ്ത്തുന്നവരാരോ അവരുടെ ഹൃദയങ്ങളാകുന്നു അല്ലാഹു ധർമനിഷ്ഠയ്ക്കായി പരീക്ഷിച്ചെടുത്തിട്ടുള്ളത്. അ വർക്കാകുന്നു പാപമോചനവും മഹത്തായ പ്രതിഫലവുമുള്ളത്.
4. (നീ താമസിക്കുന്ന) അറകൾക്കു പുറത്തുനിന്ന് നിന്നെ വിളിക്കുന്നവരാരോ അവരിൽ അധികപേരും ചിന്തിച്ചു മനസ്സിലാക്കുന്നില്ല.
5. നീ അവരുടെ അടുത്തേക്കു പുറപ്പെട്ട് ചെല്ലുന്നതുവരെ അവർ ക്ഷമിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് കൂടുൽ നല്ലത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.
6. സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയുംകൊണ്ട് നിങ്ങളുടെ അടുത്തുവന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി.
7. അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ചുപോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ.

അല്ലാഹുവോടും അവന്റെ ദൂതനോടും കാണിക്കേണ്ട മര്യാദകളും ആദരവും ബഹുമാനവുമാണ് ഇതിലെ ഉള്ളടക്കം. അല്ലാഹുവിലും റസൂലിലുമുള്ള വിശ്വാസത്തിനനുസരിച്ച് അല്ലാഹുവിന്റെ കൽപനകൾ പാലിക്കാനും നിരോധങ്ങൾ ഉപേക്ഷിക്കാനും തന്റെ വിശ്വാസികളായ ദാസന്മാരോട് നിർദേശിക്കുന്നു. അവർ അല്ലാഹുവിന്റെ കൽപനകളോടൊപ്പം സഞ്ചരിക്കുന്നവരായിരിക്കണം. അവന്റെ ദൂതന്റെ മുഴുവൻ നിർദേശങ്ങളും പിൻപറ്റണം. അല്ലാഹുവിനെയും അവന്റെ ദൂതനെയും മുൻകടക്കരുത്. അദ്ദേഹം പറയാതെ അവർ പറയാൻ പാടില്ല. അദ്ദേഹം കൽപിക്കാതെ അവർ കൽപിച്ചുകൂടാ. ഇതാണ് അല്ലാഹുവോടും അവന്റെ ദൂതനോടും കാണിക്കേണ്ട നിർബന്ധമായ മര്യാദകളുടെ പൊരുൾ. അതിലാണ് ഒരു ദാസന്റെ വിജയവും സൗഭാഗ്യവും. അത് നഷ്ടപ്പെട്ടാൽ അവന്റെ നിത്യസുഖങ്ങളും ശാശ്വത സൗഭാ ഗ്യവും നഷ്ടപ്പെടും. പ്രവാചകന്റെ വാക്കിനെക്കാൾ മറ്റുള്ളവരുടെ വാക്കുകൾക്ക് മുൻഗണ നൽകിക്കൂടെന്നുള്ള ശക്തമായ നിരോധം കൂടി ഇതിലുണ്ട്. പ്രവാചകചര്യകൾ വ്യക്തമായി കിട്ടിയാൽ അത് പിൻപറ്റലും എന്ത് കാര്യങ്ങളായാലും അതിന് ഇതിനെക്കാൾ മുൻഗണന നൽകാനും പാടില്ല.

1. തുടർന്ന് പൊതുവായി സൂക്ഷ്മത പാലിക്കാൻ വേണ്ടി കൽപിക്കുന്നു. ത്വലക്ബ്നു ഹബീബ് പറഞ്ഞതുപോലെ: അല്ലാഹുവിൽനിന്നുള്ള ഒരു പ്രകാശത്താൽ അവന്റെ പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് അവനെ അനുസരിച്ച് നീ പ്രവർത്തിക്കുക. അവനിൽനിന്നുള്ള ഒരു പ്രകാശത്താൽ തന്നെ അവന്റെ ശിക്ഷയെ ഭയന്ന് അവനെതിരു പ്രവർത്തിക്കുന്നത് നീ ഉപേക്ഷിക്കുകയും ചെയ്യുക. (തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനാണ്). സർവ ശബ്ദങ്ങളും സദാസമയങ്ങളിലും അവ്യക്തമായ സ്ഥലത്തും സന്ദർഭത്തിലും ഉള്ളതുപോ ലും (അറിയുന്നവനുമാകുന്നു). പ്രത്യക്ഷവും പരോക്ഷവുമായത്, കഴിഞ്ഞുപോയും വരാനിരിക്കുന്നുതും നിർബന്ധമായതും സാധ്യമായതും അസാധ്യമായതുമെല്ലാം.

   അല്ലാഹുവിനെയും റസൂലിനെയും മുൻകടന്ന് പ്രവർത്തിക്കരുതെന്നും സൂക്ഷ്മത പാലിക്കണമെന്നും നിർദേശിച്ചു. ശേഷം അല്ലാഹുവിന്റെ ആദരണീയമായ രണ്ട് നാമങ്ങൾ പറഞ്ഞതിലും കൽപനകളും മര്യാദകളും പിൻതുടരാനുള്ള പ്രേരണയും അതിനെതിരായി പ്രവർത്തിക്കുന്നതിനെക്കുറിച്ചുള്ള താക്കീതുമുണ്ട്.

2. തുടർന്ന് അല്ലാഹു പറയുന്നു: (സത്യവിശ്വാസികളേ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന്റെ മീതെ നിങ്ങൾ ഉയർത്തരുത്, അദ്ദേഹത്തോട് നിങ്ങൾ ഒച്ചയിടരുത്). പ്രവാചകനോട് സംസാരിക്കുമ്പോൾ പാലിക്കേണ്ട മര്യാദയാണിത്. സംസാരിക്കുന്നവൻ പ്രവാചകന്റെ ശബ്ദത്തെക്കാൾ ശബ്ദമുയർത്തരുത്. മറിച്ച്, സംസാരിക്കുമ്പോൾ ശബ്ദം താഴ്ത്തണം. മൃദുലമായും മഹത്വത്തോടും ആദരവോടും മര്യാദയോടുംകൂടി സംസാരിക്കണം. പ്രവാചകൻ(സ്വ) അവരിൽ ഒരാളെപ്പോലെ ആയിരിക്കരുത്. സമുദായം അദ്ദേഹത്തോടുള്ള ബാധ്യത നിർവഹിക്കുന്നതിന്റെ ഭാഗമായി അവർ സംസാരിക്കുമ്പോൾ മറ്റുള്ളവരിൽനിന്നും അദ്ദേഹത്തെ വ്യതിരിക്തമായി കാണണം. അദ്ദേഹത്തിൽ വിശ്വസിക്കുന്നതിന്റെ ഭാഗം കൂടിയാണത്. വിശ്വാസം പൂർത്തിയാകാൻ ആവശ്യമായ സ്നേഹത്തിന്റെ ഭാഗവും. അത് നിർവഹിക്കാതിരുന്നാൽ ഒരടിമയുടെ പ്രവർത്തനങ്ങൾ അവനറിയാതെതന്നെ നിഷ്ഫലമായിപ്പോകുമെന്നതും അവൻ ഭയപ്പെടണം. പ്രവർത്തനങ്ങൾ സ്വീകരിക്കാനും പ്രതിഫലം ലഭിക്കാനുമുള്ള കാരണങ്ങളിൽ പെട്ടതാണ് അദ്ദേഹത്തോട് കാണിക്കേണ്ട മര്യാദ.

3. പിന്നീട് അല്ലാഹുവിന്റെ ദൂതന്റെ അടുക്കൽ ശബ്ദം താഴ്ത്തിയവരെ പ്രശംസിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരുടെ ഹൃദയത്തിന്റെ സൂക്ഷ്മതയെ പരീക്ഷിച്ചിരിക്കുകയാണ്. അതായത്, അതിനെ പരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്തു. അതിന്റെ ഫലവും വന്നു; അവരുടെ ഹൃദയം ധർമനിഷ്ഠയുള്ളതാണെന്ന്. പിന്നീട് അവർക്ക് പാപമോചനവും വാഗ്ദാനം ചെയ്യുന്നു. അവർക്ക് അനിഷ്ടകരമായതും ദോഷകരമായതും നീങ്ങിപ്പോകുമെന്നും മഹത്തായ പ്രതിഫലം ലഭിക്കുമെന്നും അതിലുണ്ട്. ആ പ്രതിഫലത്തെ വിശദീകരിക്കാൻ അല്ലാഹുവിന് മാത്രമെ കഴിയൂ. ഇഷ്ടപ്പെട്ടതെ ല്ലാം ലഭിക്കും. അല്ലാഹു പരീക്ഷിക്കും എന്നുകൂടി ഇതിൽനിന്ന് മനസ്സിലാകുന്നു.

   അപ്പോൾ ആരെങ്കിലും അല്ലാഹുവിന്റെ കൽപനകൾ മുറുകെപ്പിടിക്കുകയും അവന്റെ തൃപ്തിയെ പിൻപറ്റുകയും അതിലേക്ക് താൽപര്യം കാണിക്കുകയും അവന്റെ ഇഷ്ടങ്ങളെക്കാൾ അതിന് മുൻഗണന നൽകുകയും ചെയ്താൽ തക്വ്വയാൽ അവന്റെ ഹൃദയം പരിശുദ്ധമാവുകയും നന്നാവുകയും ചെയ്തു. മറിച്ചാണെങ്കിൽ അവൻ തക്വ്വക്ക് പറ്റിയവനല്ലെന്നും വ്യക്തം.

4. ഗ്രാമീണരായ ജനങ്ങളുടെ കാര്യത്തിലാണ് ഈ വചനങ്ങൾ ഇറങ്ങിയത്. പരുക്കന്മാരായിട്ടാണ് അല്ലാഹു അവരെക്കുറിച്ച് പറയുന്നത്. നബി(സ)ക്ക് അവതരിച്ച കാര്യങ്ങളോ നിയമാതിർത്തികളോ അറിയാതിരിക്കാൻ ഏറ്റവും സാധ്യയുള്ളവർ. അവർ നബി(സ്വ) യുടെ അടുത്തേക്ക് നിവേദക സംഘങ്ങളായി വന്നു. അവർ നബി(സ്വ)യെ തന്റെ ഭാര്യമാരുടെ വീടുകളിൽ കണ്ടു. അവർ ക്ഷമിക്കുകയോ നബി(സ്വ) പുറത്തുവരുന്നതുവരെ കാത്തിരിക്കാനുള്ള മര്യാദ കാണിക്കുകയോ ചെയ്തില്ല.

മറിച്ച് അവർ അദ്ദേഹത്തെ വിളിച്ചു: 'ഓ മുഹമ്മദ്, ഓ മുഹമ്മദ്.' അതായത് ഇറങ്ങി വരൂ എന്ന്. ഈ ബുദ്ധിയില്ലായ്മയെ അല്ലാഹു ആക്ഷേപിച്ചു. അല്ലാഹവിനെക്കുറിച്ചോ അവന്റെ ദൂതനോട് കാണിക്കേണ്ട ആദരവുകളും മര്യാദകളും എന്തെന്നോ ചിന്തിക്കാതെ. മര്യാദ കാണിക്കൽ ബുദ്ധിയുടെ ലക്ഷണമാണ്. ഒരാളുടെ മര്യാദ അവന്റെ ബുദ്ധിയുടെ പ്രധാന ഘടകമാണ്; അല്ലാഹു അവന് നന്മ ഉദ്ദേശിക്കുന്നു എന്നതിനും.

5. അതാണ് അല്ലാഹു പറഞ്ഞത്: (നീ അവരുടെ അടുത്തേക്ക് പുറപ്പെട്ട് ചെല്ലുന്നതുവരെ അവർ ക്ഷമിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് കൂടുതൽ നല്ലത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു) പെരുമാറ്റത്തിൽ സംഭവിക്കുന്ന വീഴ്ചകളിലും തന്റെ അടിമക്ക് സംഭവിക്കുന്ന പാപങ്ങളിലും അങ്ങേയറ്റം പൊറുക്കുന്നവനാണ് അല്ലാഹു. അവരുടെ തെറ്റുകൾക്ക് ശിക്ഷിക്കാൻ ധൃതി കാണിക്കാത്ത കരുണാനിധിയും.

6. ബുദ്ധിയുള്ളവർ പാലിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ട മര്യാദകളിൽ പെട്ടതാണ് ഇക്കാര്യവും. ഒരു അധർമകാരി വല്ല വാർത്തയും അവരെ അറിയിച്ചാൽ ആ വാർത്ത മാത്രം അവലംബിക്കരുത്. അതിൽ വലിയ അപകടവും പാപവും സംഭവിക്കാൻ സാധ്യതയുമുണ്ട്. ഇനി ആ വിവരം സത്യസന്ധവും നീതിപൂർവകവുമാണെങ്കിൽ തീർച്ചയായും അതനിസരിച്ച് പ്രവർത്തിച്ചേ മതിയാകൂ. ആ വാർത്ത പരിഗണിക്കാത്ത കാരണത്താൽ വല്ല സാമ്പത്തിക നഷ്ടമോ ദേഹനഷ്ടമോ സംഭവിച്ചാൽ അത് വലിയ ഖേദത്തിനു കാരണമാകും. ഒരു അധർമകാരിയുടെ വാക്ക് കേട്ടാലും അത് സ്ഥിരീകരിക്കലും വ്യക്തത വരുത്തലും നിർബന്ധമാണ്. തെളിവുകളും സന്ദർഭവുമെല്ലാം അവന്റെ സത്യതയെ അറിയിക്കുന്നുവെങ്കിൽ അത് പ്രാവർത്തികമാക്കുകയും വിശ്വസിക്കുകയും ചെയ്യണം. മറിച്ച് അവന്റെ സത്യസന്ധതയില്ലായ്മയാണ് അറിയിക്കുന്നതെങ്കിൽ അവനെ തള്ളിക്കളയുകയും നിരാകരിക്കുകയും ചെയ്യണം.

സത്യമായ വാർത്തകൾ സ്വീകരിക്കണമെ ന്നും അസത്യമായത് തള്ളിക്കളയണെമന്നും ഇതിൽനിന്ന് മനസ്സിലാക്കാം. അധർമകാരി തരുന്ന വിവരങ്ങൾ പരിശോധനക്ക് വെക്കണമെ ന്നും വ്യക്തമാകുന്നു. അതുകൊണ്ടാണ് പ്രസിദ്ധരായ ഖവാരിജുകളിൽനിന്ന് ധാരാളം റിപ്പോർട്ടുകൾ സലഫുകൾ സ്വീകരിച്ചിട്ടുള്ളത്; അവർ അധർമകാരികളാണെങ്കിൽ പോലും.

7. അതായത് നിങ്ങൾക്ക് നന്നായി അറിയുന്ന ഒരു കാര്യമാണ് (അല്ലാഹുവിന്റെ ദൂതൻ) നിങ്ങൾക്കിടയിലുണ്ടെന്നത്. സന്മാർഗിയും പുണ്യവാനും ആദരണീയനുമായ ദൂതനാണദ്ദേഹം. അദ്ദേഹം നിങ്ങൾക്ക് നന്മ ഉദ്ദേശിക്കുന്നു. നിങ്ങളോട് ഗുണകാംക്ഷ കാണിക്കുന്നു. നിങ്ങൾക്ക് ദോഷങ്ങളും ഉപദ്രവങ്ങളും നിങ്ങൾഉദ്ദേശിക്കുമ്പോൾ പ്രവാചകനൊരിക്കലും അതിനോട് യോജിക്കുന്നില്ല. (പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നുവെങ്കിൽ) നിങ്ങൾക്കത് ബുദ്ധിമുട്ടും പ്രയാസവും ആകുമായിരുന്നു. പക്ഷേ, പ്രവചാകൻ നിങ്ങൾക്ക് വഴികാണിക്കുന്നു. അല്ലാഹു നിങ്ങൾക്ക് ഇഷ്ടകരമാക്കിത്തരികയും ചെയ്തു. (നിങ്ങൾക്ക് സത്യവിശ്വാസത്തെ) അതിനെ അലംകൃതമായി തോന്നിപ്പിക്കുകയും ചെയ്തിരിക്കുന്നു. (നിങ്ങളുടെ ഹൃദയങ്ങളിൽ) നിങ്ങളുടെ ഹൃദയങ്ങളിൽ അവൻ സത്യത്തിനോടുള്ള സ്നേഹവും താൽപര്യവും ഉണ്ടാക്കിവെച്ചതിനാൽ. സത്യത്തെ സ്വീകാര്യമാക്കുന്ന തെളിവുകളും പ്രമാണങ്ങളും അല്ലാഹു ഉണ്ടാക്കിയിട്ടുണ്ട്. ഹൃദയങ്ങളും പ്രകൃതിയും അതിനെ സ്വീകരിക്കാവുന്ന ഒരവസ്ഥയും അവനിലേക്ക് ഖേദിച്ചുമടങ്ങാനുള്ള ഒരവസ്ഥയും അല്ലാഹു ഉണ്ടാക്കിത്തന്നു. നിങ്ങൾക്ക് വെറുപ്പുള്ളതാക്കുകയും ചെയ്തു (അവിശ്വാസവും അധർമവും അവർക്കവൻ). അതായത് മഹാപാപങ്ങൾ. (അനുസരണക്കേടും) ചെറുദോഷങ്ങളും. തിന്മയെ വെറുക്കാനും അത് ചെയ്യാൻ ഉദ്ദേശിക്കാതിരിക്കാനും അവൻ നിങ്ങളുടെ ഹൃദയങ്ങളെ സജ്ജമാക്കി. തിന്മയുടെ തകരാറുകളും ദ്രോഹവും; പ്രകൃതി അതിനെ നിരാകരിക്കുന്ന വിധത്തിലാണ് അല്ലാഹു തെളിവുകളും സാക്ഷ്യങ്ങളും സ്ഥാപിച്ചത്. അല്ലാഹു ഹൃദയത്തിൽ അതിനോട് വെറുപ്പുണ്ടാക്കുകയും ചെയ്തതിനാൽ.

(അങ്ങനെയുള്ളവരാകുന്നു) അല്ലാഹു സത്യവിശ്വാസത്തെ ഹൃദയങ്ങളിൽ അലങ്കാരമായി തോന്നിപ്പിക്കുകയും അതിലേക്ക് ഇഷ്ടമുണ്ടാക്കുകയും ചെയ്തവർ. അവിശ്വാസവും അധർമവും അനുസരണക്കേടും അവൻ നിങ്ങൾക്ക് വെറുപ്പുള്ളതാക്കുകയും ചെയ്തു. (അവരാകുന്നു നേർമാർഗം സ്വീകരിച്ചവർ). അവരുടെ അറിവും പ്രവർത്തനങ്ങളും നന്നായി, ചൊവ്വായ മാർഗത്തിലും ശരിയായ ദീനിലും അവർ നേരെ ചൊവ്വെ നിലകൊണ്ടു.

ഇവർക്ക് നേർവിപരീതമാണ് വഴിപിഴച്ചവർ. അവർക്ക് അനുസരണക്കേടും അധർമവും അവിശ്വാസവും ഇഷ്ടപ്പെട്ടതായിത്തീർന്നു; സത്യവിശ്വാസം അവർക്ക് വെറുപ്പുള്ളതും. അവരുടെതാണ് ശരിക്കുള്ള പാപം. അവർ അധർമം ചെയ്തപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ ആ പ്രകൃതിയിൽ ആക്കിത്തീർത്തു. അവർ തെറ്റിപ്പോയപ്പോൾ അല്ലാഹു അവരുടെ ഹൃദയത്തെ തെറ്റിച്ചുകളഞ്ഞു. സത്യം വന്നപ്പോൾ ആദ്യം അവർ വിശ്വസിച്ചില്ല. അവരുടെ ഹൃദയങ്ങളെ അല്ലാഹു മാറ്റിമറിച്ചു. ■



# ഹുനയ്നിലെ ആദ്യഘട്ട പരാജയ കാരണങ്ങൾ

ഹുസൈൻ സലഫി
: +971 50 634 6963

മുഹമ്മദ് നബി 60

**യുദ്ധത്തിന് ആവശ്യമായ പടക്കുപ്പായവും മറ്റു ആയുധങ്ങളുമില്ലാത്തവരും ഹുനയ്നിലേക്ക് പുറപ്പെട്ട വരുടെ കൂട്ടത്തിൽ ഉണ്ടായി രുന്നു. ഇങ്ങനെ യുദ്ധത്തിന് പുറപ്പെടുന്നത് അപകടമാണല്ലോ വരുത്തുക. ഇതൊന്നും ഇല്ലാതെ തന്നെ യുദ്ധം നിഷ്പ്രയാസം വിജയിക്കുമെ ന്ന് ഒരിക്കലും വിചാരിക്കാൻ പാടില്ല. ഈ രൂപത്തിൽ യുദ്ധത്തെ അഭിമുഖീകരിച്ച തും ഹുനയ്ൻ യുദ്ധത്തിന്റെ തുടക്കത്തിൽ ഒരു പരാജയം ഏൽക്കാൻ കാരണമായി. ശത്രു എത്ര നിസ്സാരനായാ ലും നല്ല തയ്യാറെടുപ്പും മുൻകരുതലും ഉണ്ടായിരിക്കണം.**

ഹുനയ്ൻ യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ മുസ്‌ലിംകൾക്ക് പരാജയം സംഭവിച്ചതിനു പിന്നിൽ ചില കാരണങ്ങൾ ഉണ്ടായിരുന്നു. അവയെന്താണെന്ന് നമുക്ക് പരിശോധിക്കാം:

സൈന്യത്തിൽ ധാരാളം പേരുണ്ടെന്നും അതിനാൽ നിഷ്പ്രയാസം വിജയിക്കാൻ സാധിക്കുമെന്നുമുള്ള ചിന്ത ചിലരിൽ ഉണ്ടായി. അപ്രകാരം ചിന്തിക്കുവാൻ പാടില്ലായിരുന്നു. എണ്ണപ്പെരുപ്പമോ ആയുധ ബലമോ അല്ല ജയപരാജയങ്ങളുടെ മാനദണ്ഡം. അല്ലാഹുവിന്റെ സഹായമാണ് പ്രധാനം. ചിലരിൽ ഇപ്രകാരം ഒരു ചിന്ത ഉണ്ടായതിനാൽ അല്ലാഹു അവരെ ഒന്നു പരീക്ഷിച്ചു എന്നതാണ് ഒരു കാരണമായി പണ്ഡിതന്മാർ സൂചിപ്പിച്ചിട്ടുള്ളത്. എണ്ണത്തിന്റെയോ വണ്ണത്തിന്റെയോ സൗകര്യത്തിന്റെയോ പേരിൽ നാം ഒരിക്കലും അഹങ്കരിക്കുവാൻ പാടില്ല.

മുസ്‌ലിം സൈന്യത്തിൽ പുതുമുസ്‌ലിംകളായ കുറെയാളുകൾ ഉണ്ടായിരുന്നു എന്ന് നാം മനസ്സിലാക്കി. അവർക്കാകട്ടെ ഏകദൈവ വിശ്വാസം (തൗഹീദ്) ശരിയായ വിധത്തിൽ ഉറച്ചിട്ടുമുണ്ടായിരുന്നില്ല. ഇതും പരാജയത്തിന് ഒരു കാരണമായിരുന്നു. അല്ലാഹുവിനെയല്ലാതെ ആരാധിക്കുന്നവർ ഉണ്ടായിക്കൂടാ. ഏത് കാര്യത്തിലും ഭരമേൽപിക്കുവാനായി അല്ലാഹു മതി എന്ന ഉറച്ച വിശ്വാസം ഏത് ഘട്ടത്തിലും മുസ്‌ലിമിന് ഉണ്ടാകണം.

ശിർക്കായതിനെ ശിർക്കല്ലെന്നോ, ശിർക്കല്ലാത്തതിനെ ശിർക്കാണെന്നോ പറയാൻ പാടില്ല. അതിന് പഠനം അനിവാര്യമാണ്. തൗഹീദിൽനിന്ന് വ്യതിചലനം ഉണ്ടായാൽ അല്ലാഹുവിന്റെ പക്കൽനിന്നുള്ള പരീക്ഷണത്തിന് നാം വിധേയരാകും എന്നത് ഹുനയ്ൻ യുദ്ധത്തിന്റെ തുടക്കത്തിലുണ്ടായ പരാജയം നമുക്ക് നൽകുന്ന പാഠമാണ്.

യുദ്ധത്തിന് ആവശ്യമായ പടക്കുപ്പായവും മറ്റു ആയുധങ്ങളുമില്ലാത്തവരും ഹുനയ്നിലേക്ക് പുറപ്പെട്ടവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇങ്ങനെ യുദ്ധത്തിന് പുറപ്പെടുന്നത് അപകടമാണല്ലോ വരുത്തുക. ഇതൊന്നും ഇല്ലാതെ തന്നെ യുദ്ധം നിഷ്പ്രയാസം വിജയിക്കുമെന്ന് ഒരിക്കലും വിചാരിക്കാൻ പാടില്ല. ഈ രൂപത്തിൽ യുദ്ധത്തെ അഭിമുഖീകരിച്ചതും ഹുനയ്ൻ യുദ്ധത്തിന്റെ തുടക്കത്തിൽ ഒരു പരാജയം ഏൽക്കാൻ കാരണമായി. ശത്രു എത്ര നിസ്സാരനായാലും നല്ല തയ്യാറെടുപ്പും മുൻകരുതലും ഉണ്ടായിരിക്കണം.

യുദ്ധത്തിന് പുറപ്പെടുന്ന സമയത്ത് ഭൗതികമായ സ്വത്തിൽ കണ്ണുവെച്ച് പുറപ്പെട്ട ചിലരും ഉണ്ടായിരുന്നു. നിഷ്പ്രയാസം ജയിക്കുകയും യുദ്ധാർജിത സ്വത്ത് ധാരാളം ലഭിക്കുകയും ചെയ്യുമെന്ന് വിചാരിച്ചവരായിരുന്നു അവർ. ഈ ലക്ഷ്യത്തിൽ പുറപ്പെട്ടവരും ആ കൂട്ടത്തിൽ ഉണ്ടായതിനാൽ യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ പരാജയത്തിന്റെ കൈപ്പുനീർ മുസ്‌ലിംകൾക്ക് കുടിക്കേണ്ടി വന്നു.

അബൂഇസ്ഹാക്വി(റ)ൽനിന്ന് നിവേദനം; ഒരാൾ ബറാഅ് ഇബ്നു ആസിബി(റ)നോട് ചോദിച്ചു: 'ഹുനയ്ൻ ദിവസം അല്ലാഹുവിന്റെ ദൂതരിൽനിന്നും നിങ്ങൾ ഓടിയിരുന്നല്ലോ?' അദ്ദേഹം പറഞ്ഞു: 'പക്ഷേ, അല്ലാഹുവിന്റെ റസൂൽ(സ്വ) ഓടിയിരുന്നില്ല. തീർച്ചയായും ഹവാസിനുകാർ അമ്പെയ്ത്തുകാരായിരുന്നു. ഞങ്ങൾ അവരെ കണ്ടുമുട്ടിയപ്പോൾ അവരുടെ മേൽ ഞങ്ങൾ ആയുധമെടുത്ത് (ശക്തമായി പോരാടി). അപ്പോൾ അവർ പിന്തിരിഞ്ഞ് ഓടുകയുണ്ടായി. അപ്പോൾ മുസ്‌ലിംകൾ ഗനീമത്ത് സ്വത്തിലേക്ക് മുന്നിട്ടു. അപ്പോൾ അവർ അമ്പുകൾ കൊണ്ട് ഞങ്ങളെ നേരിട്ടു. (അപ്പോൾ ഞങ്ങൾ ഓടി). എന്നാൽ അല്ലാഹുവിന്റെ റസൂൽ(സ്വ) ഓടിയില്ല. അവിടുന്ന് തന്റെ കോവർകഴുതയായ ബയ്ദ്വാഇന്റെ മുകളിൽ (ഇരിക്കുന്നത്) ഞാൻ കണ്ടിരിന്നു. അബൂസുഫ്‌യാൻ അതിന്റെ കടിഞ്ഞാൺ പിടിച്ചിട്ടുണ്ട്. നബി(സ്വ) (ഇപ്രകാരം) പറയുന്നുമുണ്ട്: 'ഞാൻ നബിയാണ്, അത് കളവല്ല. ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനമാണ്' (ബുഖാരി).

ഉഹ്ദ് യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ മുസ്‌ലിംകൾക്ക് വിജയമാണല്ലോ ഉണ്ടായത്. എന്നാൽ യുദ്ധാർജിത സ്വത്ത് ശേഖരിക്കുന്നതിനിടയിൽ ശത്രുക്കളുടെ പെട്ടെന്നുള്ള കടന്നാക്രമണത്തിൽ മുസ്‌ലിംകൾ ഛിന്നഭിന്നമാവുകയായിരുന്നു. ഇതുപോലെ, ഹുനയ്ൻ യുദ്ധത്തിന്റെ തുടക്കത്തിലും മുസ്‌ലിംകൾക്ക് വിജയം ലഭിച്ചു. എന്നാൽ ഗനീമത്ത് സ്വത്ത് ശേഖരിക്കുന്ന തിരക്കിനിടയിൽ ശത്രുക്കൾ മുസ്‌ലിംകളുടെ മേൽ ആധിപത്യം സ്ഥാപിച്ചു. മുസ്‌ലിംകൾ പരിഭ്രാന്തരായി നാലുപാടും ഓടി. എന്നാൽ പിന്നീട് അല്ലാഹുവിന്റെ സഹായം ലഭിക്കുകയും ശത്രുക്കൾ പരാജയപ്പെടുകയും ചെയ്തു.

മക്കാവിജയ ദിവസം നബി(സ്വ) യാതൊരു പ്രതികാര നടപടിയും സ്വീകരിക്കാതെ വെറുതെ വിട്ട ആളുകളുണ്ടായിരുന്നു. അവരാണ് 'ത്വുലക്വാഅ്' എന്ന പേരിൽ അറിയപ്പെടുന്നത്. അവരിൽ കുറെ പേർ ഇസ്‌ലാം സ്വീകരിച്ചു. ഹുനയ്ൻ യുദ്ധത്തിൽ അവർ മുസ്‌ലിംകൾക്ക് ഒപ്പമുണ്ട്. അവർ പുറകിലാണ്. യുദ്ധത്തിന്റെ ഗതി മനസ്സിലാക്കി ഇടപെടാനായിരുന്നു അവരുടെ തീരുമാനം. ജയിക്കുകയാണെങ്കിൽ കൂടെ നിൽക്കാം, പരാജയപ്പെടുകയാണെങ്കിൽ ഓടി രക്ഷപ്പെടാം. അവരുടെ വിശ്വാസം (ഈമാൻ) ശരിയായ വിധത്തിൽ ഉറച്ചിട്ടില്ലായിരുന്നു. അത് മനസ്സിലാക്കിത്തരുന്ന ഒരു സംഭവം ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നുണ്ട്:

**മക്കാവിജയ ദിവസം നബി(സ്വ) യാതൊരു പ്രതികാര നടപടിയും സ്വീകരിക്കാതെ വെറുതെ വിട്ട ആളുകളുണ്ടായിരുന്നു. അവരാണ് 'ത്വുലക്വാഅ്' എന്ന പേരിൽ അറിയപ്പെടുന്നത്. അവരിൽ കുറെ പേർ ഇസ്‌ലാം സ്വീകരിച്ചു. ഹുനയ്ൻ യുദ്ധത്തിൽ അവർ മുസ്‌ലിംകൾക്ക് ഒപ്പമുണ്ട്. അവർ പുറകിലാണ്. യുദ്ധത്തിന്റെ ഗതി മനസ്സിലാക്കി ഇടപെടാനായിരുന്നു അവരുടെ തീരുമാനം. ജയിക്കുകയാണെങ്കിൽ കൂടെ നിൽക്കാം, പരാജയപ്പെടുകയാണെങ്കിൽ ഓടി രക്ഷപ്പെടാം. അവരുടെ വിശ്വാസം (ഈമാൻ) ശരിയായ വിധത്തിൽ ഉറച്ചിട്ടില്ലായിരുന്നു.**

അനസി(റ)ൽനിന്ന് നിവേദനം: ''ഹുനയ്ൻ ദിവസം ഉമ്മു സുലൈം(റ) തന്റെ പക്കലുണ്ടായിരുന്ന ഒരു കഠാരയെടുത്തു. അപ്പോൾ അത് അബൂത്വൽഹ(റ) കണ്ടു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഇത് ഉമ്മു സുലൈമാകുന്നു. അവരുടെ കൂടെ ഒരു കഠാരയുമുണ്ട്.' അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) ചോദിച്ചു: 'ഈ കഠാര എന്തിനാണ്?' അവർ പറഞ്ഞു: 'മുശ്‌രിക്കുകളിൽനിന്ന് ഒരാൾ എന്നോട് അടുത്താൽ ഞാൻ അത് എടുക്കും. (എന്നിട്ട്) ഞാൻ ഇതുകൊണ്ട് അവന്റെ വയറ് കീറും.' അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) ചിരിച്ചു. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, നമ്മുടെ ശേഷക്കാരായ ത്വുലക്വാഉകാർ അങ്ങയിൽനിന്നും ഓടിക്കളയാൻ (വിചാരിക്കുന്നു. അവരെ ഇതുകൊണ്ട്) അങ്ങ് വധിച്ചേക്കൂ.' അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ''ഓ, ഉമ്മുസുലൈം! തീർച്ചയായും അല്ലാഹു തന്നെ വേണ്ടുന്നത് ചെയ്യുകയും നന്നായി പ്രവർത്തിക്കുകയും ചെയ്യുന്നതാണ്'' (മുസ്‌ലിം).

ഹുനയ്ൻ യുദ്ധ ദിവസത്തിൽ പിന്തിരിഞ്ഞോടാൻ തയ്യാറായി നിന്നവരായിരുന്നു ത്വുലക്വാഅ് എന്ന് പറയുന്ന ഇക്കൂട്ടർ എന്നത് ഈ റിപ്പോർട്ടിൽനിന്നും നമുക്ക് മനസ്സിലാക്കാം.

ഹുനയ്ൻ യുദ്ധത്തിൽ പങ്കെടുത്ത ഒരു ധീര വനിതയായിരുന്നു ഉമ്മു സുലൈം(റ). യുദ്ധത്തിൽ പരിക്ക് പറ്റുന്ന പുരുഷന്മാരെ ശുശ്രൂഷിക്കുന്നതിനും അവർക്ക് വെള്ളം പോലുള്ളവ എത്തിക്കുന്നതിനും സ്വഹാബ വനിതകളും യുദ്ധസ്ഥലത്തേക്ക് പുറപ്പെടാറുണ്ടായിരുന്നു. അതിൽ പെട്ട ആളായിരുന്നു ഈ മഹതി.

യുദ്ധരംഗത്താണ് ഈ സംഭവം. യുദ്ധത്തിൽ ആയുധം കരുതലും സ്വയം രക്ഷക്ക് ആവശ്യമായ മാർഗങ്ങൾ സ്വീകരിക്കലും സ്വാഭാവികമാണ്. ഈ സംഭവം എടുത്തു കാണിച്ച് സ്ത്രീകളെ പോലും ആയുധം കൈയിലെടുപ്പിച്ച നേതാവാണ് മുഹമ്മദ് എന്നു പറഞ്ഞ് നബി(സ്വ)യെ ഇകഴ്ത്തുവാൻ ശ്രമിക്കുന്നവരുണ്ട്. തികച്ചും ബാലിശമായ ആരോപണമാണിതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

യുദ്ധഭൂമിയിൽനിന്നും ഓടിപ്പോയ ശത്രുക്കൾ പിന്നീട് പോയത് ത്വാഇഫിലേക്കായിരുന്നു. ത്വാഇഫാകട്ടെ ഇസ്‌ലാമിന്റെ ശത്രുക്കളുടെ കേന്ദ്രമായിരുന്നു. അവിടേക്ക് പോയ ശത്രുക്കളെ മുസ്‌ലിം സൈന്യം പിന്തുടർന്നു. ത്വാഇഫിൽ നബി(സ്വ)യും അനുചരന്മാരും എത്തിയപ്പോൾ അവിടെയുള്ളവർ ഭീതിയിലായി. ഇവരോട് നേരിടുക സാധ്യമല്ലെന്ന് അവർ മനസ്സിലാക്കി. അതിനാൽ അവർ എതിരിടാൻ ഒരുക്കം കൂട്ടിയില്ല. അങ്ങനെ ത്വാഇഫും ഇസ്‌ലാമിന് അധീനമായി.

**''അല്ലാഹുവാണെ സത്യം, തീർച്ചയായും ഞാൻ ചിലർക്ക് നൽകുകയും ചിലരെ ഒഴിവാക്കുകയും ചെയ്യുന്നതാണ്. ഞാൻ ഒഴിവാക്കിയവനാണ് ഞാൻ നൽകിയവനെക്കാൾ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവൻ. പക്ഷേ, ഞാൻ ചിലർക്ക് നൽകിയത് അവരുടെ ഹൃദയങ്ങളിൽ ഉത്കണ്ഠയും അസ്വസ്ഥതയും ഞാൻ കണ്ടതിനാലാണ്. മറ്റുള്ള ആളുകളെ, അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഐശ്വര്യവും നന്മയും ആക്കിയിട്ടുള്ളതിലേക്ക് ഏൽപിച്ചിരിക്കുകയും ചെയ്തിട്ടുണ്ട്'' (ബുഖാരി).**

വർഷങ്ങൾക്ക് മുമ്പ് തിരുനബി(സ്വ) ത്വാഇഫിലേക്ക് ഇസ്‌ലാമിക പ്രബോധനത്തിനായി പോയപ്പോൾ അദ്ദേഹത്തെ എറിഞ്ഞോടിച്ചവരാണ് അവിടെയുള്ളത്. അവരിൽനിന്നും പ്രവാചകൻ(സ്വ) അന്ന് ഓടി രക്ഷപ്പെടുകയുണ്ടായി. അങ്ങനെ നബി(സ്വ) ഓടി തളർന്ന് വിശ്രമിക്കുന്ന വേളയിൽ പർവതങ്ങളുടെ മലക്ക് വന്ന് അവരെ നശിപ്പിക്കുന്നതിന് വേണ്ടി അനുവാദം ചോദിച്ചു. നബി(സ്വ) അതിന് വിസമ്മതിച്ചു. അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്തു. പിൽക്കാലത്ത് അവരിൽനിന്നും ഒരു ജനത ഉയർത്തെഴുന്നേൽപിക്കപ്പെട്ടേക്കാം എന്ന് പ്രത്യാശിക്കുകയും ചെയ്തിരുന്നല്ലോ. ആ ആഗ്രഹം ഇവിടെ പൂവണിയുകയാണ്. ത്വാഇഫുകാർ മുഴുവനും നബി(സ്വ)യിൽ വിശ്വസിച്ചവരായി. അങ്ങനെ ത്വാഇഫ് ഇസ്‌ലാമിന് അധീനമാകുകയും ചെയ്തു. നബിയുടെ കാലത്ത് മുസ്‌ലിംകളും മുശ്‌രിക്കുകളും തമ്മിലുണ്ടായ അവസാന യുദ്ധമായിരുന്നു ഹുനയ്ൻ യുദ്ധവും അതിനോട് അനുബന്ധിച്ചുണ്ടായ ത്വാഇഫ് യുദ്ധവും.

കഴിഞ്ഞുപോയ യുദ്ധങ്ങളിലൊന്നും ലഭിച്ചിട്ടില്ലാത്തത്ര യുദ്ധാർജിത സമ്പത്ത് ഇതിൽ ലഭിക്കുകയുണ്ടായി; ആട്, മാട്, ഒട്ടകങ്ങൾ, കുതിരകൾ എന്നിവയടങ്ങിയ. കുറെ പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർ ബന്ധികളായി. യുദ്ധത്തിൽ പിടിക്കപ്പെടുന്ന ബന്ധികളോട് എപ്രകാരമാണ് വർത്തിക്കേണ്ടതെന്നും മുസ്‌ലിംകൾ എപ്രകാരമാണ് അവരോട് പെരുമാറിയിരുന്നത് എന്നതും നാം മുമ്പ് വിവരിച്ചിട്ടുണ്ട്.

ഇസ്‌ലാമിനെ ചീത്തപറയുവാനും അവഹേളിക്കുവാനും ചരിത്രത്തെ വക്രീകരിക്കുന്നവർക്ക് ഇസ്‌ലാമിനെ പോലെ മാർഗദർശനം കാണിക്കുന്ന ഒരു ദർശനത്തെയും കാണുക സാധ്യമല്ല. കാരണം, ഇത് ലോകരക്ഷിതാവിങ്കൽനിന്നുള്ള മതമാണ്.

യുദ്ധാർജിത സ്വത്ത് വീതം വെക്കാൻ തുടങ്ങി. മക്കാവിജയത്തിന് ശേഷം ഇസ്‌ലാമിലേക്ക് വന്ന പുതിയ വിശ്വാസികൾക്കാണ് നബി(സ്വ) സ്വത്തിന്റെ വലിയ ഒരു വിഹിതം മാറ്റിവെച്ചത്. അവരുടെ ഈമാനും ദീനിനോടുള്ള പ്രതിബദ്ധതയും ഉറക്കുവാൻ ഇത് കാരണമായി.

ഇബ്‌നു ശിഹാബി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: 'മക്കാവിജയമാകുന്ന വിജയത്തിന് അല്ലാഹുവിന്റെ റസൂൽ(സ്വ) പട നയിച്ചു. അതിനു ശേഷം അല്ലാഹുവിന്റെ റസൂൽ(സ്വ) തന്റെ കൂടെയുള്ള മുസ്‌ലിംകളുമായി പുറപ്പെടുകയും അങ്ങനെ അവർ ഹുനയ്‌നിൽ വെച്ച് യുദ്ധത്തിലേർപ്പെടുകയും ചെയ്തു. അപ്പോൾ അല്ലാഹു അവന്റെ മതത്തെയും മുസ്‌ലിംകളെയും സഹായിക്കുകയുണ്ടായി. അല്ലാഹുവിന്റെ റസൂൽ (സ്വ) സ്വഫ്‌വാൻ ഇബ്‌നു ഉമയ്യക്ക് നൂറ് ഒട്ടകങ്ങളെയും, പിന്നെ നൂറും പിന്നെ നൂറും (ആയി) നൽകുകയും ചെയ്തു.' ഇബ്‌നു ശിഹാബി പറഞ്ഞു: 'എന്നോട് സഈദ് ഇബ്‌നു മുസ്വയ്യിബ് പറഞ്ഞിട്ടുണ്ട്; തീർച്ചയായും സ്വഫ്‌വാൻ(റ) പറഞ്ഞു: 'അല്ലാഹുവാണെ സത്യം, അല്ലാഹുവിന്റെ റസൂൽ(സ്വ) എനിക്ക് നൽകിയതെല്ലാം നൽകി. തീർച്ചയായും അദ്ദേഹമായിരുന്നു ജനങ്ങളിൽ എനിക്ക് ഏറ്റവും വെറുപ്പുണ്ടായിരുന്നത്. എന്നാൽ ജനങ്ങളിൽ അദ്ദേഹം എനിക്ക് ഏറ്റവും പ്രിയപ്പെട്ടവനാകുന്നതുവരെ അവിടുന്ന് എനിക്ക് നൽകിക്കൊണ്ടേയിരുന്നു'' (മുസ്‌ലിം).

വിശ്വാസം ഉറക്കുന്നതിന് വേണ്ടിയും മുഹമ്മദ് നബി(സ്വ)യോട് അങ്ങേയറ്റത്തെ സ്‌നേഹവും ആദരവും ഉണ്ടാകുന്നതിന് വേണ്ടിയും ആയിരുന്നു നബി(സ്വ) ഇപ്രകാരം ചെയ്തത്. ഇസ്‌ലാമിലേക്ക് പ്രവേശിച്ചിട്ടില്ലെങ്കിലും ഇസ്‌ലാമിനോട് ചായ്‌വ് കാണിക്കുന്ന, ഇസ്‌ലാമിനോടോ മുസ്‌ലിംകളോടോ എതിർപ്പോ ശത്രുതയോ ഇല്ലാത്ത ആളുകൾക്ക് ശാരീരികമായോ സാമ്പത്തികമായോ സഹായം ചെയ്യുന്നതും നന്മ ചെയ്യുന്നതും ഇസ്‌ലാം വിലക്കിയിട്ടുമില്ല. ഇസ്‌ലാമിനോട് മാനസികമായി ചായ്‌വ് വെച്ചുപുലർത്തുന്നവർ സകാത്തിന്റെ അവകാശികളായ എട്ടു വിഭാഗത്തിൽ ഒരു വിഭാഗമാണെന്ന വസ്തുതകൂടി നാം മനസ്സിലാക്കണം.

ഇസ്‌ലാമിലേക്ക് പ്രവേശിച്ച പുതിയ ആളുകൾക്ക് യുദ്ധാർജിത സ്വത്തിൽനിന്നും ധാരാളം നൽകി. അങ്ങനെ അവരുടെ ഈമാൻ ഉറച്ചു. പിന്നീട് അവർക്ക് ധനത്തോടോ ഭൗതിക സൗകര്യങ്ങളോട് മോഹം ഇല്ലാതാകുകയും പരലോക മോചനം മാത്രം മുന്നിൽ കണ്ട് ജീവിക്കുവാൻ അവർ പ്രാപ്തരാവുകയും ചെയ്തു.

ഇത്രയും കാലം നബി(സ്വ)യോടൊപ്പം പ്രയാസങ്ങളും ദുരിതങ്ങളും സഹിച്ച് ജീവിച്ച ധാരാളം സ്വഹാബിമാർ ഈ സന്ദർഭത്തിൽ നബി(സ്വ)യുടെ സമീപത്തുണ്ടായിരുന്നു. അവരെക്കാൾ നബി(സ്വ) ഈ സ്വത്തിന് മുൻഗണന നൽകിയത് പുതുതായി ഇസ്‌ലാമിലേക്ക് വന്നവർക്കാണ് എന്നത് സ്വഹാബിമാരിൽ ചിലർക്ക് വിഷമം ഉണ്ടാക്കി. അത് സ്വാഭാവികമാണല്ലോ. ഈ സന്ദർഭത്തിൽ നബി(സ്വ) അവരെ വിളിച്ചു ഒരുമിച്ചു കൂട്ടി. എന്നിട്ട് അവരോട് പറഞ്ഞു:

''അല്ലാഹുവാണെ സത്യം, തീർച്ചയായും ഞാൻ ചിലർക്ക് നൽകുകയും ചിലരെ ഒഴിവാക്കുകയും ചെയ്യുന്നതാണ്. ഞാൻ ഒഴിവാക്കിയവനാണ് ഞാൻ നൽകിയവനെക്കാൾ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവൻ. പക്ഷേ, ഞാൻ ചിലർക്ക് നൽകിയത് അവരുടെ ഹൃദയങ്ങളിൽ ഉത്കണ്ഠയും അസ്വസ്ഥതയും ഞാൻ കണ്ടതിനാലാണ്. മറ്റുള്ള ആളുകളെ, അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഐശ്വര്യവും നന്മയും ആക്കിയിട്ടുള്ളതിലേക്ക് ഏൽപിച്ചിരിക്കുകയും ചെയ്തിട്ടുണ്ട്'' (ബുഖാരി).

''അവിശ്വാസം കൊണ്ട് അടുത്ത കാലമായി (നടന്നവരായ) ഈ ആളുകൾക്ക് അവരുടെ (ഹൃദയം) ഇണങ്ങുന്നതിനായി ഞാൻ നൽകുന്നു. ഈ ജനങ്ങൾ സ്വത്തുക്കളുമായി പോകാനും (ആ സ്ഥാനത്ത്) നിങ്ങൾ പ്രവാചകൻ(സ്വ)നെയും കൊണ്ട് നിങ്ങളുടെ താവളത്തിലേക്ക് പോകുവാനും നിങ്ങൾ തൃപ്തരാകുമോ? അല്ലാഹുവാണെ സത്യം, അവർ ഏതൊന്നും കൊണ്ട് മടങ്ങുന്നുവോ അതിനെക്കാൾ ഉത്തമമായതുംകൊണ്ടാണ് നിങ്ങൾ മടങ്ങുന്നത്.'' അവർ പറഞ്ഞു: ''അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ തൃപ്തരാകുന്നു''(ബുഖാരി).

''തീർച്ചയായും ഞാൻ ഒരാൾക്ക് നൽകും. അല്ലാഹു അവനെ നരകത്തിൽ വീഴ്ത്തുന്നതിനെ ഭയപ്പെടുന്നതിനാലാണത്. അവനല്ലാത്തവനാണ് അവനെക്കാൾ എനിക്ക് പ്രിയപ്പെട്ടവൻ'' (മുസ്‌ലിം).

ഈ ആശ്വാസ വാക്കുകളിൽ സ്വഹാബിമാർ തൃപ്തരായി. അവർക്ക് അത് ഏറെ ആനന്ദം പകർന്നു. നബി(സ്വ) ഇപ്രകാരം സ്വഹാബിമാരെ ഉണർത്താൻ പ്രത്യേക കാരണമുണ്ടായിരുന്നു. നാം നേരത്തെ സൂചിപ്പിച്ചതാണ്. അതായത് സ്വഹാബിമാരിൽ ചിലർ നബി(സ്വ) കേൾക്കാത്ത വിധത്തിൽ സ്വകാര്യങ്ങൾ പറയാൻ തുടങ്ങി.

'വിഷമകരമായ സാഹചര്യം ആയാൽ നമ്മൾ വിളിക്കപ്പെടുന്നു. (എന്നാൽ) ഗനീമത്ത് സ്വത്ത് നമ്മൾ അല്ലാത്തവർക്കും നൽകപ്പെടുന്നു.' അങ്ങനെ അത് നബി(സ്വ)ക്ക് എത്തി. അപ്പോൾ നബി(സ്വ) അവരെ എല്ലാവരെയും ഒരു കൂടാരത്തിലേക്ക് ഒരുമിച്ചു കൂട്ടി. എന്നിട്ട് പറഞ്ഞു: 'ഓ, അൻസ്വാർ



സമൂഹമേ, നിങ്ങളിൽനിന്നും എനിക്ക് എത്തിയ വർത്തമാനം എന്താണ്?' അപ്പോൾ അവർ മൗനം പാലിച്ചു. അപ്പോൾ നബി(സ്വ) ചോദിച്ചു: 'ഈ ജനങ്ങൾ ദുൻയാവും കൊണ്ട് പോകുമ്പോൾ നിങ്ങൾ മുഹമ്മദിനെയും കൂട്ടി നിങ്ങളുടെ ഭവനങ്ങളിലേക്ക് പോകുന്നതിൽ നിങ്ങൾ തൃപ്തരാകുന്നില്ലേ?' അവർ പറഞ്ഞു: 'അതെ, അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ തൃപ്തരാണ്.' (നിവേദകൻ) പറയുന്നു: അപ്പോൾ നബി (സ്വ) പറഞ്ഞു: 'ജനങ്ങൾ ഒരു താഴ്‌വരയിൽ പ്രവേശിച്ചു. ആ സമയത്ത് അൻസ്വാറുകൾ ഒരു പർവത പ്രദേശങ്ങളിലൂടെയുള്ള വഴിയിലുമാണ് പ്രവേശിക്കുന്നതെങ്കിൽ തീർച്ചയായും ഞാൻ അൻസ്വാറുകളുടെ പർവത പ്രദേശങ്ങളിലൂടെയുള്ള വഴിയായിരിക്കും സ്വീകരിക്കുക' (മുസ്‌ലിം).

മനുഷ്യസഹജമായ ഒരു വികാരമാണ് സ്വഹാബിമാർ ഇതിലൂടെ പ്രകടമാക്കിയത്. അൻസ്വാറുകളിൽ ചിലർ നടത്തിയ ഈ സംസാരം പിന്നീട് നബി(സ്വ)യും അറിഞ്ഞു. നബി(സ്വ)ക്ക് അത് വലിയ വിഷമം ഉണ്ടാക്കി. താൻ ഏറെ സ്നേഹിക്കുന്ന തന്റെ അനുചരന്മാർ തന്നെ പറ്റി ഇപ്രകാരം ചിന്തിച്ചുവോ. മക്കയിൽ നിന്നും മദീനയിലേക്ക് എത്തിയപ്പോൾ എല്ലാം നൽകി സഹായിക്കുകയും സ്വീകരിക്കുകയും ചെയ്ത അൻസ്വാറുകൾ തന്നെ പറ്റി ഇങ്ങനെയെല്ലാം പറയുന്നുവോ? നബി(സ്വ) അവരെ എല്ലാവരെയും ഒരു കൂടാരത്തിൽ വിളിച്ചു ചേർത്തു. അവരോട് സംസാരിച്ചു. ഭൗതിക സമ്പത്ത് ലഭിച്ചവർ അതുമായി മടങ്ങിയെങ്കിൽ നിങ്ങൾ നിങ്ങളുടെ ഭവനങ്ങളിലേക്ക് പോകുന്നത് എന്നെയും കൊണ്ടാണ് എന്ന പ്രവാചകന്റെ വാക്ക് അവരെ ചിന്തിപ്പിച്ചു. അവർ അതിൽ സംതൃപ്തരായി.

എല്ലാം വീതിച്ചുകഴിഞ്ഞ സന്ദർഭത്തിൽ ഹവാസിനിൽ നിന്നും ഒരു സംഘം അവിടേക്ക് വന്നു. ഹുനയ്ന് യുദ്ധത്തിന് ശത്രുസേനക്ക് നേതൃത്വം നൽകിയ സംഘമാണത്. എല്ലാവരും നബി(സ്വ)യുടെ മുമ്പിൽ എത്തി. എന്നിട്ട് എല്ലാവരും സാക്ഷ്യവചനം പ്രഖ്യാപിച്ചു. എന്നിട്ട് അവർ പറഞ്ഞു: ''ഞങ്ങളിൽ നിന്നും പിടിച്ചെടുത്ത ഞങ്ങളുടെ സ്വത്തുക്കളും ബന്ധികളെയും ഞങ്ങൾക്കുതന്നെ തിരിച്ചേൽപിക്കണം.'' അപ്പോൾ നബി(സ്വ) പറഞ്ഞു: ''രണ്ടും നൽകാൻ കഴിയില്ല. ഒന്നുകിൽ സ്വത്ത് തരാം. അല്ലെങ്കിൽ പിടിക്കപ്പെട്ട ബന്ധികളെ നൽകാം.'' അപ്പോൾ അവർ പറഞ്ഞു: ''ഞങ്ങൾക്ക് ഞങ്ങളിൽനിന്നും ബന്ധികളാക്കപ്പെട്ടവരെ കിട്ടിയാൽ മതി.''

ഇതെല്ലാം നേരത്തെ മുസ്‌ലിംകൾക്കിടയിൽ വീതിച്ചതാണ്. അതെല്ലാം തിരികെ നൽകണം എന്ന് പറഞ്ഞാൽ അവർ തിരിച്ചു നൽകും. ആരും നബി(സ്വ)യുടെ കൽപനയോട് അനുസരക്കേട് കാണിക്കുകയില്ല. എന്നാൽ ലോകത്തിന് ഒരു പാഠം പകർന്നു നൽകുകയാണ് നബി(സ്വ) ചെയ്തത്. ആരെയും നിർബന്ധിക്കാതെ സ്വഹാബിമാരോട് അഭിപ്രായം ആരാഞ്ഞു.

എല്ലാം വീതിച്ചുകഴിഞ്ഞ സന്ദർഭത്തിൽ ഹവാസിനിൽ നിന്നും ഒരു സംഘം അവിടേക്ക് വന്നു. ഹുനയ്ൻ യുദ്ധത്തിന് ശത്രുസേനക്ക് നേതൃത്വം നൽകിയ സംഘമാണത്. എല്ലാവരും നബി(സ്വ)യുടെ മുമ്പിൽ എത്തി. എന്നിട്ട് എല്ലാവരും സാക്ഷ്യവചനം പ്രഖ്യാപിച്ചു. എന്നിട്ട് അവർ പറഞ്ഞു: ''ഞങ്ങളിൽ നിന്നും പിടിച്ചെടുത്ത ഞങ്ങളുടെ സ്വത്തുക്കളും ബന്ധികളെയും ഞങ്ങൾക്കുതന്നെ തിരിച്ചേൽപിക്കണം.'' അപ്പോൾ നബി(സ്വ) പറഞ്ഞു: ''രണ്ടും നൽകാൻ കഴിയില്ല. ഒന്നുകിൽ സ്വത്ത് തരാം. അല്ലെങ്കിൽ പിടിക്കപ്പെട്ട ബന്ധികളെ നൽകാം.'' അപ്പോൾ അവർ പറഞ്ഞു: ''ഞങ്ങൾക്ക് ഞങ്ങളിൽനിന്നും ബന്ധികളാക്കപ്പെട്ടവരെ കിട്ടിയാൽ മതി.''

തീർച്ചയായും നിങ്ങളുടെ ഈ സഹോദരങ്ങൾ പശ്ചാത്തപിക്കുന്നവരായി നമ്മുടെ അടുക്കൽ വന്നിരിക്കുന്നു. അവരുടെ കുട്ടികളെ അവരിലേക്ക് മടക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതിനാൽ നിങ്ങളിൽ നിന്ന് ആരെങ്കിലും അത് ഇഷ്ടപ്പെടുന്നുവെങ്കിൽ അവൻ അപ്രകാരം ചെയ്തുകൊള്ളട്ടെ. ഇനി ആരെങ്കിലും തന്റെ വിഹിതത്തിൽ അല്ലാഹു നമുക്ക് ആദ്യമായി കൈവശപ്പെടുത്തി തന്നതിൽനിന്ന് അത് മാത്രം നൽകാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവൻ അപ്രകാരവും ചെയ്തുകൊള്ളട്ടെ. അപ്പോൾ ജനങ്ങൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ അവർക്ക് നല്ലത് നൽകാം.'

സ്വത്ത് വീതിച്ചതോടെ അത് സ്വഹാബിമാരുടെതായല്ലോ. അവരോട് നിർബന്ധിപ്പിച്ച് കൊടുപ്പിക്കുന്നത് ശരിയല്ല താനും. അതിനാൽ നബി(സ്വ) തന്റെ ഇഷ്ടം എന്താണ് എന്ന് ആദ്യം പറഞ്ഞു. 'അവരുടെ ബന്ധികളെ അവർക്ക് വിട്ടുനൽകാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. നിങ്ങളിൽ ആർക്കെങ്കിലും അത് നല്ലതായി തോന്നുന്നുവെങ്കിൽ അവൻ അപ്രകാരം പ്രവർത്തിക്കട്ടെ.' നബി(സ്വ) അവരെ നിർബന്ധിച്ചില്ല. അധികാര സ്വരമോ സ്വേച്ഛാധിപത്യമോ കാണിച്ചില്ല. നബി(സ്വ)യോട് അവർ എല്ലാവരും നല്ല രൂപത്തിൽ പ്രതികരിച്ചു. ഞങ്ങൾ ഒരുക്കമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചു. അങ്ങനെ അവർ എല്ലാവരും അവർക്ക് എല്ലാം തിരിച്ചുനൽകി. ഹുനയ്നിൽ ശത്രുക്കളുടെ നേതാവായിരുന്ന മാലിക് ഇബ്നു ഔഫും പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി എന്ന് ചരിത്രം പറയുന്നു.

**(അടുത്ത ലക്കത്തിൽ: തബൂക് യുദ്ധം).**

ലേഖനം



# സാഹസികതയുടെ ഇസ്‌ലാമികമാനങ്ങൾ

സി.ടി. അഹ്മദ് കബീർ ഒതായി

: 9495386011

രണ്ടു മലകൾക്കിടയിൽ കുറുകെ കെട്ടിയ കയറിന്മേൽ നടക്കുന്നതും അപകടകരമായ ചെങ്കുത്തിലൂടെ അള്ളിപ്പിടിച്ചു കയറുന്നതും മരണം മണക്കുന്ന മോട്ടോർ വാഹനയോട്ട മത്സരങ്ങളും സൈക്കിൾ റൈഡുകളും വിഷജീവികളുടെ കൂടെ സഹവസിക്കുന്നതും ഹിംസ്ര ജന്തുക്കളുടെ സങ്കേതങ്ങളിലൂടെ സാഹസിക സഞ്ചാരം നടത്തുന്നതും ആധുനിക 'അഡ്വഞ്ചർ'യുഗത്തിന്റെ പതിവുദൃശ്യങ്ങളാണ്.

മഞ്ഞുറഞ്ഞ ഗിരിശൃംഖങ്ങളും ഉത്തര-ദക്ഷിണ ധ്രുവങ്ങളും ലാവാസജീവമായ അഗ്നിപർവതങ്ങളും ഭീഭത്സമായ പാതാള തുരങ്കങ്ങളും ആഴക്കടലുകളുടെ അഗാധതകളും മാത്രമല്ല; മേഘപടലങ്ങൾക്കപ്പുറമുള്ള ശൂന്യാകാശം പോലും ഇതിൽനിന്നൊഴിവല്ല.

പേരും പെരുമയും ഗിന്നസ് ബുക്കിലെ പ്രശസ്തിയും 'റീച്ചും ലൈക്കു'മെല്ലാമാണിവിടെ ലക്ഷ്യമാക്കപ്പെടുന്നത്. അത്യുത്സാഹവും ഉല്ലാസഭരിതമായ ഭ്രാന്താവേശവും അചിന്ത്യമായ അവസ്ഥകളിലേക്കാണ് ഇത്തരക്കാരെ കൊണ്ടെത്തിക്കുന്നത്.

ജലജീവികളാലും കാട്ടുമൃഗങ്ങളാലും ജീവഹാനി വന്നവരും അംഗഭംഗം വന്നവരും ഒഴുക്കിൽ പെട്ടു മുങ്ങിത്താണവരും ചെളിയിൽ പൂണ്ടും മലമുകളിലിൽനിന്നു തെന്നിവീണും അഗാധ ഗർത്തങ്ങളിൽ അകപ്പെട്ടുമെല്ലാം ശ്വാസം നിലച്ചവരും നിരവധിയാണ്. പ്രശസ്തിയുടെ പ്രേരണയാലുള്ള ഉന്മത്തതയും സാഹസഭരിതമായ മനോനിലയുമാണ് ഇവർക്കെല്ലാം വിനയായത്.

**ഇസ്‌ലാമിക വീക്ഷണത്തിൽ**

സ്വശരീരം സംരക്ഷിക്കുക എന്ന ബാധ്യതകൂടി ഇസ്‌ലാമിക ശരീഅത്തിന്റെ ശാസനയിൽ ഉൾപ്പെടുന്നു. ദേഹത്തിന് കേടുപാടുകൾ സംഭവിക്കുന്ന പ്രവർത്തനങ്ങളിൽ ബോധപൂർവം ഏർപ്പെടുന്നത് ദൈവകോപത്തിന് വിധേയമാകുന്ന പാതകമായി ഗണിക്കപ്പെടുകയും ചെയ്യുന്നു. 'നിങ്ങൾ സ്വയം നാശത്തിലേക്ക് എടുത്തു ചാടരുത്' (2:195) എന്ന ക്വുർആനിക ശാസന അതിലേക്ക് വിരൽചൂണ്ടുന്നു.

പ്രസ്തുത വചനത്തിന്റെ വ്യാഖ്യാനമായി ശൈഖ് അബ്ദുറഹ്മാൻ നാസ്വിറുദ്ദീൻ അസ്സഅദിയുടെ വാചകങ്ങൾ: ''...തന്റെ കഴിവുകേട് മനസ്സിലാക്കാതെ താൻ ഏർപ്പെടുന്ന സംഘട്ടനങ്ങളും ഭീതിത മേഖലകളിലൂടെയുള്ള യാത്രകളും ഇഴജന്തുക്കളും വന്യമൃഗങ്ങളുമുള്ള പ്രദേശങ്ങളിൽ പോകുന്നതും അപകടകരമായ മരങ്ങളിലോ കെട്ടിടങ്ങളിലോ കയറുന്നതും അതല്ലെങ്കിൽ അപകടം പതിയിരിക്കുന്ന പ്രതലങ്ങളിൽ പ്രവേശിക്കുന്നതുമെല്ലാം 'സ്വയം നാശത്തിലേക്ക് എടുത്തു ചാടുക'യെന്നതിൽപെടുന്നു...''

ആവശ്യാനുസാരം ഉപയോഗിക്കാവുന്ന ഒരു വാടകവാഹനം പോലെയാണ് മനുഷ്യശരീരം. നിശ്ചിതമായ ആയുഷ്‌ക്കാലത്തിനിടയ്ക്ക് ആത്മാവിനെ സൂക്ഷിക്കാനായി അതിന്റെ സ്രഷ്ടാവ് സംവിധാനിച്ച സൗകര്യപ്രദമായ ഒരു സംവിധാനമാണത്. വാടകവാഹനം പോലെത്തന്നെ കേടുപാടുകൾക്ക് ഉത്തരവാദി വാടകയ്ക്ക് വാങ്ങിയവൻ തന്നെയാണ് ഇവിടെയും.

'സ്വയം നാശത്തിലകപ്പെടുന്നതും മറ്റുള്ളവർക്ക് നാശമുണ്ടാക്കുന്നതും' വിരോധിക്കുന്ന (ഇബ്നുമാജ, ദാറഖുത്വ്നി) പ്രസിദ്ധമായ നബിവചനത്തിന്റെ വിശ

ദീകരണ പരിധിയിലും ഇതിലുള്ള അസാംഗത്യത്തെ അടുത്തറിയാവുന്നതാണ്.

**ദൈവിക വിധിവിലക്കുകളോടുള്ള വെല്ലുവിളി**

''ഏഴു ഭൂഖണ്ഡങ്ങളിലായി നാൽപതിലധികം പര്യവേഷണങ്ങൾ നടത്തിയവളാണ് ഞാൻ... ദീർഘനേരം ഞാനൊരു പർവതത്തിൽ കുടുങ്ങിപ്പോയി, എന്റെ പുരികങ്ങൾ കൊഴിഞ്ഞുപോയി, എന്നിട്ടും ആ ഇ-മെയിൽ അയക്കുന്നത് എന്റെ ജീവിതത്തിലെ ഭയാനകമായ നിമിഷങ്ങളിൽ ഒന്നായിരിന്നു...''

ഒരു പ്രമുഖ ഇസ്‌ലാമിക രാജ്യത്തിന്റെ പൗരയും അടുത്ത കാലത്ത് എവറസ്റ്റ് കീഴടക്കിയതായി വാർത്തകളിൽ ഇടം നേടുകയും ചെയ്ത ഒരു മുസ്‌ലിം വനിതയുടെ വാചകങ്ങളാണ് മുകളിൽ. സ്ത്രീയുടെ സഹയാത്രികർ ആരായിരിക്കണമെന്നും യാത്രാമര്യാദകൾ ഏതെല്ലാമാണെന്നും തിരിച്ചറിയുന്നതിനപ്പുറം, പ്രസ്തുത വിധിവിലക്കുകളുടെ സാന്നിധ്യത്തെ പോലും പരിചയമില്ലാത്തവരാണ് ഇത്തരക്കാരിലെ ഒട്ടേറെയും.

**ആരാധനാകർമങ്ങൾ പാഴാക്കപ്പെടുന്നു**

അനിവര്യമായ യാത്രകൾക്ക് നിർബന്ധ സാഹചര്യങ്ങളെ പരിഗണിച്ചുകൊണ്ട് വിശ്വാസിയുടെ ആരാധനാ കാര്യങ്ങളിൽ ഇസ്‌ലാം അനുവദിക്കുന്ന സൗകര്യപ്രദമായ ഇളവുകളെ കുറിച്ചോ, സമയാസമയങ്ങളിൽ, ഓരോ മുസ്‌ലിമും വ്യക്തിപരമായി സ്വീകരിക്കുന്ന നിലപാടുകളിലെ ദൈവികപക്ഷത്തെ പറ്റിയോ അധികപേരും ഇന്ന് അജ്ഞരും അന്ധരുമാണ്.

സാഹസികയാത്ര നടത്തുന്നയാൾ ഒരു മുസ്‌ലിമാണെങ്കിൽ, സംഘടിതവും സമയബന്ധിതവുമായി അനുഷ്ഠിക്കപ്പെടുന്ന നിർബന്ധ നമസ്കാരം പോലുള്ള ആരാധനാ കർമങ്ങൾക്കും ഐച്ഛി

**ആവശ്യാനുസാരം ഉപയോഗിക്കാവുന്ന ഒരു വാടകവാഹനം പോലെയാണ് മനുഷ്യശരീരം. നിശ്ചിതമായ ആയുഷ്‌ക്കാലത്തിനിടയ്ക്ക് ആത്മാവിനെ സൂക്ഷിക്കാനായി അതിന്റെ സ്രഷ്ടാവ് സംവിധാനിച്ച സൗകര്യപ്രദമായ ഒരു സംവിധാനമാണത്. വാടകവാഹനം പോലെത്തന്നെ കേടുപാടുകൾക്ക് ഉത്തരവാദി വാടകയ്ക്ക് വാങ്ങിയവൻ തന്നെയാണ് ഇവിടെയും.**
**'സ്വയം നാശത്തിലകപ്പെടുന്നതും മറ്റുള്ളവർക്ക് നാശമുണ്ടാക്കുന്നതും' വിരോധിക്കുന്ന (ഇബ്നുമാജ, ദാറഖുത്വ്നി) പ്രസിദ്ധമായ നബിവചനത്തിന്റെ വിശദീകരണ പരിധിയിലും ഇതിലുള്ള അസാംഗത്യത്തെ അടുത്തറിയാവുന്നതാണ്.**

കമായി നിർവഹിച്ചുകൊണ്ടിരിക്കുന്ന സുന്നത്തു നമസ്കാരങ്ങൾക്കും മറ്റും ഈ കാലയളവിൽ മുടക്കം വരുന്നു.

**മുസ്‌ലിംകൾ മേൽവിലാസമുള്ളവർ**

'ചോദിക്കാനും പറയാനും ആളില്ലാത്തവർ' എന്നാണ് അനിയന്ത്രിതരായി അലഞ്ഞുനടക്കുന്നവരെകുറിച്ച് പ്രാദേശികമായി പരാമർശിക്കാറുള്ളത്. മുസ്‌ലിംകളെ ആ ഗണത്തിലുൾപ്പെടാൻ അവരുടെ സ്രഷ്ടാവ് അനുവദിക്കുന്നില്ല.

സാക്ഷ്യവാക്യം ചൊല്ലിയവർക്ക് വിശ്വാസപരമായ മേൽവിലാസം നൽകുകയും ചിട്ടയും സമയക്രമവും സമംചേർത്ത കർമസരണി നിശ്ചയിക്കുകയും ചെയ്ത മതമാണ് ഇസ്‌ലാം. മിതത്വം കൈവിടാതെ ജീവിതസന്ധാരണം നടത്തുന്ന വ്യക്തിയുടെ മാനസികോല്ലാസത്തിനും ആഹ്ലാദത്തിനും പക്വതയുടേയും പാകതയുടെയും പരിധി നിശ്ചയിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തോടും അതിലെ സർവ ചരാചരങ്ങളോടും കടപ്പാടും കനിവും കാണിക്കാൻ കൃത്യമായ നിഷ്കർഷയുടെ പാഠങ്ങളാണ് അത് പകർന്നു നൽകുന്നത്. യാത്രകളും യാത്രാമര്യാദകളും എന്തിനേറെ, ദേശാന്തരങ്ങളുടെ അന്യതയിൽ മുസ്‌ലിം ഉരുവിടേണ്ട പ്രത്യേകമായ പ്രാർഥനകൾ പോലും അതിന്റെ അധ്യാപനങ്ങളുടെ ഭാഗമാണ്.

അപരിചിതങ്ങളായ പ്രദേശങ്ങളിൽ പ്രവേശിക്കുന്നവരോട് പ്രാർഥിക്കാൻ നബി(സ്വ) ഉപദേശിച്ചതായി ഖൗല ബിൻത് ഹകീം ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം. നബി(സ) പറയുന്നതായി ഞാൻ കേട്ടു: ''ഒരാൾ ഒരു പ്രദേശത്ത് എത്തിച്ചേർന്ന ശേഷം, അല്ലാഹുവിന്റെ സമ്പൂർണ നാമങ്ങളാൽ അവൻ സൃഷ്ടിച്ച എല്ലാറ്റിന്റെയും കെടുതികളിൽനിന്നും ഞാൻ ശരണം തേടുന്നു എന്ന് ഉരുവിട്ടാൽ ആ സ്ഥലത്തുനിന്നും അവൻ മടങ്ങുന്നതുവരേക്കും അവന് യാതൊരു ഉപദ്രവവും ബാധിക്കുകയില്ല.'' സ്വദേശത്തും യാത്രയിലും ഇത് പ്രയോജനകരമാണെന്ന് പണ്ഡിതർ വിശദീകരിച്ചുതരുന്നു.

ഇമാം അൽബാനി സ്വീകാര്യയോഗ്യമായി ഗണിച്ച മറ്റൊരു ഹദീസിന്റെ സാരാംശവും ഇത് വ്യക്തമാക്കുന്നു: സ്വുഹൈബ്(റ) തന്നോട് പറഞ്ഞതായി കഅബ്(റ) റിപ്പോർട്ട് ചെയ്യുന്നു: ''...ഈ പ്രദേശവും പ്രദേശവാസികളും ഇതിലുള്ളതും ഉൾക്കൊള്ളുന്ന ഗുണത്തെ നിന്നോട് ഞാൻ ചോദിക്കുന്നു. ഈ പ്രദേശത്തിന്റെയും ഇവിടുത്തുകാരുടെയും ഇതിലുൾക്കൊള്ളുന്നതിന്റെയും ദോഷത്തിൽനിന്നും നിന്നോട് ഞാൻ ശരണം തേടുകയും ചെയ്യുന്നു.''

**തകർക്കപ്പെട്ട പ്രദേശങ്ങളിലൂടെയുള്ള സഞ്ചാരം**

വിശ്വാസിയുടെ ശരീരസുരക്ഷയെയും ആത്മഭദ്രതയെയും അതീവ പ്രാധാന്യത്തോടെയാണ് വിശുദ്ധ മതം ദർശിക്കുന്നത്. അവ രണ്ടിനും പോറൽ പറ്റാതെ



യായിരിക്കണം ഒരു മുസ്‌ലിമിന്റെ ജീവിതക്രമം. അതിന് അനുഗുണമായ ധാരാളം നിയമനിർദേശങ്ങൾ ഇസ്‌ലാം നൽകുന്നതായി കാണാം. ഒരു ഹദീസിൽ ഇപ്രകാരമുണ്ട്: ഇബ്നു ഉമറി(റ)ൽനിന്നും റിപ്പോർട്ട്: ''അനുസരണക്കേട് നിമിത്തം അല്ലാഹുവിന്റെ കോപമേറ്റുവാങ്ങിയ പുരാതന സമൂദ് ഗോത്രക്കാർ താമസിച്ചിരുന്ന സ്ഥലമെത്തിയപ്പോൾ തന്റെ അനുചരന്മാരോടായി നബി(സ്വ) ഇപ്രകാരം പറയുകയുണ്ടായി: 'കരയുന്നവരായിക്കൊണ്ടല്ലാതെ ദൈവശിക്ഷക്ക് വിധേയരായ ഇവർക്കരികിലൂടെ നിങ്ങൾ പ്രവേശിക്കരുത്. അവർക്ക് സംഭവിച്ചത് നിങ്ങളെയും ബാധിക്കാതിരിക്കാതിരിക്കട്ടെ'' (ബുഖാരി, മുസ്‌ലിം).

സുഊദി അറേബ്യയിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത പ്രദേശമിന്ന് ലോകപ്രശസ്ത വിനോദ സഞ്ചാര കേന്ദ്രമാണ്. വ്യത്യസ്ത ദേശങ്ങളിൽനിന്നും അവിടെയെത്തുന്നവർ നിരവധിയാണ്. ഇതരമതസ്ഥരും പ്രസ്തുത വചനത്തിൽ നബി(സ്വ)യുടെ നിർദേശം കണക്കിലെടുക്കാൻ ബാധ്യസ്ഥരായ അസംഖ്യം മുസ്‌ലിംകളും അവിടെ സന്ദർശകരായി എത്തുന്നുണ്ട്. പക്ഷെ, 'ജനങ്ങളിലധികപേരും അറിവില്ലാത്താവരാണെ'ന്ന ക്വുർആനിക

> സാക്ഷ്യവാക്യം ചൊല്ലിയവർക്ക് വിശ്വാസപരമായ മേൽവിലാസം നൽകുകയും ചിട്ടയും സമയക്രമവും സമംചേർത്ത കർമസരണി നിശ്ചയിക്കുകയും ചെയ്ത മതമാണ് ഇസ്‌ലാം. മിതത്വം കൈവിടാതെ ജീവിതസന്ധാരണം നടത്തുന്ന വ്യക്തിയുടെ മാനസികോല്ലാസത്തിനും ആഹ്ലാദത്തിനും പക്വതയുടേയും പാകതയുടെയും പരിധി നിശ്ചയിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തോടും അതിലെ സർവ ചരാചരങ്ങളോടും കടപ്പാടും കനിവും കാണിക്കാൻ കൃത്യമായ നിഷ്കർഷയുടെ പാഠങ്ങളാണ് അത് പകർന്നു നൽകുന്നത്. യാത്രകളും യാത്രാമര്യാദകളും എന്തിനേറെ, ദേശാന്തരങ്ങളുടെ അന്യതയിൽ മുസ്‌ലിം ഉരുവിടേണ്ട പ്രത്യേകമായ പ്രാർഥനകൾ പോലും അതിന്റെ അധ്യാപനങ്ങളുടെ ഭാഗമാണ്.

വചനത്തിന്റെ പുലർച്ചയുടെ പ്രതീകങ്ങളാണ് അവരെല്ലാം.

ഇസ്രയേലിനും ജോർദാനുമിടയിൽ സ്ഥിതിചെയ്യുന്ന ചാവുതടാകത്തിന്റെ ജലപ്പരപ്പിൽ പൊങ്ങിക്കിടന്ന് ഉല്ലസിക്കുന്നവരായ മുസ്‌ലിം സഞ്ചാരികൾ ഈ ഗണത്തിൽ പെടുന്നു. ക്വുർആനിക (11:82) ഭാഷ്യമനുസരിച്ച്, ലോകത്താരും മുമ്പെങ്ങും ഏർപ്പെട്ടിട്ടില്ലാത്ത ദുർവൃത്തി ചെയ്തതിനാൽ കീഴ്മേൽ മറിക്കപ്പെട്ട പ്രദേശത്തിന്റെ ജീവിക്കുന്ന നേർസാക്ഷ്യമാണ് ആ തടാകം. ചരിത്രാവശിഷ്ടങ്ങളെ ചികയാനുള്ള പഠനയാത്രകളും ഗവേഷണാത്മക ഭൂഖണ്ഡ സഞ്ചാരങ്ങളുമെല്ലാം ഗൗരവതരവും പ്രയോജനകരവുമാണ്. എങ്കിൽ പോലും ഉപര്യുക്ത നിർദേശത്തെ അവഗണിക്കാതിരിക്കാൻ ഒരു മുസ്‌ലിം ബദ്ധശ്രദ്ധനായിരിക്കണം.

### ഭൂമിയിലൂടെ യാത്രചെയ്യുക

ലക്ഷ്യപൂർണമായ ആത്മീയജീവിതത്തിനായി ഗുണപാഠമേകുന്ന യാത്രകൾക്ക് ഇസ്‌ലാം പ്രോത്സാഹനം നൽകുന്നു. ലക്ഷ്യം മറ്റൊന്നാകരുത്.

''(നബിയേ പറയുക:) 'നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ച് മുൻകാലക്കാരുടെ പര്യവസാനം എപ്രകാരമായിരുന്നെന്ന് നോക്കുക; അവരിൽ അധികവും ബഹുദൈവ വിശ്വാസികളായിരുന്നു'' (ക്വുർആൻ 21:42).

ഏകദൈവ വിശ്വാസം ത്യജിച്ചാൽ ദൈവിക ശിക്ഷക്ക് വിധേയരാവുമെന്ന തിരിച്ചറിവു നൽകുന്ന യാത്രയാണ് സഫലവും പ്രശംസനീയവുമായ യാത്രയായി ഇസ്‌ലാം പഠിപ്പിക്കുന്നത്.

ചുരുക്കത്തിൽ ജീവനോപാധികൾക്കും അനുവദനീയ ലക്ഷ്യങ്ങൾക്കും ആരാധനാസാധ്യത്തിനുമെല്ലാം യാത്രകളാവാം. ദൈവികമായ അതിർവരമ്പുകൾ ലംഘിക്കപ്പെടുന്ന സകല സഞ്ചാരങ്ങളും ഇസ്‌ലാമികമായി നിയന്ത്രിതങ്ങളും വെറുക്കപ്പെട്ടതും കുറ്റകരവുമാണ്. ■



# അടിമയുടെ സാക്ഷ്യം

ഷാനവാസ് കുലുക്കല്ലൂർ

മുഖത്ത് അടിമത്തത്തിന്റെ അടയാളവും
പുറത്ത് ചാട്ടവാറടിയുടെ ചിഹ്നങ്ങളും...
പാഴ്ച്ചേറിൽനിന്ന്
മഹത്ത്വത്തിന്റെ ഉന്നതിയിലേക്ക്
വിരിഞ്ഞുയർന്ന ആമ്പൽപൂവ്,
ചരിത്രത്തിൽ അദ്ദേഹമൊരു അടിമ.
യജമാനന്റെ മർദനങ്ങൾ
ആ കറുത്തമേനിക്കുള്ളിലെ
വെളുത്ത ഹൃദയത്തിലെ
സഹനത്തിന്റെ മാറ്റുരച്ചുനോക്കുന്നു.
ചീറ്റിത്തെറിച്ച രക്തത്തുള്ളികൾ
മണൽത്തരികളിലിറ്റുവീണ്
അവന്റെമേൽ സാക്ഷ്യം വഹിച്ചു.
ഔന്നിത്യത്തിന്റെ കൽപടവിൽ
കയറിനിന്നുരുവിട്ട വാക്യങ്ങൾ
താഴ്‌വരകളിൽ സഞ്ചരിച്ച്
മലമടക്കുകളിൽ പ്രതിധ്വനിച്ചു,
തെരുവുകളതേറ്റുപാടി.



# മിണ്ടരുത് !

സുലൈമാൻ പെരുമുക്ക്

ഈ പുതിയ കാലത്ത്
എല്ലാം കണ്ടില്ലെന്നും
കേട്ടില്ലെന്നും നടിച്ച്
മിണ്ടാതിരിക്കണം!

അതെ,ഇനിയുള്ള കാലം
ഇവിടെ ഇതൊക്കെയാണ്
പുതിയ ശരികളെന്ന്
നേർക്കാഴ്ചകൾ
വിളിച്ചോതുന്നു!

അധികാരത്തെ
അന്ധമായി
അനുസരിക്കുന്ന
പുതിയ ശീലം
പഠിക്കാത്തവർ
ഇനി കുറ്റവാളികളാണ്.

ആരും ഏതു നിമിഷവും
ശിക്ഷിക്കപ്പെടാം!

നേരിയനേരുപോലും
ഉരിയാടരുത് സർ,
ഞാൻ ചെയ്ത
തെറ്റെന്താണെന്നു ചോദിച്ചാൽ
അതു തന്നെ
ഇരട്ടി ശിക്ഷയ്ക്ക്
കാരണമായി മതി...!

ഇനി
കണ്ണും കാതും
വായും മൂടിയിരുന്ന്
വിശ്രമിക്കാം,
അല്ലെങ്കിൽ ഉറങ്ങാം.

തീരെ
സഹിക്കുന്നില്ലെങ്കിൽ
രഹസ്യമായിരുന്നു കരയാം,
അതാണിനി
ഈ പുതിയ കാലത്തെ
വലിയ സ്വാതന്ത്ര്യം!




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244

WhatsApp: 9207525244



WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

ഹുസൈൻ സലഫിയുടെ

**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**

എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന

4 പുസ്തകങ്ങൾ

ഇപ്പോൾ വെറും **500 രൂപക്ക്...!!!**

MERCHANT NAME: WISDOM ISLAMIC ORGANIZATION

UPI ID: WISDOMISLAMICCLT@SBI

SCAN & PAY

BHIM SBI Pay

BHIM UPI


## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO: KL/CT/225/2022-24

Nerpatham Weekly
Published on
2022 FEBRUARY 19

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

To The Right Goal...
Through The Right Path...

# PROFESSIONAL STUDENTS GLOBAL CONFERENCE

26th

WISDOM

# PROFCON

WISDOM students

2022 MARCH
11 | 12 | 13

PERUMPILAVU
THRISSUR

8156 812 292
www.profcon.in

CV Complex , PV Sami Road, Kozhikode
wisdomstudents wisdomglobaltv

For Registration
Scan here